
# വിത്തും വിത്തൗട്ടും

COLLEGE OF HORTICULTURE
LIBRARY
VELLANIKKARA

ഇന്നലെ വരുമെന്നാണ് പറഞ്ഞത്. പക്ഷെ എത്തിയത് ഇന്ന് പതിനൊന്നു മണിക്കാ... "വരൂ ഇരിക്കൂ..." അതിഥികളെ പുറത്തുനിർത്തരുതെന്നല്ലേ പ്രമാണം. "കുടിക്കാൻ ചായയോ കാപ്പിയോ?" പപ്പന് ചായ. അമ്മയ്ക്ക് കാപ്പി. അച്ഛന് ചായ (വിത്തൗട്ട്). വേലക്കാരിക്ക് ഉടനെനിർദ്ദേശം കൊടുത്തു. പത്തു മിനിറ്റിനുള്ളിൽ എല്ലാം മേശയിൽ നിരന്നു. ചൂടുള്ള വെള്ളം. പാൽ. ചായപ്പൊടി. കാപ്പിപ്പൊടി. പഞ്ചസാര. സ്പൂൺ. അരിപ്പ. ഗ്ലാസുകൾ... പപ്പൻ അച്ഛനെനോക്കി. അച്ഛൻ അമ്മയെ നോക്കി. അമ്മ എന്നെയും. പിന്നൊന്നും പറഞ്ഞില്ല. കാർ പോയപ്പോൾ കുറെ കറുത്ത പുക വായിലേക്കു തള്ളിക്കയറി. ചായയും കാപ്പിയും സമാസമം ഇളം മധുരത്തില്...

എല്ലാം നിരത്തിയിട്ടു കാര്യമില്ല. ചൂടുവെള്ളത്തിൽ പൊടിയിട്ട് പാലൊഴിച്ച് പഞ്ചസാരയിട്ടിളക്കി അരിച്ചെടുത്ത് ഗ്ലാസിലാക്കിയാലേ കുടിക്കാൻ പറ്റൂ. വിത്തൗട്ട് ആണെങ്കിൽ പഞ്ചസാര ഒഴിവാക്കണം. ആശയങ്ങൾ മനസ്സിൽ നിന്നു കടലാസിലേക്ക് പകർത്തി തിരുത്തിക്കുറിച്ച് പൊടിപ്പും തൊങ്ങലും ചേർത്താൽ അത് മധുരമുള്ളതാകുന്നു. എന്നാൽ ചിലർക്ക് ഇവയൊന്നുമില്ലാതെ വിത്തൗട്ട് ആണിഷ്ടം. ഇക്കൂട്ടത്തിൽ എല്ലാം ഇഷ്ടപ്പെടുന്നവരും ഉൾപ്പെടുന്നു. ഈ സമാഹാരം വ്യത്യസ്തമായ വായനക്കാരുടെ ഇഷ്ടാനിഷ്ടങ്ങൾക്ക് ഒരു നവ്യാനുഭവമാകട്ടെ എന്ന പ്രതീക്ഷയിൽ മധുരമിട്ടും ഇടാതെയും സമർപ്പിക്കട്ടെ. വായിച്ച് തിരഞ്ഞെടുക്കാം വിത്തും വിത്തൗട്ടും...



KERALA AGRICULTURAL UNIVERSITY
College of Horticulture
VELLANIKKARA

# They are Behind

Staff Editor



Student Editor





Staff Editor : Dr. K Nandini

Student Editor : Akhisha P. A.

Magazine committee : Dhanesh Kumar T. V., Nishidha C.T., Mohammed Shafeeq P. M., Megha L. M., Swaena E., Arun Thazhath, Anirudh K.C., Alan C Antony, Sajay, Keerthana K, Anasooya Sebastian, Radhika R, Ancy U. A., Sameer Muhammed.

Printing : Ebenezer Printers

Periodicity of publication : Annual

Printer's name : Dr. K. Nandini, Professor & Head, Department of Plant Physiology, College of Horticulture, Vellanikkara.

Publisher's name : Akhisha P. A.

Nationality : Indian

Address : Student Editor to the Students'Union 2012-13 College of Horticulture KAU, Vellanikkara, Thrissur.

Published under the authority of the Magazine Committee 2012-13

Declaration.
I, Akhisha P. A. hereby declare that the particulars given above are true to the best of my knowledge and belief..

Sd/-

Akhisha P.A.

## MAGAZINE COMMITTEE



























SPECIAL THANKS TO
Dr. Jagadish Kumar, Godwin Chettan, Aravindettan Mohammed Nisab C.P., Nithin S., Durga P., ........

## ADVERTISEMENT COMMITTEE











# DEDICATION

Dedicating as a gift of love and respect
from the hearts of thankings
to our beloved professors
who just love to remember their retirement days.
Warm and hearty hats off to

Dr. P. K. Valsalakumari, Dr. C. T.Abraham, Dr. P. Ahammed,
Dr. N. C. Nybe and Dr. Sosamma Jacob.















MESSAGE

## Associate Dean & Patron



Dr. P. K. Valsalakumari

The college magazine that we publish under the magazine club of the Students' Union is always a collection of our precious memories that we carry with us even if we are inside or outside the campus. This magazine 'Vithum vithuottum' I hope will be a new gift for those who loved this campus and lived for the same. As the name signifies, the gift is meant for the reading community of the campus and they are given the freedom to choose the ones according to their tastes. Hence I congratulate the Student Editor Ms. Akhisha P.A., the Staff Editor Dr. K Nandini and the crew behind for bringing out such an illustration that adds to the assets of the college.

All the very best....

## MESSAGE
## Associate Dean



### Dr. Koshy Abraham

Every college magazine is a reflection of the past, the present and the future events. This magazine 'vithum vithouttum' is an illustrated version of the fantastic and memorable life in a college campus within the framework of their experiences, thoughts, beliefs, memories, expectations and so on. I heartfully congratulate the team work of the magazine club under the staff editor and student editor in bringing out such an illustration, with all its beauty and goodness. I also hope that the magazine may bring new and new centres of thoughts in horticose community and may be preserved as the rarest factor of a life spent entirely in this beautiful campus.

# MESSAGE

## Associate Patron



## Dr. P. A. Joseph

പോയ വർഷത്തെ ഹോർട്ടിക്കൾച്ചർ കോളജിലെ സംഭവവികാസങ്ങളോടൊപ്പം വിദ്യാർത്ഥികൾ, അദ്ധ്യാപകർ എന്നിവരുടെ സാഹിത്യസൃഷ്ടികളും കൂടി കോർത്തിണക്കി ഉണ്ടാക്കിയ ഓർമ്മ സൂക്ഷിപ്പു ഗ്രന്ഥമാണ് ഈ കോളജ് മാഗസിൻ. മനസ്സ് ഉണർത്താനും ഉയർത്താനും സാഹിത്യസൃഷ്ടികൾക്കുള്ള കഴിവ് അറിവുള്ളതാണല്ലോ. പ്രതികൂല സാഹചര്യങ്ങളും പ്രതിസന്ധികളും നേരിടുമ്പോൾ ചിന്തയ്ക്കോ വിശകലനത്തിനോ മുതിരാതെ അവയിൽനിന്ന് ഒളിച്ചോടുന്ന നമ്മളിൽ ഉന്മേഷമുണർത്താൻ ഹൃദ്യമായ സംഗീതം, സൗഹൃദസംഗമങ്ങൾ, കലാകായിക ആസ്വാദനങ്ങൾ എന്നിവയ്ക്കൊപ്പം സാഹിത്യസൃഷ്ടികൾക്കും കഴിവുണ്ട്.

നല്ല നിലവാരം പുലർത്തുന്ന രീതിയിൽ കോളജ് മാഗസിൻ രൂപകല്പനചെയ്തു പുറത്തിറക്കിയ സ്റ്റുഡന്റ് എഡിറ്റർ കുമാരി അഖിഷ പി.എ.യ്ക്കു പ്രത്യേക അഭിനന്ദനങ്ങൾ. ഇതിന് ഏറെ സഹായിച്ച സ്റ്റാഫ് എഡിറ്റർ ഡോ. കെ. നന്ദിനി, എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ. മാഗസിൻ രൂപകല്പനചെയ്യുന്നതിനും പ്രസിദ്ധീകരിക്കുന്നതിനും അണിയറയിൽനിന്നു സഹായിച്ച മറ്റു വിദ്യാർത്ഥികൾ, ജീവനക്കാർ എന്നിവർക്കും അഭിനന്ദനങ്ങൾ. ഇതിനുവേണ്ട എല്ലാ പ്രോത്സാഹനങ്ങളും സഹകരണങ്ങളും നൽകിയ മുൻ അസ്സോസിയേറ്റ് ഡീൻ ഡോ. പി.കെ. വത്സലകുമാരി, ഇപ്പോഴത്തെ അസ്സോസിയേറ്റ് ഡീൻ ഡോ. കോശി എബ്രഹാം എന്നിവർക്കും അഭിനന്ദനങ്ങൾ.

# MESSAGE
## Staff Editor



### Dr. K. Nandini

ഏറെ തിരക്കുപിടിച്ച പാഠ്യപദ്ധതികൾക്കിടയിലും ചിന്തകളും ആശയങ്ങളും കോർത്തിണക്കിയ ഒരു സ്റ്റുഡന്റ്സ് മാഗസിൻ കൂടി പിറവിയെടുക്കുന്നു. ഒരു മനുഷ്യജന്മത്തിന്റെ പിറവിപോലെത്തന്നെ ആ കലാസൃഷ്ടിക്കു പിന്നിലും ഏറെ ത്യാഗവും യാതനകളുമുണ്ട്. അതെല്ലാം തരണം ചെയ്ത് ഈ 'വിത്തും വിത്തൗട്ടും' പുറത്തിറക്കുന്ന സ്റ്റുഡന്റ് എഡിറ്റർ അഖിഷയ്ക്കും കൂട്ടുകാർക്കും എന്റെ ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ...

എന്നത്തേയുംപോലെ ഇന്നും പകൽ വെളിച്ചമുണ്ട്, രാത്രിയിൽ ഇരുട്ടുണ്ട്, മഴയുണ്ട്, വെയിലുണ്ട്, ഇടിയും മിന്നലും ഉണ്ട് – പക്ഷേ പലതും നമുക്ക് ഇല്ലാതായിക്കൊണ്ടിരിക്കുന്നുമുണ്ട്.

പ്രാണൻ നിലനിർത്താനുള്ള ശുദ്ധവായു, ശുദ്ധമായ വെള്ളം, ഫലസമ്പുഷ്ടമായ മണ്ണ്... അതുപോലെ ജീവിതഗന്ധിയായ മനുഷ്യബന്ധങ്ങൾ... എല്ലാം നമുക്കില്ലാതായിക്കൊണ്ടിരിക്കുന്നു. അതേ, മനുഷ്യന്റെ പ്രവൃത്തിമൂലം പ്രകൃതിയിൽ പലതും 'വിത്തും വിത്തൗട്ടു'മായിക്കൊണ്ടിരിക്കുന്നു...

തികച്ചും കലുഷിതമായ ഒരു വർത്തമാനകാലത്തിൽ ജീവിക്കുമ്പോഴും കലാലയ ജീവിതത്തിന്റെ മിഴിവാർന്ന ശോഭകൾ നഷ്ടപ്പെടാതെ നമുക്കു മുന്നിൽ അഖിഷയും കൂട്ടുകാരും 'ഈ വിത്തും വിത്തൗട്ടും' തുറന്നുവയ്ക്കുന്നു.

ഇതിനുവേണ്ടി സഹകരിച്ച എല്ലാ വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്കും അദ്ധ്യാപക-അനദ്ധ്യാപകർക്കും സ്റ്റാഫ് എഡിറ്റർ എന്ന നിലയിൽ എന്റെ സ്നേഹം നിറഞ്ഞ നന്ദി...



# CONTENTS


അതിഥി An untold truth... 10
Your Smile... 11
मौसम है कुछ नया... 12
Sky is the limit... 13
Life; a boon or curse... 14
ക്ഷണിക്കാതെ വന്നവർ ... 15
ഒറ്റയാൻ ... 16
For a long while... 17
Interview with Director Kamal... 18
Like a Rainbow... 20
Salkkaram... 21
അമരക്കാരൻ Drawing... 23
ഹോർട്ടിക്കോസ്; എന്റെ കോളേജ് ഓഫ് ഹോർട്ടികൾച്ചർ ... 24
Three words of Magic... 26
ജീവിതത്തിന്റെ നേർക്കാഴ്ച ... 27
ഉച്ചി വകുന്തെടുത്ത് പിച്ചിപ്പൂ വച്ച കിളീ ... 29
Drawings... 32
काश ! मैं समर्थ होता !... 33
Sketches of some ordinary people... 34
എന്റെ പ്രണയം... 36
Cartoon... 37
...മ്മടെ തൃശൂർ പൂരം വല്ല്യ സംഭവാ... 38
In Loving Memory... 40
അവളുടെ മനസ്സ്... 41
അന്വേഷി Drawing... 44
ചുട്ടുപൊള്ളൽ... 45
ജീവന്റെ തുടിപ്പുകൾ... 46
सकारात्मक सोच... 48
Our Caste... 49
Drawing... 50
റഫീഖ് അഹമ്മദിന്റെ രചനയിലൂടെ... 51
Nature... 53
കേരളത്തിലെ കൃഷിയിൽ സംഭവിക്കുന്നതെന്ത്?... 54
നരനിൽനിന്നും വാനരനിലേക്ക്... 59
ഇനിയും കഥ തുടരും... 60
നാം എങ്ങോട്ട്... 62
അവശേഷിച്ച വിത്തുകൾ... 63
Yes, we are poor, that doesn't mean we can't... 65
അവശേഷിപ്പ് Drawing... 67
സ്മൃതി... 68
Quotes... 69
ഒന്നിലുമല്ലാത്ത സ്വകാര്യം... 70
കളിയിൽ അല്പം കാര്യം... 71
ഞാൻ അനുഭവിച്ചറിഞ്ഞ 1999 ലെ ഹോസ്റ്റൽ കൊടുങ്കാറ്റ്... 73
പ്രണയം, ഒരു പ്രോജക്റ്റ്... 76
ദൈവത്തിന്റെ കുമ്പസാരം... 77
Memories... 79
Union Report 2012-2013... 80
MH Union Report... 84
LH Union Report... 85
Sports... 89
Winners... 90
Batch Photos... 94
College Photos... 97
College Activities 2014-15... 99














ഇന്നലെകൾ എങ്ങനെയൊക്കെയോ കഴിഞ്ഞുപോയി

ഇന്നിന്റെ നന്മ നാളെയിലാണ്


ഇനി വരാനുള്ളതെല്ലാം അതിഥികളാണ്

ഇതുവരെ വന്നതൊക്കെയും അതിഥികൾ തന്നെ

ഒരുപക്ഷെ,

ഒന്ന് മറ്റൊന്നിന്റെ അതിഥിയായ് മാറുകയാണിവിടെ

# AN UNTOLD TRUTH



*Past was past*
*But you were there*
*Yesterday I knocked at your door*
*But you were not there*
*I enquired to your photograph*
*But it hung dumb*
*I stared on it*
*But it didn't turn up*
*I asked "what was your promise?"*
*It laughed but still silent*
*I realized*
*That I was a toy car*
*Screwed for your fame*
*Still running for you*
*Sacrificing everything I love…*
*Loosing everyone I have*
*But…*
*Still I thank you for everything…*

*voice of the silent*



# your Smile

NADIYA KOLLAKKODAN
NAKSHATHRA' 11



*An unexplained thing of beauty*
*Which has lot to convey...*
*It makes my days beautifully bright*
*Though it lasts only for a while*
*It is like stars in summer night*
*And a lovely tender touch of the day*
*With no words being uttered*
*A lot your smile can say*
*It is like gentle drop of rain*
*Which touches my soul*
*Your smile brings me a spring around*
*With blossoms and sweet fragrance*
*With enormous power and delight*
*It enlightens my face*
*But never your smile must fade*
*And fill my world with joy...*



# मौसम है कुछ नया

ALKA SHERIEF
NAKSHATHRA 11

बादलों से भरी काली घटा दूर जाने लगी।
सूरज की किरणें मुझे चुमने लगी।
फूल हसीन मुस्कान से देखने लगी।
ताज़ा रेश्मी हवा मुझको छूने लगी।
कानों में फ़िज़ायें गूँजने लगी
नीला आकाश चादर बनके मुझे ओडने लगा।
हर काई प्यारा लगने लगा।

जहाँ कहीं देखूँ तो सिर्फ खुशियाँ दिखाई देना लगी।
ऐसा एहसास पहले कभी हुआ नहीं था
ऐसा मौसम पहले कभी आया नहीं था
तुमसे मिलकर पता चला कि
यह मौसम है खुशी का
यह मौसम है प्यार का।

इस मौसम में जीना है मुझे तुम्हारे साथ
हाथों में हाथ मिलाकर, बाहों मे बाहै डालकर
देखना है इस मौसम को
बहना है इस मौसम में
पाना है इस मौसम को हमेशा के लिये
प्यार करना है इस मौसम से और तुमसे।।

# Sky is the limit







*Jaseera : What was your experience when you first came to India?*

*Ahjas : I was really excited when I reached India. But when I landed in Thrissur, I started missing my family and my country.*

*Jaseera : Who was the first malayalee you met?*

*Ahjas : One person I met at the airport. He helped me a lot in understanding more about Kerala. I gave him our Afghan money when we met for the last time and he promised me that he will keep it as long as he is alive. I had a wonderful journey with him.*

*Jaseera : You landed Kerala during our most celebrated traditional festival Onam. What are your memories about that?*

*Ahjas : As I was travelling, one peculiar thing on that day was a tableau in which a lady kneeled over a man with a pointed rod. I was shocked and it was the first time in my life. Still I really liked that amazin150g scene.*

*Jaseera : Ahjas, it is the depiction of a Hindu goddess!! You know our India is a secular country with diverse religions and customs like Hindu, Christian, Muslim, Sikh etc.? Now tell me what you feel about Kerala?*

*Ahjas : Everything I saw here was entirely different from that I have seen in my country. Everything was new to my eyes- trees, nature, language, food, clothing, culture .... amazing..*

*Jaseera : Can you tell me about your country?*

*Ahjas : About my country!! Of course with pleasure. Kabool is our capital city. Our country is the leading producer of fresh fruits and dry fruits. Climate is entirely different from that of Kerala. At present there is snowfall and very cool ambience!! Here I hardly adjust with the climate. Our traditional clothing includes kandehari, a type of cap, coat like wasket and kurtha. Our food includes both vegetarian and non-vegetarian, but our taste differ entirely from that of Kerala. But now I like Kerala food, especially Biriyani.*

*Jaseera : What about your traditional dance forms?*

*Ahjas : There are different types of group dances. Let me mention two of them. One is attan and other is karsak.*

*Jaseera : Now, let's have a talk about your festivals?*

*Ahjas : One of our festivals is similar to your new year, that is 'new raze', the day on which our farmers start cultivation.*

*Jaseera : What is your mother tongue? Can you say something in your language?*

*Ahjas : Pashto is my mother tongue. In my language, 'sta nom sada' means 'what is your name?'*

*Jaseera : Tell us about your family?*

*Ahjas : My father is a lawyer, mother is a homemaker. I have two elder brothers and two elder sisters. I am the youngest member of my family.*

*Jaseera : Thank you Ahjas for your great time.*

*Ahjas : Thank you.*

# life

## a boon or a curse



REMZEENA A.

FALCONS '12



*My peaceful sleep was broken by that sudden jerk.... Slowly I regain my senses.. Oh! Atlast they had thrown me away after stripping and squeezing everything out of me. The thought of them brings a chill to me. It's pitch dark. I am completely blind to what is happening around me.*

*Time passes... There is no sign of them. I wish I could drift back to my sleep and shut away from this world. I tried hard to dream about my mom and those blessed days we spent together. The thought of her makes me feel lost.. tears well in my eyes. Why they destroyed her? When she had become an obstacle in their path? The question echoed inside me. She fed them, profeeded them, her whole life was a sacrifice for their happiness. But in their expedition for exploitation, they forgot everything, they became the assasiners. Still those memories haunt me. I wake in my sleep, streaming.. When they came she was shivering from top to bottom. She could not raise her voice against them nor she could wept.*

*The murderers chopped her limbs and denuded within moments. They don't realize the fact that in their haste to conquer everything they are heading towards their own final breath. I tried to hide from them, but one of those wicked hands stretched towards me... It twisted and tossed me into his mouth. I got crushed in between his teeth. Later he threw me away.*

*I lied on the ground as an abandoned child. Slowly the light started to fade and night fall. My fears were having no limits. There is nothing to comfort me.. nobody to take care of.. I am left alone. Nights became a dreadful dream for me. Often the images of my mom flash in my mind. I in my past, always dreamt, once I will be like her and serve the world. But now I am a useless coward. Twisting and turning in this hard coat. I remain as a ghostly soul in its grave.*

*I retreated more to my solitude. I slept day and night. But around me the nature was in motion. The spring came, the valleys bloomed and the birds sang there, flowers smiled, the fragrant breeze carsed them. It caused small rippled in the gushing streams. This serenity was broken by the invasion of autumn. Summer followed, the world withered under the gasp of the sun. My hopes also started to shatter. Mean time the earth buried me deep in her lap. I think this world will never give me a chance and I will end as an untold story.*

*But as the first drops of rain kissed the earth, everything around me again sprouted to life. A small drop creeps into my hide-out. It's a morning call to me. Everything inside me started to stir. I could wait no more. It's now or never. I have to get out of here. I forced my tiny head through that narrow opening by which the drop found me. I tried hard. The remnants of my mom gave me strength to undergo the transformation. Oh! God, atlast I had made it possible. I could see this enchantingly beautiful world. Even though it sometimes extends its claws and teeth towards us... there are still something, left here, that make the life worthy to live.*

■

# ക്ഷണിക്കാതെ വന്നവർ

ALAN C. ANTONY








ഞാൻ..
ഞാനൊരു നിഴലാണ്
ഞാൻപോലും ക്ഷണിക്കാതെ എന്നിലേക്ക്
കടന്നു വന്ന നിഴൽ
കണ്ണടയ്ക്കുമ്പോഴും കണ്ണ് തുറക്കുമ്പോഴും
ഞാൻ കാണുന്ന കറുത്തിരുണ്ട നിഴൽ
ഇരുട്ടിൽ ഞാനവനെകാണാറില്ല
വെളിച്ചത്തിൽ ഞാനവനെനോക്കാറുമില്ല
പക്ഷേ, ഞാൻ പോലുമറിയാതെ
അവനാണെന്നെ പൂർണ്ണനാക്കുന്നത്
പക്ഷേ പാവം!
ഞാൻ ചെയ്യുന്നതെല്ലാം അവനും
അനുകരിക്കുന്നു
(ഞാനത്ര നല്ലവനാണോ?
ആരെങ്കിലും നല്ലവരാണോ?)
കഷ്ടം!
ഞാനൊരു തീവണ്ടിയാണ്
അവനാകുന്ന പാളത്തിൽ
അവനെപിൻതുടർന്നുപോകുന്ന തീവണ്ടി
ഞങ്ങൾ കടന്നുപോകുമ്പോൾ
ഉയർന്ന ശബ്ദം കേൾക്കാം
ചുറ്റുമുള്ള മതിലുകൾ വിറപൂണ്ടേക്കാം...
ആ... അറിയില്ല
കാരണം അവൻ ഞാൻ തന്നെയാണ്
എന്നെപ്പോലുള്ള മറ്റൊരു ഞാൻ
("എന്നെപ്പോലെ ഞാൻ മാത്രം"
എന്ന വാദം ശരിയല്ല?)
ശരി?
അപ്പോൾ എന്താണ് ശരി?
ഞാനോ അവനോ
ആര് ആരെയാണ് ക്ഷണിക്കേണ്ടത്?
അതെ!
ഞാൻ, ഞാനൊരു നാണമില്ലാത്തവനാണ്
സ്വന്തം നിഴൽ എന്നെ ക്ഷണിച്ചില്ല;
അവനെന്നെ നോക്കുന്നുപോലുമില്ല.
(ആരെങ്കിലും തടസ്സം നിൽക്കുന്നുവോ?)
എന്നിട്ടും ഞാനവന്റെ മുൻപേ കയറി നടക്കുന്നു
ക്ഷണിക്കാതെ കയറിച്ചെന്ന അതിഥിയെപ്പോലെ
നിറഞ്ഞ പീളകൾ മാറ്റി ചുറ്റും നോക്കുമ്പോൾ
നിഴലാകുന്ന ഈ പ്രപഞ്ചത്തിൽ
നാമെല്ലാവരും അതിഥികളാണ്
പ്രപഞ്ചം പോലുമറിയാതെ കടന്നുവന്നവർ...!!



# ഒറ്റയാൻ

പകരു…
ഊഞ്ഞാലാട്ടു…
നിൻ ഭാവഭേദ്യങ്ങളും എന്നാൽ
കാറ്റായ് വന്നു തഴുകി തലോടിയ
സുദിനങ്ങൾ അമന്ത്രിതം അനർഘ
നിമിഷങ്ങൾ പോലവേ
ഈ വാകമരചാവിൽ തനിയെ
നടക്കവേ ഒരു
കിളികൊഞ്ചലെന്തേ കേൾക്കാൻ
മറന്നുപോയ് ചക്രവാളത്തിലെ
കാണാക്കാഴ്ചകളിൽ മനം
എവിടെയോ അയനം കഴിഞ്ഞപോൽ
തോന്നിടും
മാവിലെ തേനൂറും കനിയുടെ
സ്വാദങ്ങാഘോഷമോടവേ
നുണഞ്ഞിരുന്നില്ലേ നാം
മനതാരിലപ്പോഴും നീ
പോയ് മറഞ്ഞതിന് പിന്നെ ഞാൻ
എത്രയോ രാവുകൾ
പകലുകൾക്കന്യനായ്, സ്തബ്ധനായ്
പൂർണ്ണേന്ദു നിന്നെയൊരുനോക്കു
കാണുവാൻ നിന്നിലെ പ്രഭയിൽ ഞാൻ
മുങ്ങിനീരാടുവാൻ കാത്തിരുന്നീട്ടിന്നു
നാളേറെയായി

…ന്നുലകിൽ
…ളിച്ചുപോയ്
…യും തേടുന്നു നിന്നെ
ഞാൻ എങ്ങുപോയ് നീ? എന്റെ
കണ്ണീർപ്പതിച്ചോരി ആഴിയിൽ
മുങ്ങി ഞാൻ ഓർക്കുന്നു സന്ധ്യയിൽ
നാളെയും നിന്നെയേ തേടി ഞാനെത്തിടും
അരുണോദയോടിന്നു
മൊഴിയുന്നതൊന്നുമേ കേൾക്കുവാൻ
നീ മാത്രമില്ലിന്നു പകലിലും
രാവിൻ നിശബ്ദത കേൾക്കുവാൻ നീ
വരും നേരം അങ്ങെവിടെയോ
ആഴിയിൽ മുങ്ങി ഞാൻ മായുന്നു
ഇനിയും വയ്യ! ഈ കണ്ണുപൊത്തിക്കളി
ഈ ജന്മമൊക്കെയും കാത്തിരുന്നേൻ
ഒറ്റയാൻ! കാണില്ലയെങ്കിലും
കാണാക്കിനാവുകൾ തന്നു നീ
മാഞ്ഞുപോം നേരം ഒരു
പിൻവിളിയെങ്കിലും
വെൺമേഘപാളിയിൽ നിൻ
പുഞ്ചിരിയെവിടെയോ
കേൾക്കാമെനിക്കിന്നു കാണില്ലയെങ്കിലും
വിളയാടി ഒടുവിൽ നീ അരികിൽ
വരുന്നതും നോക്കി മിഴിനട്ടു
മാനത്തു ഞാൻ ഒറ്റയാൻ!!




# For a Long while

The sanctic wife of his, queer and depressed
Sitting on the chair, just beside him
Looking keenly on what she had woven before
The incorrigibly wounded prettier threads

He looked her quite kindly with tender devotion
Praising for that aptitude she posses
Her face blushed with rejoice, she then leaned
On her love with a splendid smile

Yeah the couples are facing really a strange plight
The polite man is always wriggling with torments
That the prettier wife gifts him reiterately
But he can't reproach her, scoff or scold her

He incurred her acts and deeds that comes out
Of her unsatiated mind, queer and incredulous
She makes him infuriated, being an unconscious
Fellow many times, madly ridiculate him

After all remorse, in a deplorating manner
Poor girl, mentally ill departing unknowingly
From her magnanimous indulging husband
Not because of her fault, she has got a tumult mind

He patted on her head with much affection and
She seems to be contended
The man dedicated his life for satiating his wife
The only one whom he loves the most

It deems that he worshipped her golden idol
Very much, holds her close to his heart
Trying to refine and refresh her mind and soul
With his slender lovable presence

He hopes for better days of mirths soon
With patience and passion he awaits
His love as it reaches her heart can bring
Splendid streams of joy forever


interview
with
DIRECTOR
KAMAL



# സിനിമയിലെ കമൽ

പ്രശസ്ത ചലച്ചിത്ര സംവിധായകനും തിരക്കഥാകൃത്തുമായ മലയാളത്തിന്റെ സ്വന്തം കമൽ സാറുമായി മാഗസിൻ കമ്മറ്റി അംഗങ്ങൾ നടത്തിയ ഒരു അഭിമുഖത്തിന്റെ ലിഖിതരൂപം. വിനയാന്വിതനായി കോളേജിലേക്കു വന്ന കമൽ സാറിനോടു ചോദിച്ചത് അനേകം കാര്യങ്ങളെക്കുറിച്ചായിരുന്നു. വാക്കുകളിലും ഭാവത്തിലും ആത്മവിശ്വാസം നിറച്ച, ഞങ്ങളെ കൂടുതൽ ചിന്തിപ്പിച്ച ആ അഭിമുഖത്തിന്റെ ഏതാനും ചില ശകലങ്ങളിതാ.

**ഒരുപാട് സിനിമകളെടുത്ത സംവിധായകനെന്ന നിലയിൽ, ഒരു സിനിമ എന്നു പറയുമ്പോൾ അതിന്റെ ഏറ്റവും ബുദ്ധിമുട്ടുള്ള ഘട്ടമേതാണ്?**

ലൊക്കേഷൻ തിരഞ്ഞെടുക്കൽ, സ്ക്രിപ്റ്റ് എഴുതൽ, ഷൂട്ടിംഗ്, സ്ക്രീനിംഗ്, സംഗീതം, എഡിറ്റിംഗ് എന്നിവയെല്ലാം ബുദ്ധിമുട്ടുതന്നെയാണ്. പിന്നെ സാങ്കേതികത കൂടിയപ്പോൾ പ്രശ്നങ്ങൾ പലതും കുറഞ്ഞു. പക്ഷേ സ്ക്രിപ്റ്റ് എഴുത്തിൽ അതൊന്നും പറ്റില്ലല്ലോ. അതുതന്നെയാണ് ഒരു സിനിമയുടെ സത്ത.

**ന്യൂജനറേഷൻ സിനിമകളെക്കുറിച്ചു സാറിന്റെ അഭിപ്രായം?**

ന്യൂജൻ സിനിമ എന്നു പറയുമ്പോൾ..., ജനറേഷൻഗ്യാപ് കാരണം ആളുകളുടെ ചിന്താഗതിയിലും മാറ്റങ്ങളുണ്ടല്ലോ. കാലം മാറുമ്പോൾ അതിനനുസൃതമായ മാറ്റം എല്ലായിടത്തും കാണും. അതിലൊന്നായി ഇതിനെയും കാണുന്നു. പിന്നെ... പ്രേക്ഷകരുടെ താല്പര്യം മാനിച്ച് സിനിമയെടുക്കുന്നത് സംവിധായകന്റെ കഴിവ്, അല്ലെങ്കിൽ ബിസിനസ്സ് ടെക്നിക് എന്നൊക്കെപ്പറയാം.

**പഴയകാലസിനിമയും പുതിയസിനിമകളും തമ്മിലുള്ള വ്യക്തമായ വ്യത്യാസങ്ങൾ വല്ലതും?**

പഴയകാലസിനിമകൾക്ക് ഇന്നത്തേതിനെഅപേക്ഷിച്ച് ഒരു പ്രത്യേക ഭംഗിയുണ്ട്. ഒരു ജീവിതകഥ മുഴുവൻ പകർത്തുകയായിരുന്നു പഴയ സിനിമകളിൽ. പക്ഷെ ന്യൂജൻ സിനിമകൾ ജീവിതത്തിന്റെ ഏതെങ്കിലുമൊരു ചെറിയവശം മാത്രമെടുത്ത് വലുതാക്കി ചിത്രീകരിക്കുന്നു. അതുകൊണ്ടുതന്നെ പഴയകാലസിനിമകളുടെ ലിവിംഗ് ഇഫക്റ്റ് ഇന്നത്തെ സിനിമകളിൽ കാണാൻ കഴിയുന്നില്ല.

**സിനിമയിലേക്ക് കടന്നുവന്നതിൽ കുടുംബത്തിന്റെ സ്വാധീനം?**

ഒരു മുസ്ലീം കുടുംബത്തിൽനിന്നും അക്കാലത്ത് സിനിമയിലേക്ക് വന്നപ്പോൾ ഒരുപാട് എതിർപ്പുകളും വെല്ലുവിളികളും ഉണ്ടായിട്ടുണ്ട്. ഇതിനെയെല്ലാം മറികടക്കാൻ അന്ന് വളരെയധികം പാടുപെട്ടു.

**കൃഷിയുമായുള്ള സാറിന്റെ ബന്ധം?**

വലിയ കാർഷിക പാരമ്പര്യമുള്ള കുടുംബത്തിലാണ് ജനിച്ചത്. വല്ലുപ്പയൊക്കെ വലിയ കർഷകനായിരുന്നു. പക്ഷേ, സത്യം പറഞ്ഞാൽ ഞാൻ കൃഷിയുമായി അടുത്തു നോക്കിയിട്ടില്ല. സമയമില്ലായ്മ ഒരു കാരണമായി എനിക്കു തോന്നുന്നു.

**'പുതുമുഖങ്ങൾ' എന്ന സിനിമയിൽ കാർഷിക സർവ്വകലാശാലയിൽ ചിത്രീകരിച്ച ഒരുപാടു സിനിമകളുണ്ടല്ലോ. താങ്കൾക്ക് സർവകലാശാലയുമായി ഏതെങ്കിലും തരത്തിൽ ബന്ധമുണ്ടോ?**

പണ്ടൊക്കെ പാലക്കാട്ടേക്ക് പോകുമ്പോൾ യൂണിവേഴ്സിറ്റി കവാടം കണ്ട് ക്ഷേത്രമാണെന്ന് കരുതിയിരുന്നു. പിന്നെ യൂണിവേഴ്സിറ്റി ലൈബ്രറിയിൽ 'പുതുമുഖ'ങ്ങൾ ഷൂട്ട് ചെയ്തു. പിന്നെ ഒരിക്കൽ ഹോർട്ടികൾച്ചർ കോളേജിൽ ഒരു സിനിമയ്ക്ക് ലൊക്കേഷൻ ചോദിച്ചപ്പോൾ അധികാരികൾ എതിർക്കുകയായിരുന്നു. ആ സീൻ പിന്നെ തിരുവനന്തപുരത്തെ കോളേജിലാണ് ഷൂട്ട് ചെയ്തത്.

**ഒരു സിനിമയിൽ സംഗീതത്തിനുള്ള പ്രാധാന്യം?**

സംഗീതമില്ലാത്ത സിനിമകൾ ആസ്വാദകരിൽ വിരസതയുളവാക്കും.

**താങ്കളുടെ അടുത്ത ചിത്രം പ്രശസ്ത കഥാകാരി മാധവിക്കുട്ടിയെക്കുറിച്ചാണെന്നറിഞ്ഞു. എന്താണ് ആ ചിത്രത്തെപ്പറ്റി പറയാനുള്ളത്?**

അജ്ഞതയുടെ ഇരുട്ടിൽ കഴിയുന്ന സ്ത്രീകളെ സമൂഹത്തിന്റെ മുൻനിരയിൽ വരാനായി പ്രേരിപ്പിക്കണം. കേരളത്തിലെ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളെ മാധവിക്കുട്ടിയിലൂടെ പ്രേക്ഷകരിലെത്തിക്കാൻ കഴിയുമെന്ന് വിശ്വസിക്കുന്നു. അഭിപ്രായസ്വാതന്ത്ര്യത്തിനു ലിംഗവ്യത്യാസമില്ലെന്ന് എല്ലാവരും തിരിച്ചറിയണം.

**സിനിമയിലേക്കു വരാൻ ആഗ്രഹിക്കുന്നവരോട് എങ്ങനെപ്രതികരിക്കും?**

കഴിവുള്ളവരെ ഒരിക്കലും നിരുത്സാഹപ്പെടുത്തുകയില്ല.

**കാർഷികവിദ്യാർത്ഥികളെന്ന നിലയ്ക്ക് ഞങ്ങളോടെന്തെങ്കിലും സന്ദേശം?**

ജീവിതത്തിൽ വെല്ലുവിളികളെ ധൈര്യപൂർവ്വം നേരിടുക. പ്രശ്നങ്ങളെ അഭിമുഖീകരിക്കാത്തവൻ വായിക്കപ്പെടാത്ത പുസ്തകംപോലെയാണ്.



# like a rainbow

My friend
Like a rainbow you are
The colour of a peacock's neck
The vibrant violet, your talents
Cately indigo, so bold and beautiful
Hey the colour of vast ocean and clear sky,
Is of your iris wishes to see only good and special.
Youthful green, you provoke my desires
So pleasant as the smile of grasses.
Oh yellow, of the kindling fire,
As your lovely speech, is you my orange
For all red, I am a thanker
Why, you white lacks in the rainbow,
True, you the mixture of all colours.
Like the chilly mist
So peace and pure
So calm and kind
Special, as the love you give.




AMRUTHA BABU

# സല്ക്കാരം


അവസാനത്തെ വിരുന്നുകാരനും
പിരിഞ്ഞുപോവുമ്പോൾ
ആളിയനാളങ്ങളൊക്കെയുംകെടുത്തി
ആതിഥേയൻ യാത്രയാവുകയാണ്

ഒഴിച്ച്നല്കിയ
വീഞ്ഞിനു
രക്തച്ചുവയുണ്ടെന്നോ
കഴിച്ചുതീർത്ത
മാംസത്തിനു എന്തിനിത്രമൃദുലതയെന്നോ
ആരുംചോദിച്ചില്ല

പന്തലിനുപുറകിൽ
പടർന്നനിലവിളിക്കാടുകളിൽ
തലകീഴായിക്കിടന്ന
കറുപ്പുടലുകൾ
അയാൾ
നടക്കുന്ന
തെരുവിന് മുകളിലൂടെ
ചിറകടിച്ചു പറന്നു

ആകാശം
പലതുള്ളികളായി
ഭൂമിയെത്തൊട്ടു...

# അമരക്കാരൻ



ചക്രവാള സീമയിൽ നിറഞ്ഞു നിന്നത്
ചരിത്രത്തിന്റെ നെറിക്കേടുകളാണ്
ചോദിച്ചപ്പോൾ അറിഞ്ഞു 'ഇവിടെ ഇങ്ങനെയൊക്കെയാ'
ചിന്താശേഷിയുള്ള താമസക്കാരനാണ് ഞാൻ
ചരിത്രം തിരുത്തിക്കുറിക്കാനുള്ള അമരക്കാരൻ
ഒരുപക്ഷെ,
ഒന്ന് മറ്റൊന്നിനേക്കാൾ മികച്ചതാവുകയാണിവിടെ

MEGHA L.M.



FALCONS 12



*doing what you like is*
# *freedom*

*liking what you do is*
# *happiness*






# " ഹോർട്ടിക്കോസ് "

## എന്റെ കോളേജ് ഓഫ് ഹോർട്ടിക്കൾച്ചർ

*-അനിരുദ്ധ്, അഖില, അപർണ്ണ, ബാസിമ*

കൃഷി... മനുഷ്യനെമനുഷ്യനാക്കിയ കൃഷി. അന്നന്നത്തെ വിശപ്പടക്കാൻ മറ്റേതൊരു മൃഗത്തെയുംപോലെ അലഞ്ഞു നടന്ന ഒരു കാലം. മരം കയറി മാങ്ങ പറിച്ചും, ഓടുന്ന മുയലിനെഎറിഞ്ഞുകൊന്നും, ചോരയൂറുന്ന പച്ചിറച്ചി കടിച്ചുവലിച്ചും, മഴയത്തും കാറ്റിലും ആത്മബലം ഒന്നുകൊണ്ടു മാത്രം പ്രകൃതിയോട് മല്ലിട്ടുനിന്നും കഴിഞ്ഞിരുന്ന ഒരു കാലമുണ്ടായിരുന്നു മനുഷ്യന്. ഇന്നത്തെ നമ്മുടെ ഏറ്റവും വന്യമായ സ്വപ്നങ്ങളിൽ പോലും നാം കാണാത്ത ഒരു കാലം. "എനിക്കു വേണ്ടത് ഞാൻ തന്നെ ഉണ്ടാക്കിയാൽ...??" ഒരുപക്ഷേ, ഈ ചിന്തയാകാം ഇന്ന് ആകാശഗംഗയും കടന്ന് അകലേക്കു പറക്കുന്ന മനുഷ്യന്റെ ചരിത്രത്തിലെ വഴിത്തിരിവ്.


എന്നെ ഞാനാക്കിയ കൃഷി. എന്റെ വർഗ്ഗത്തെ മനുഷ്യനാക്കിയ കൃഷി. വിശക്കുമ്പോൾ എന്നെ ഊട്ടിയും എന്നെ ഉടുപ്പിച്ചും, ദൈവത്തിൽനിന്നും എനിക്കു കിട്ടിയ സംസ്കാരം. ആഗോളസംസ്കാരം - കൃഷി. മാനവികതയുടെ ഈ മാനത്തിൽനിന്നും, ഈ ചിന്താഗതിയിൽനിന്നും ശാസ്ത്രത്തിന്റെ വസ്തുനിഷ്ഠമായ മുഖമാണ് ഇന്നു കൃഷിക്കുള്ളത്. ആ മുഖത്തിന്റെ തേജസ്സ് എന്നിലേക്കാവാഹിക്കാൻ, ആ സൗന്ദര്യത്തിന്റെ എല്ലാ തലങ്ങളും ഒരു ഗീതം പോലെ ആസ്വദിക്കാൻ, അതിനെഅറിയാൻ, എന്റെ കലാലയം. എന്റെ നിലനില്പിന്റെ സങ്കീർണ്ണമായ രഹസ്യങ്ങളും തത്ത്വങ്ങളും ഞാനറിയുന്നതും ഇവിടെ നിന്ന്.

കോൺക്രീറ്റ് കെട്ടിടങ്ങളുടെ ആയുസ്സുകൂട്ടാനുള്ള സങ്കീർണ്ണമായ കണക്കുകളും സാമ്പത്തിക ശാസ്ത്രത്തിന്റെ അലസൻ സിദ്ധാന്തങ്ങളും എന്റെ ചങ്ങാതിമാർ പഠിക്കുമ്പോൾ, മനുഷ്യരാശിയെ ഊട്ടുന്ന ഭൂമാതയെ ആരാധിക്കാൻ, നന്ദിപറഞ്ഞുകൊണ്ടവളുടെ ഉല്പാദനശേഷി വർദ്ധിപ്പിക്കാൻ, ഒരു വൈദ്യനെപ്പോലെ ഓരോ ചെടിയുടെയും മൃദുസ്പർശങ്ങൾ മനസ്സിലാക്കാൻ എന്നെ പഠിപ്പിക്കുന്ന എന്റെ കലാലയം. എന്റെ ഹോർട്ടിക്കൾച്ചർ കോളേജ്.

കേരളത്തിന്റെ കാർഷികക്ഷേത്രം, കോളേജ് ഓഫ് ഹോർട്ടിക്കൾച്ചർ, വെള്ളാനിക്കര 1972 ഒക്ടോബർ മാസം 28-നു സ്ഥാപിതമായി. ശക്തൻ തമ്പുരാന്റെ മണ്ണിൽ പ്രസിദ്ധമായ തൃശൂർ-പാലക്കാട് N.H.47-ലൂടെ യാത്ര ചെയ്യുമ്പോൾ വടക്കുനാഥന്റെ ക്ഷേത്രകവാടം പോലൊന്നു കാണാം. അതാണ് എന്റെ കലാലയത്തിലേക്കുള്ള ആദ്യ കവാടം. ഏക്കറുകണക്കിന് സ്ഥലത്തു വ്യാപിച്ചുകിടക്കുന്ന ഈ കലാലയം കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള 7 കോളേജുകളിൽ, സർവ്വകലാശാല ആസ്ഥാനത്തു സ്ഥിതി ചെയ്യുന്ന ഒരേയൊരു കാർഷിക കോളേജാണ്. 72-കളിൽ മണ്ണുത്തി വെറ്റിനറി കോളേജിന്റെ ഭാഗമായിരുന്ന ഈ കോളേജിൽ അക്കാലത്ത് 20 വിദ്യാർത്ഥികളെ മാത്രം ഉൾക്കൊള്ളിച്ച് B.Sc. Horticulture ആരംഭിച്ചു. 1976-ഓടെ ബിരുദാനന്തര ബിരുദ കോഴ്സുകൾക്കും തുടക്കം കുറിച്ചു. 79-കളിൽ ക്യാംപസിൽ പ്രധാനവിഭാഗങ്ങളിൽ Ph.D. പ്രോഗ്രാമുകൾ ആരംഭിച്ചു. അതിനും രണ്ടു വർഷം മുമ്പാണ് ഈ കലാലയത്തെ വെള്ളാനിക്കരയിലേക്ക് പറിച്ചു നട്ടത്.

നാലുവർഷ ബിരുദപഠനത്തിന് ശരാശരി 240 വിദ്യാർത്ഥികളും, PG, Ph. D. എന്നീ രണ്ടു വിഭാഗങ്ങൾക്കുംകൂടി 200-ൽ താഴെ മാത്രം വിദ്യാർത്ഥികളും മാത്രമാണ് ഇവിടെയുള്ളത്. ഇൻഡ്യൻ കൗൺസിൽ ഓഫ് അഗ്രിക്കൾച്ചറൽ റിസർച്ച് (ICAR) അംഗീകാരമുള്ള ഈ കോളജിൽ അഗ്രോണമി, എന്റമോളജി, അഗ്രിക്കൾച്ചറൽ എഞ്ചിനീയറിംഗ്, സോയിൽ സയൻസ്, പാത്തോളജി, എക്സ്റ്റൻഷൻ, പ്ലാന്റേഷൻ ക്രോപ്സ് & സ്പൈസസ്, ഇക്കണോമിക്സ്, പോമോളജി & ഫ്ളോറിക്കൾച്ചർ, ഹോം സയൻസ്, ഒലറിക്കൾച്ചർ, പ്ലാന്റ് ബ്രീഡിങ് & ജനറ്റിക്സ്, പ്രോസസിംഗ് ടെക്നോളജി, ഫിസിക്കൽ എജ്യുക്കേഷൻ, ഫിസിയോളജി, സ്റ്റാറ്റിസ്റ്റിക്സ് എന്നിങ്ങനെ18 ഡിപ്പാർട്ട്മെന്റുകളാണുള്ളത്, എട്ടോളം All India Coordinated Research Project (AICRP) കളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. ICAR ന്റെ പ്രത്യേക പരിഗണനയും ക്യാംപസസിന്റെ ശിരസ്സ് ഉയർത്തിപ്പിടിക്കുന്നു.

കുട്ടികളെ നല്ല പൗരന്മാരാക്കി മാറ്റുന്നതിൽ പരസ്പരം മത്സരിക്കുന്ന, തന്റെ അറിവ് മുഴുവനും തന്റെ വിദ്യാർത്ഥികൾക്കു പകർന്നു നൽകണമെന്ന വാശിയുള്ള ഒരുപറ്റം അദ്ധ്യാപകർ. അവർക്കായി എന്തും ചെയ്യാൻ തയ്യാറായവർ. പല സർക്കാർ കോളേജുകൾക്കും കിട്ടാത്ത ഈ ഒരു



സൗഭാഗ്യം ക[illegible]ട്ടിയിലെ കലാലയ ജീവിതത്തിന് ഇരട്ടി മധുരം.

28,300 ഓളം പുസ്തകങ്ങൾകൊണ്ടു സമ്പന്നമായ കോളേജ് ലൈബ്രറി ഹോർട്ടിയുടെ സ്വകാര്യ അഹങ്കാരങ്ങളിലൊന്നാണ്. പുതിയ പുതിയ പുസ്തകങ്ങളെയും കാത്തിരിക്കുന്ന വിദ്യാർത്ഥികളുടെ മുന്നിലേക്ക് പതിനായിരക്കണക്കിന് പുസ്തകങ്ങളുമായാണ് ഓരോ വർഷവും ലൈബ്രേറിയൻ ദേശീയ പുസ്തകോത്സവം കൊണ്ടുവരാറ്. LCD Projector, Microphone തുടങ്ങി WIFI അടക്കമുള്ള നൂതനസൗകര്യങ്ങളെല്ലാം ലഭ്യമാക്കി രണ്ടു ബ്ലോക്കുകളിലായാണ് കോളേജിലെ ക്ലാസ് മുറികളും ലബോറട്ടറികളും സജ്ജീകരിച്ചിരിക്കുന്നത്. കാര്യക്ഷമമായ പ്രവർത്തനം കൊണ്ട് പേരെടുത്ത അക്കാദമിക് സെൽ, സ്വാദിഷ്ടമായ ഭക്ഷണത്തിന്റെ രുചി നുകരാനും, തോളുരുമ്മിയിരുന്ന് സൗഹൃദവും മധുരപ്രതീക്ഷകളുമെല്ലാം പങ്കുവെയ്ക്കാൻ പാകമായ 'സൽക്കാര' യെന്ന കോളേജ് കാന്റീൻ, കംപ്യൂട്ടർ സെന്റർ, കർഷകവിശ്രമ മന്ദിരം തുടങ്ങിയവയെല്ലാം ഹോർട്ടിയുടെ സമ്പത്തുകളാണ്. അതുകൂടാതെ നാലു വനിതാ ഹോസ്റ്റലുകളും ഒരു മെൻസ് ഹോസ്റ്റലുമടക്കം 5 ഹോസ്റ്റലുകൾ കോളേജിനുണ്ട്. ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള ഒട്ടനവധി വിദ്യാർത്ഥികൾ പഠിക്കുന്ന ഈ കോളേജ് മറ്റേതു സർക്കാർ കോളേജിനേക്കാളും ഒരുപടി മുന്നിലാണെന്ന സത്യം പറയാതെ വയ്യ.

നീല പതാക വാനിലുയരുമ്പോൾ ഹോർട്ടിയുടെ ചുവരുകൾക്കിടയിൽ മുഴങ്ങിക്കേൾക്കുന്നത് വിദ്യാർത്ഥികളുടെ ആവേശമായ, ഒരുപക്ഷേ അവരുടെ അവകാശമായ വിദ്യാർത്ഥിയൂണിയന്റെ അലയൊലിയാണ്. മുദ്രാവാക്യങ്ങളും ആപ്തവാക്യങ്ങളും മാതൃകാപരമായി പ്രതിധ്വനിക്കുമ്പോൾ ഹോർട്ടിക്കോസ് സാധാരണ വിദ്യാർത്ഥി യൂണിയനിൽനിന്നും വിദ്യാർത്ഥിരാഷ്ട്രീയത്തിൽനിന്നും വ്യത്യസ്തനാകുന്നു. ആർട്സ് ക്ലബ്ബ്, സ്പോർട്സ് ക്ലബ്ബ്, മാഗസിൻ ക്ലബ്ബ്, സോഷ്യൽ സർവ്വീസ് ലീഗ്, പ്ലാനിങ് ഫോറം, ക്വിസ് ക്ലബ്ബ്, എൻവിറോൺമെന്റ് ക്ലബ്ബ്, എൻ.എസ്.എസ്. എന്നിവയുടെ കൃത്യവും സുസ്ഥിരവുമായ പ്രവർത്തനത്തിന്റെ ഫലമായി വർഷംതോറും ഇവിടെ ഇന്റർക്ലാസ് ആർട്സ് ഫെസ്റ്റിവൽ, ക്വിസ്, സെമിനാറുകൾ, ചുമർ മാഗസിൻ പ്രകാശനം, കയ്യെഴുത്തു മാസിക, കോളേജ് മാഗസിൻ, സ്പോർട്സ് മീറ്റ്, ഫുഡ് ഫെസ്റ്റ് എന്നിവയെല്ലാം നടത്തപ്പെടുന്നു. പാഠ്യപാഠ്യേതര രംഗങ്ങളിൽ സർവ്വകലാശാലയിലെ മറ്റേതു കോളേജുകൾക്കും കടുത്ത പ്രതിയോഗിയാണ് കോളേജ് ഓഫ് ഹോർട്ടിക്കൾച്ചർ.

സമ്പന്നമായ പൂർവ്വവിദ്യാർത്ഥി നിര കലാലയത്തിന്റെ മുതൽക്കൂട്ടാണ്. സമൂഹത്തിന്റെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന ഒട്ടനവധി പ്രഗത്ഭവ്യക്തികളെ വാർത്തെടുക്കുന്നതിൽ ഹോർട്ടിക്കൾച്ചർ കോളേജ് നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുണ്ട്. IAS, IFS സീനിയർ ഉദ്യോഗസ്ഥർ, ഗസറ്റഡ് റാങ്കിലുള്ള കൃഷി ഓഫീസർമാർ, കലാ-സാംസ്കാരിക-സാമൂഹ്യമേഖലയിലെ പ്രഗത്ഭർ എന്നിവരെല്ലാം അവരിൽ ഉൾപ്പെടുന്നു.

ചുറ്റിനും തെങ്ങും, നെല്ലും, പൂങ്കാവനങ്ങളും, ഇഞ്ചിയും, ജാതിയുമെല്ലാം മകരമാസത്തിന്റെ വശ്യതയിൽ അലസരായി നിൽക്കുന്നു. അവയെല്ലാം എന്റെ ക്ലാസ് മുറികളാണ്. ഒരു കുട്ടിയെപ്പോലെ പാടത്ത് ചേറിൽ ഉരുണ്ടുകളിക്കുമ്പോൾ, അതന്റെ പഠനത്തിന്റെ ഭാഗമാണ്. 'ഷൂസും ഗ്ലൗസും ധരിച്ചുമാത്രം പ്രവേശിക്കുക' എന്നെഴുതിയ ലാബുകൾ കണ്ട് മടുത്ത ഈ കാലത്ത് ചെരിപ്പൂരി, കൈക്കോട്ടെടുത്ത് പാടത്തും തൊടിയിലും പ്രാക്ടിക്കൽ ക്ലാസുകൾ. വളരെ ചുരുക്കം പേർക്കു മാത്രം കിട്ടുന്ന സൗഭാഗ്യം. പഠിച്ചിറങ്ങുന്നത് ഒരുപറ്റം യന്ത്രങ്ങളുടെയും ഒരിക്കലും തളരാത്ത കംപ്യൂട്ടറിന്റെയും മുന്നിലേക്കല്ല, ഭൂമാതാവിനെസേവിക്കാനാണ്, കൃഷിയിടങ്ങളിലേക്കാണ് എന്ന നിർവൃതി. ആദ്യവർഷത്തിന്റെ അലസതയിൽനിന്നും തുടങ്ങി, അടിസ്ഥാനവും യുക്തിയുമില്ലാതെ, പ്രതികരിക്കാനാവാതെ കണ്ടുനിന്ന കാഴ്ചകൾ പിന്നീട് എന്റെ കർത്തവ്യങ്ങളാകുമ്പോൾ, അതിന്റെ അടിസ്ഥാനമെന്തെന്നു തിരിച്ചറിയുമ്പോൾ, ആത്മാഭിമാനം തോന്നുന്നു.

ടീച്ചർ ക്ലാസിലേക്കു പോകുന്നതും നോക്കി ചായഗ്ലാസിലെ ആവിയുടെ അലസതയിൽ ഇരിക്കുമ്പോൾ... മകരമാസത്തിന്റെ മഞ്ഞുനിറഞ്ഞ സന്ധ്യയിൽ ഗുൽമോഹർപ്പൂക്കൾ വീണ ഈ പാതയിൽ നടക്കുമ്പോൾ... കലാമാമാങ്കത്തിന്റെ മത്ത് തലയ്ക്കു പിടിക്കുമ്പോൾ... ഞാൻ പ്രണയിച്ചു പോകുന്നു, എന്റെ ഹോർട്ടിയെ... 'ഹോർട്ടിക്കോസിനെ...'.

# THREE WORDS OF MAGIC

MANISHA ELZA JACOB
NAKSHATHRA' 11



Your grinning smile, your shining eyes
The gust of wind that rustled my heart
Like a flower bud was I
Meant to bloom into the sunshine
The rays of it, that touched my heart
The warmth of it, which kissed my soul
I tried to fly, I flapped my wings
You pulled me back and didn't let go
Held was I, within the bars of that cage
Forever there will I stay,
In your heart, that's now mine
The whole of mine is solely yours
And the soul I love is only you
I missed you hard, I fought my tears
My bed was soaked with tear welled eyes
I waited long with sleepless nights
The crave for you, spread wild through veins
My skin turned pale, my mind grew numb
All the doors I closed, with shattered hopes
A day came soon, with bright sunshine
A knock at the door with sunshine smile
That crooked smile, those open arms
Those deep black eyes, poused its heart out
Lips of him, uttered the magic words,
Words that her ears had longed to hear.
Day changed, the weather changed, and it rained.
Love was in the air
The rainy day saw the rosy girl bloom
With a shy smile and blushy cheeks,
She replied " Love you too..."

# ജീവിതത്തിന്റെ നേർക്കാഴ്ച



JASMINE THOMAS



AAGNEYA' 13

ഒരു വടക്കേ ഇന്ത്യൻ യാത്രയിൽ കാണാനിടവന്ന ജീവിതാനുഭവങ്ങൾ മലയാളിയുടെ ജീവിതസങ്കല്പങ്ങളെ തകിടം മറിക്കുന്നതാണ്. വരണ്ടുണങ്ങിയ ഭൂമി, നോക്കെത്താ ദൂരത്തോളം പരന്നുകിടക്കുന്ന തരിശുനിലങ്ങൾ, സൂര്യന്റെ ചൂടേറ്റു തളർന്ന വൃക്ഷങ്ങൾ, പുല്ലുമേഞ്ഞ കുടിലുകൾ, കഠിനപ്രകൃതിയോട് മല്ലിട്ടു ജീവിക്കുന്ന ഒരു സമൂഹം. ഒരു പാത്രം ജലത്തിനുവേണ്ടി ദൂരങ്ങൾ താണ്ടി നടന്നു തളർന്ന സ്ത്രീകൾ. അടിസ്ഥാനസൗകര്യങ്ങളോ, വികസനമോ എത്തിനോക്കാത്ത ഗ്രാമങ്ങൾ. മനുഷ്യനായി പിറന്നു പോയതിന്റെ ദുഃഖഭാരവും പേറി ജീവിക്കാൻ വിധിക്കപ്പെട്ട ഒരു വലിയ സമൂഹത്തിന്റെ ജീവിതത്തിന്റെ നേർക്കാഴ്ച.

സ്വാതന്ത്ര്യം നേടി അര നൂറ്റാണ്ടു കഴിഞ്ഞിട്ടും പാവപ്പെട്ട മനുഷ്യർ ഇന്നും ദുരിതങ്ങളുടെ കര കാണാ കടലിൽ തന്നെ! സാങ്കേതിക തികവിലും, സാമ്പത്തിക വളർച്ചയിലും ഊറ്റം കൊള്ളുന്നു

നമ്മുടെ നേതൃത്വം. ഇരുട്ടുകാലത്തെ പ്രഭാതങ്ങളിൽ, തണുത്തുറയുന്ന മഞ്ഞുകാലത്തും വയലിൽ പണിയെടുക്കുന്ന കറുത്ത മനുഷ്യർ! മരച്ചുവട്ടിൽ അന്തിയുറങ്ങിയും കടുത്ത ദാരിദ്ര്യത്തിലും ജീവിതത്തിന്റെ പ്രതീക്ഷ കൈവെടിയാതെ, നല്ലൊരു നാളയെ സ്വപ്നം കാണുന്നവർ. പിറന്നു വീണ മണ്ണിനപ്പുറം മറ്റൊരു ലോകമില്ലെന്നു വിശ്വസിക്കുന്നവർ. നിരക്ഷരരും ദരിദ്രരുമായവർ. ചൂഷണങ്ങളുടെയും കബളിപ്പിക്കപ്പെടലിന്റെയും ഇരകൾ.

'ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിലാണ്' എന്നു പറഞ്ഞ ഗാന്ധിജിയുടെ ഇന്ത്യയിന്ന് എവിടെ? കറുത്ത പന്നിക്കൂട്ടങ്ങൾ മേഞ്ഞു നടക്കുന്ന റെയിൽവേ സ്റ്റേഷൻ. അവയോടൊപ്പം എച്ചിൽ കുനകൾ പരതുന്ന ദരിദ്ര ബാല്യങ്ങൾ. അവരുടെ നിറം മങ്ങിയ കണ്ണുകളിൽ ഒരു ജന്മത്തിന്റെ ദുഃഖം മുഴുവനുമുണ്ട്. അറിവിന്റെ ആദ്യാക്ഷരങ്ങൾ കോറിയിടേണ്ട അവരുടെ കൈകളിലാകെ കരി പുരണ്ടിരിക്കുന്നു. ചാണകം മണക്കുന്ന തെരുവുകളിൽ മൃഗങ്ങളും മനുഷ്യരും ഒരുപോലെ. റോഡിനു നടുവിൽ വിശ്രമിക്കുന്ന രണ്ടു പശുക്കൾ. രാത്രി തിരക്കാർന്ന ആ റെയിൽവേ സ്റ്റേഷൻ. എപ്പോഴോ വരുന്ന വണ്ടിക്കുവേണ്ടി കാത്തിരിക്കുന്നവർ. ഒരു പക്ഷേ രാത്രിയിലെ അഭയസങ്കേതമായിരിക്കാം ഇത്. മഴയിൽനിന്നും മഞ്ഞിൽനിന്നും അഭയമരുളുന്ന വീടില്ലാത്തവരുടെ സങ്കേതം. സന്യാസികളും, കള്ളന്മാരും, ഭ്രാന്തന്മാരും ഒരേപോലെ ഉറങ്ങുന്ന സ്റ്റേഷൻ. ഒരു നേരത്തെ ആഹാരത്തിനു വേണ്ടി ചെറിയ കൂലിക്കു രണ്ടും മൂന്നും പേരെ കയറ്റി ആയാസപ്പെട്ടു സൈക്കിൾ റിക്ഷ ചവിട്ടുന്ന എത്ര പേരാണ് ഈ നഗരത്തിൽ! ദൈവസൃഷ്ടിയുടെ ഏറ്റവും ശ്രേഷ്ഠമാകേണ്ട മനുഷ്യജീവിതങ്ങൾ തെരുവിൽ മനുഷ്യനെചുമക്കുന്നു. അങ്ങകലെ ഒരു നാടോടി അമ്മയും അവളുടെ മൂന്നു മക്കളും. ഏറ്റവും ചെറിയ കുട്ടി വിശന്നു കരയുന്നുണ്ട്. മറ്റുള്ളവർ കീറച്ചാക്കിൽ തളർന്നുറങ്ങുന്നു. തകര പാത്രത്തിലെ ഉണങ്ങിയ റൊട്ടിത്തുണ്ടുകൾ കരയുന്ന അവന്റെ വായിൽ വെച്ചുകൊടുക്കുമ്പോൾ അമ്മയുടെ കണ്ണുകൾ നിറഞ്ഞൊഴുകുന്നത് എന്തിനാണ്? പിന്നെ ചാക്കിന്റെ ഇത്തിരി ഇടത്തിൽ ദാരിദ്ര്യത്തിന്റെ ആൾരൂപങ്ങൾ ചുരുണ്ടുകൂടി. എത്ര വേഗമാണ് നിദ്ര അവരെ തലോടിയത്. നാളെയെപ്പറ്റിയുള്ള വിഹ്വലതകളോ, ആശങ്കകളോഅവരെ അലട്ടുന്നില്ല. ഒരു ദിവസത്തിന്റെ അലച്ചിലുകളോ സങ്കടങ്ങളോ അവരോർക്കുന്നില്ല. എന്നിട്ടും തളർന്നുറങ്ങുന്ന ഈ കുഞ്ഞുങ്ങൾ നിഷ്കളങ്കമായി ചിരിക്കുന്നു.

സുഖനിദ്ര പ്രദാനം ചെയ്യുന്ന 'സുനിദ്ര' കിടക്കയിൽ ഉറക്കത്തെ തേടി അലയുകയാണ് നമ്മൾ. ഒരു പാവം കോടീശ്വരൻ എഴുന്നൂറു കോടിയുടെ വീടു പണിതു എന്നു കേൾക്കുമ്പോൾ നമുക്ക് ടെൻഷൻ. അതെങ്ങനെയുണ്ടാവും എന്ന് ഓർമ്മിച്ചാൽ മതി. മനുഷ്യന്റെ ശ്രേഷ്ഠതയെ പണത്തിന്റെ അളവുകോൽകൊണ്ട് അളക്കുന്ന നമ്മൾ, വെറുമൊരു ശ്വാസത്തിന്റെ ബലത്തിൽ ഉറങ്ങുന്ന കോടീശ്വരനും അതേ ശ്വാസംകൊണ്ടു ജീവിക്കുന്ന ദരിദ്രനും, അതു നിന്നുപോയാൽ രണ്ടുകൂട്ടർക്കും പൊതുവായ പേര് ശവം എന്നു തന്നെ. ജീവിതത്തെ അർത്ഥപൂർണ്ണമാക്കുന്ന സ്നേഹബന്ധങ്ങളെ കാറ്റിൽ പറത്തിക്കൊണ്ട് സുഖഗോപുരങ്ങൾ കീഴടക്കാൻ ഓടിക്കൊണ്ടിരിക്കുന്ന മനുഷ്യൻ! ഈ ഓട്ടത്തിനിടയിൽ കൂടെയുള്ള സഹോദരന്റെ കാലിടറിയാൽ അവനെസഹായിക്കാനുള്ള മനസ്സ് നമുക്കുണ്ടാകട്ടെ. ഇല്ലായ്മയെ പറ്റിമാത്രം ചിന്തിക്കാതെ ഉള്ളതിനെഫലപ്രദമായി ഉപയോഗിക്കാൻ സാധിക്കുമ്പോഴാണ് നമ്മുടെ ജീവിതം പ്രകാശപൂർണ്ണമാകുന്നത്.

■





Dr. SAJI GOMEZ
DEPT. OF PROCESSING TECH.

# ഉച്ചി വകുന്നെടുത്ത്, പിച്ചിപ്പൂ വച്ച കിളി...

മഴ തിമിർത്തു പെയ്യുകയാണ്. പതിവിലും നീണ്ട വേനലിനുശേഷം ആർത്തലച്ചു വരുന്ന മഴ... മണ്ണിന്റെ മണമുള്ള മഴ... കോളേജിലെ ആദ്യ സെമസ്റ്ററിൽ മൈക്രോബയോളജി പഠിപ്പിച്ച, മാർക്കിടുന്നതിൽ കണിശത കാട്ടിയിരുന്ന ഡോ[illegible]എം.കെ. നായരുടെ വാക്കുകൾ ഓർമ്മ വന്നു - "പുതുമഴ പെയ്യുമ്പോഴുള്ള മണ്ണിന്റെ മണം ആക്ടിനോമൈസീറ്റ്സ് പുറപ്പെടുവിക്കുന്നതാണ്." മഴ ഒരു ഹരം തന്നെയാണ്. ഒരിക്കൽ മഴയുടെ വിവിധ ഭാവങ്ങളെക്കുറിച്ചു വാചാലനായപ്പോൾ, നിസ്സംഗതയോടെ ദിലിൻ മാത്യു ഉരുവിട്ട വാക്കുകൾ ഓർത്തുപോയി - "മഴ വരുമ്പോൾ ഒപ്പം ദുഃഖവും കൂട്ടിനുണ്ടാവും." ചിന്തകൾക്കു തടയിട്ടുകൊണ്ട് പൊടുന്നനെയുള്ള ഫോൺ ശബ്ദം. ഒട്ടും പരിചിതമല്ലാത്ത നമ്പരാണ് കാണുന്നത്. ആരായിരിക്കും...?

"ഹരീ, ഞാൻ വിമിതയാണ്. ലണ്ടനിന്നാണ് വിളിക്കുന്നത്." നാലു വർഷം ഒപ്പമുണ്ടായിരുന്ന സഹപാഠി. അധികം ഇംഗ്ലിഷും, മേമ്പൊടിയായി കുറച്ച് മലയാളവും എന്ന രീതിയിൽ സംസാരിച്ചിരുന്ന, എപ്പോഴും 'സ്റ്റൈലിഷ്' ആകാൻ ശ്രമിച്ചിരുന്ന വിമിത എസ്. നായർ. 'അവൾ ചിന്തിക്കുന്നതു പോലും ഇംഗ്ലീഷിലായിരിക്കും' എന്നു സരസമായി മൊഴിഞ്ഞ, പക്വതയുടെ ആൾരൂപമായ അഖിൽ കുരുവിളയുടെ വാക്കുകൾ കേട്ട് ചിരിച്ചതും, 'ചിന്തയ്ക്കും ഭാഷയുണ്ടാവുമോ?' എന്ന തന്റെ ചോദ്യത്തിന് തെറിയഭിഷേകത്താൽ മറുപടി തന്ന രങ്കൻ ബി.യും മനസ്സിലൂടെ കടന്നു പോയി.

"എനിക്കറിയാം, നീ പഴയ കാര്യങ്ങൾ ഓർക്കുകയാണ്. എന്റെ '[illegible]ബ്ബി' ഇവടെ സോഫ്റ്റ് വെയർ എഞ്ചിനായറാണ്. ഞാനിവിടെ മക്കളെയും നോക്കി ഒരു 'ഐഡിയൽ ഹോം മേക്കർ' ആകാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. എടാ, ഞാൻ വിളിച്ചത് ഒരു കാര്യം പറയാനാ. നമ്മൾ ക്യാംപസിന്റെ പടിയിറങ്ങിയിട്ട് പതിനഞ്ചു വർഷമായി. ഒരു കൂടിച്ചേരലൊക്കെ വേണ്ടേ?' അവൾ ചോദിച്ചു. പെട്ടെന്ന് ഒന്നും പറയാൻ കഴിഞ്ഞില്ല. നിശബ്ദത ദീർഘിച്ചതുകൊണ്ടാവാം, അവൾ വീണ്ടും സംസാരിച്ചു തുടങ്ങി.

"നീയെന്താ ഒന്നും മിണ്ടാത്തത്? എന്തൊക്കെ സുഖസൗകര്യങ്ങൾ ഉണ്ടെങ്കിലും, നാടും വീടും വിട്ടുള്ള ഈ പ്രവാസി ജീവിതം ഒരു ഒറ്റപ്പെടലാണ്. പഴയതെല്ലാം മനസ്സിൽ തികട്ടി വരും. എല്ലാവരെയും ഒന്നുകൂടി കാണാൻ, കുറച്ചുനേരം ഒരുമിച്ച് ചിലവഴിക്കാൻ കൊതിയാവുന്നു."
അതിശയിച്ചുപോയി. ഒഴുക്കോടെ അവൾ നല്ല മലയാളം സംസാരിച്ചപ്പോൾ! പക്ഷേ, പെട്ടെന്ന് അവൾ വീണ്ടും...

"യൂ നോ? ഇറ്റ്സ് എ വെരി ഡീപ് ആന്റ് ഇന്റൺസ് ഫീലിംഗ്. അത്രയ്ക്കു അറ്റാച്ച്ഡ് ആയിരുന്നല്ലോ നമ്മളൊക്കെ?"
"ഈ അറ്റാച്ചുമെന്റിന് ആത്മാർത്ഥതയുണ്ടായിരുന്നോ?", മനസ്സിൽ തികട്ടി വന്നത് ചോദിക്കാതിരിക്കാൻ കഴിഞ്ഞില്ല. ഒരു നിമിഷം ആലോചിച്ചുപോയി. എന്തായിരുന്നു എല്ലാവർക്കുമുണ്ടായിരുന്ന സമാനത? അതെ, അതുതന്നെ - വൈരുദ്ധ്യം. രൂപത്തിലും ഭാവത്തിലും ബന്ധങ്ങളിലുമൊക്കെ പുലർത്തിയ വൈരുദ്ധ്യം. കൂട്ടം തെറ്റി വന്ന് കൂട്ടുകൂടിയപോലെ കുറെ മനുഷ്യർ.

"ഇത്രവർഷങ്ങൾക്കു ശേഷവും നീ മാറിയിട്ടില്ല. ഒരുതരം ഇൻഡിഫറന്റ് ആന്റ് ഇൻസെൻസിറ്റീവ് ആറ്റിറ്റ്യൂഡ്. നിനക്ക് ഇഷ്ടമില്ലെങ്കിൽ നീ വരണ്ട. മറ്റുള്ളവരുടെ ഫീലിംഗ്സിനു വില കല്പിക്കാത്തവൻ."

പെട്ടെന്നു സംഭാഷണം നിലച്ചു. ശബ്ദത്തിൽ ദേഷ്യം നിഴലിച്ചത് തിരിച്ചറിയാനായി. അങ്ങനെപറഞ്ഞത് ശരിയായോ? കുഴിച്ചുമൂടാൻ ശ്രമിക്കുമ്പോഴൊക്കെ പൂർവ്വാധികം ശക്തിയോടെ പുനർജ്ജനിക്കുന്ന ആ 'ഇൻഡിഫറന്റ് ആന്റ് ഇൻസെൻസിറ്റീവ് ആറ്റിറ്റ്യൂഡി'നെഒരു നിമിഷം ശപിച്ചു. കാതങ്ങൾക്കകലെനിന്നും വർഷങ്ങൾക്കുശേഷം വിളിച്ച സഹപാഠിയോട് പരുഷമായി സംസാരിക്കാനിടയായ ആ നിമിഷത്തെ വീണ്ടും ശപിച്ചു. ആ കാലഘട്ടം

വീണ്ടും മനസ്സിൽ കടന്നുവരുന്നു. ആകാംക്ഷയും ഉത്കണ്ഠയും വാനോളം ഉയർന്ന ആ ദിവസം - മെഡിക്കൽ പ്രവേശനഫലം വന്ന ദിവസം - കാർഷിക ശാസ്ത്രം പഠിക്കാനാണ് തലവരയെന്നറിഞ്ഞപ്പോൾ നിരാശ ഒട്ടും തോന്നിയില്ല. മനുഷ്യശരീരം കീറിമുറിക്കുന്നതിനേക്കാൾ, ചെടികളുടെ സ്പർശനമാണ് നല്ലതെന്നു ആശ്വസിച്ചു. റാഗിംഗിന്റെ ഭീകരതയും, പുതിയൊരു വഴിത്തിരിവിലെത്തി നിൽക്കുന്ന ജീവിതത്തെയും അമ്പരപ്പോടെ കണ്ട ദിവസം - ഹരിതാഭമായ, മനോഹരമായ സൗധങ്ങൾ തലയെടുപ്പോടെ നിൽക്കുന്ന ആ ക്യാംപസിൽ പ്രവേശിച്ചതും - സഹപാഠികളായ വിദ്യാർത്ഥിനികളെല്ലാം സാരിയണിഞ്ഞിരുന്നത് കണ്ട് ആശ്ചര്യപ്പെട്ടത്, നിർവ്വികാരനായ, പതിഞ്ഞ ശബ്ദത്തിൽ സംസാരിച്ച 'സ്റ്റീവാർഡ്' ഹോസ്റ്റൽ മുറിയിലാക്കിയത് - 'സ്റ്റീവാർഡി'ന്റെ അർത്ഥം അന്വേഷിച്ചപ്പോൾ ആർക്കുമറിയില്ലായിരുന്നു - വിമിത എസ്. നായർ പോലും പറഞ്ഞത്, 'വൈ ഡോൺട് യു ആസ്ക് സംവൺ എൽസ്' എന്നായിരുന്നു. പിന്നെ ആ ജിജ്ഞാസയ്ക്കു താഴിട്ടു പൂട്ടി. ഫോർട്ട് കൊച്ചിക്കാരനും, ആംഗ്ലോ ഇൻഡ്യൻ വംശജനുമായ ലെയ്ട്ടൺ പാദുവയോടൊപ്പം ഹോസ്റ്റലിൽ ചേക്കേറിയതിന്റെ രണ്ടാം നാളിലുണ്ടായ സംഭവം - അതൊരിക്കലും മറക്കാനാവില്ല! ഉറങ്ങുന്നതിനു മുമ്പ് തുറന്നു കിടന്നിരുന്ന വാതിൽ പാളികൾ അടയ്ക്കാൻ മുതിരുമ്പോഴാണ് കണ്ടത് - തടിച്ചുരുണ്ട ഒരു രൂപം - ഗദ പോലെ വീർത്ത കൈകാലുകൾ - ഉരുട്ടി മിനുക്കിയെടുത്ത കുംഭം - വാതിലിൽ ചേർന്നമർന്നു നില്ക്കുന്നു. ക്ലാസിൽ കണ്ട സഹപാഠികളിലാരുമല്ല - സീനിയർ വിദ്യാർത്ഥിയാണോ? ഇത്യാദി ചിന്തകൾ മനസ്സിലൂടെ കടന്നുപോകുമ്പോൾ കേട്ടു, ആ രൂപത്തിൽനിന്നും ആക്രോശം: "ഇവിടെ വാടാ... സീനിയേഴ്സിനെബഹുമാനിക്കാനറിയില്ലേടാ നിനക്കൊക്കെ?"

"സോറി ചേട്ടാ... അറിയാത്തതുകൊണ്ടാണ്" പരമാവധി വിനയത്തോടെ മൊഴിഞ്ഞു.

"ഓ, നിനക്കറിയില്ല അല്ലേ... നിനക്ക് വേറെ എന്തൊക്കെ അറിയാമെന്നു ഞാനൊന്നു നോക്കട്ടെ." സീനിയർ വിദ്യാർത്ഥി വിടുന്ന ലക്ഷണമില്ല. കേട്ടറിഞ്ഞ റാഗിംഗിന്റെ ഭീകര ദൃശ്യങ്ങൾ പലതും മനസ്സിൽ മിന്നിമറിഞ്ഞു.

"എത്ര പേരുണ്ടെടാ, നിന്റെ ബാച്ചിൽ?"

"ഏകദേശം അറുപത്... അല്ല എഴുപത്... അത് കൃത്യമായി അറിയില്ല ചേട്ടാ."
"ശരി. അതു പോട്ടെ, എത്ര കിളികളുണ്ട്?"

"ഏകദേശം മുപ്പത്... നാല്പത്..." ശ്ശെ, എണ്ണിനോക്കാമായിരുന്നു.

"ആരാടാ, കൂട്ടത്തിലെ ബെസ്റ്റ് കിളി?"

"അത്... അറിയില്ല ചേട്ടാ." ഒഴിഞ്ഞുമാറാൻ ഒരു അടവ് പയറ്റിയതാണ്. പെട്ടെന്നു കൈയിൽ പിടിവീണു. ആ പിടി മുറുകുന്നുണ്ട്. ഇനിയും മുറുകിയാൽ...

"നീ പറയില്ല അല്ലേ?" തടിയൻ സീനിയറിന്റെ മുഖഭാവം മാറുന്നുണ്ട്. എന്തും സംഭവിക്കാം. പെട്ടെന്നു വായിൽ നിന്നും ആ പേര് അടർന്നു വീണു:

"നീതാ... നീതാ മേരി മാമ്മൻ"

"ഗുഡ്... വെരി ഗുഡ്... നിനക്കു ഭാവിയുണ്ട്." കുലുങ്ങിച്ചിരിച്ചുകൊണ്ട് കടന്നുപോകുന്ന ആ രൂപത്തെ നോക്കിയപ്പോൾ പകയും, വെറുപ്പും മനസ്സിൽ നിറഞ്ഞു.

"എടാ ഭയങ്കരാ... നീ ആള് കൊള്ളാമല്ലോ... അത് അവളല്ലേ, പല്ലിൽ കമ്പി കെട്ടിയ, 'ഓറിയന്റേഷൻ' സമയത്ത് സീനിയേഴ്സ് ഏറ്റവുമധികം ബഹളമുണ്ടാക്കിയ ആ ആലപ്പുഴക്കാരി?"

രൂക്ഷമായ നോട്ടത്തിൽ റൂംമേറ്റിന്റെ അത്യുത്സാഹം അടങ്ങിയെന്നു തോന്നി.

അടുത്ത ദിവസം ക്ലാസിലെത്തിയപ്പോൾ ആകെയൊരു പന്തികേട്. നേർക്കുവരുന്ന സഹപാഠികളെല്ലാം അർത്ഥഗർഭത്തോടെ തലകുലുക്കിയും, ഇരുത്തിമൂളിക്കൊണ്ടും, ചിലർ ഒന്നു തട്ടിയും, 'കിളികൾ' കുലുങ്ങിച്ചിരിക്കുകയും ചെയ്യുന്നു. വൈകാതെയറിഞ്ഞു, റൂംമേറ്റ് പണിത പാരയെക്കുറിച്ച്. ഓ, ഇതിൽ വലിയ കാര്യമൊന്നുമില്ല... അങ്ങനെസ്വയം ആശ്വസിക്കാൻ ശ്രമിച്ചപ്പോഴും അടങ്ങിയിരിക്കാൻ മടിക്കുന്ന ഉദ്വേഗത്തെ അവഗണിക്കാനാവുന്നില്ല... അവൾ അറിഞ്ഞിരിക്കുമോ? എങ്ങനെയാ അവളെ നേരിടുക? നേരിൽ കണ്ടാൽ എന്തു പറയും? മനസ്സ് അസ്വസ്ഥമാകാൻ തുടങ്ങി...

പക്ഷേ ഒന്നും സംഭവിച്ചില്ല. അടുത്ത ദിവസം നേരിൽ കണ്ടപ്പോൾ ചിരിച്ചുകൊണ്ട് അവൾ കടന്നുപോയി. ഒരുപക്ഷേ അറിഞ്ഞിട്ടുണ്ടാവില്ല. അല്ലെങ്കിൽ... അറിഞ്ഞില്ലയെന്നു ഭാവിക്കുന്നു. അവളെ അറിയാത്ത ആരുമുണ്ടാവില്ല ക്യാംപസിൽ എന്നു തോന്നിപ്പോയി. അവളുടെ നോട്ടത്തിനായി, പുഞ്ചിരിക്കായി കൊതിച്ച എത്രയോ പേർ... അപ്പോഴും, ആരെയും അവഗണിക്കാതെ, വെറുപ്പിക്കാതെ, നിഗൂഢമായ പുഞ്ചിരിയുമായി അവൾ ക്യാംപസിൽ നിറഞ്ഞു നിന്നു.

എത്ര പെട്ടെന്നാണ് രണ്ടു വർഷം കടന്നു പോയത്! 'സൗത്ത് ഇൻഡ്യ' ടൂർ പകുതി ഘട്ടം പിന്നിടുമ്പോൾ അവളിൽ ഭാവവ്യത്യാസം ആദ്യമായി കണ്ടു. മറ്റുള്ളവർ ആർത്തുല്ലസിക്കുമ്പോഴും, ബഹളങ്ങളിൽ നിന്നകന്ന് ഒതുങ്ങിക്കൂടാൻ ആഗ്രഹിക്കുന്ന പോലെ... മാട്ടുപെട്ടിയിലെ മഞ്ഞുപെയ്യുന്ന രാത്രിയിൽ നടന്ന 'ക്യാംപ് ഫയറി'ലും അവൾ മ്ലാനയായി, ചിലപ്പോൾ കൃത്രിമമായി ചിരിക്കാൻ ശ്രമിക്കുന്നപോലെ... മൂന്നാറിലെ പച്ചക്കുന്നുകളെ വകഞ്ഞുമാറ്റി, ചുരമിറങ്ങുന്ന കോളജ് ബസ്... ഭൂരിഭാഗം വിദ്യാർത്ഥികളും ഉച്ചമയക്കത്തിൽ... പുറകിലെ സീറ്റിൽ മഴമേഘങ്ങളെ തൊട്ടുരുമ്മി നിൽക്കുന്ന കുന്നുകളെ നോക്കിയിരിക്കുമ്പോൾ, അവൾ... നീതാ!

"നീയെന്താ ഉറങ്ങാത്തെ... പ്രകൃതിഭംഗി ആസ്വദിക്കയാ?"

"ഏയ് വെറുതെ... ഉറക്കം വരുന്നില്ല."

ഏറെ നേരത്തെ നിശബ്ദതയ്ക്കുശേഷം തികട്ടി വന്ന ആകാംക്ഷയോടെ അവളെ നോക്കുമ്പോൾ... അവൾ വിദൂരതയിലേക്കു കണ്ണും നട്ടിരിക്കുകയാണ്... പുറമേ ശാന്തയെങ്കിലും, ഉള്ളിൽ പ്രക്ഷുബ്ധമായ അലകളുയരുന്നുണ്ടോവുമോ? സംശയം അടക്കാനായില്ല.

"നിന്നെ വല്ലതും അലട്ടുന്നുണ്ടോ?"

"ഏയ്... നിന്റെ ഓരോ ജല്പനങ്ങൾ!" അവൾ ചിരിക്കാൻ ശ്രമിച്ചു. വീണ്ടും വിദൂരതയിലേക്കു മിഴികൾ പായിച്ചു. പെട്ടെന്നാണ് അതു കേട്ടത്. അവൾ പാടുകയാണ്... പതുക്കെ, വളരെ പതുക്കെ...

"ഉച്ചീ വകുന്തെടുത്ത്, പിച്ചിപ്പൂവച്ച കിളി

പച്ചമല പക്കത്തിലെ മേയിരുന്ത് സൊന്നാങ്ക..."

ആശ്ചര്യമടക്കാനായില്ല. ഏറെ നാളുകൾക്കുശേഷം വളരെയേറെ ഇഷ്ടമുള്ള ആ പാട്ട് കേട്ടപ്പോൾ... ചോദിച്ചു പോയി: "നിനക്ക് ഈ പാട്ടൊക്കെ അറിയാമോ? അതിശയം തോന്നുന്നു. ഞാൻ കരുതി നിനക്ക് ബാക്ക് സ്ട്രീറ്റ് ബോയ്സും, തുജെ ദേഖായുമൊക്കെയാവും അറിയുകയെന്ന്... കൊള്ളാം, നന്നായിരിക്കുന്നു."

അവൾ ഒന്നും പറഞ്ഞില്ല. ഒരു നെടുവീർപ്പു മാത്രം കേട്ടു.

* * *

സമയത്തിനു വേഗത കൂടിയതുപോലെ... എത്ര പെട്ടെന്നാണ് മൂന്നാം വർഷത്തിലെത്തിയത്! 'കായൽ കൽട്ടിവേഷൻ' എന്ന നെൽകൃഷി ഊർജ്ജിതമായി മുന്നേറുകയാണ്. കതിരിട്ട നെൽച്ചെടികളെ തഴുകി വരുന്ന ഇളംകാറ്റിൽ അലസമായി നടന്നു വരുമ്പോൾ കണ്ടു... അവൾ, നീതാ... കൂട്ടത്തിൽനിന്നും മാറി ഒറ്റയ്ക്കു ബണ്ടിൽ ഇരിക്കുന്നു. ചോദ്യഭാവത്തിൽ നോക്കിയപ്പോൾ, ഒന്നുമില്ല എന്നർത്ഥത്തിൽ ചുമലനക്കി കാണിച്ചു.

അടുത്ത ദിവസം... ഞായറാഴ്ച വൈകുന്നേരം... ഉച്ചയുറക്കത്തിന്റെ ആലസ്യം വിട്ടു പോകുന്നില്ല... ഹോസ്റ്റൽ മെസിൽ ചായ കുടിക്കുമ്പോൾ റൂംമേറ്റ് ലെയ്ട്ടൺ പറഞ്ഞു:

"എടാ, നാളത്തെ പരീക്ഷയ്ക്കു പഠിക്കണ്ടേ? ഇക്കണോമിക് എന്റമോളജിയല്ലേ? നമുക്ക് 'കംമ്പയിൻഡ് സ്റ്റഡി' നടത്താം."

"ശരി, നിന്റെ കൈയിൽ 'ക്ലാസ് നോട്ട്സ്' എല്ലാമുണ്ടല്ലോ അല്ലേ?"

അവൻ തല കുലുക്കി. ഹോസ്റ്റലിന്റെ പിൻഭാഗത്തുനിന്നും തുടങ്ങി, സ്റ്റാഫ് ക്വാർട്ടേഴ്സ് ചുറ്റിയുള്ള, വൻമരങ്ങൾ അതിർവരമ്പിടുന്ന നടപ്പാത. അതിലൂടെ നടന്നാൽ ക്യാംപസിന്റെ വിശാലമായ പുൽത്തകിടിയോടുകൂടിയ പൂന്തോട്ടത്തിലെത്താം. പിന്നെ കുറച്ചുനേരം കൽമണ്ഡപത്തിലുമിരിക്കാം... രണ്ടുപേരും നടന്നുതുടങ്ങി.

"നിനക്കെന്താ ഒരു ഉന്മേഷമില്ലാത്തത്? ഇനി 'കംമ്പയിൻഡ് സ്റ്റഡി' ഇഷ്ടമില്ലാന്നുണ്ടോ?" അവൻ ചോദിച്ചു.

"ഏയ്... ഉന്മേഷക്കുറവുണ്ട്. അതിനു പ്രത്യേക കാരണമൊന്നുമില്ല."

"എന്നാൽ നോട്ട്സ് മറിക്കു.. 'പെസ്റ്റ്സ് ഓഫ് റൈസ്' അല്ലേ ആദ്യം?"

നൂറുക്കണക്കിനു കീടങ്ങൾ... അവയുടെ ശാസ്ത്രനാമം, രൂപം, ജീവിതചക്രം, കീടനിയന്ത്രണം ഓർത്തപ്പോൾ തന്നെ കൈയിലിരിക്കുന്ന പേപ്പർ കെട്ടിനോട് അവജ്ഞ തോന്നി.

"യെല്ലോ സ്റ്റെം ബോറർ – സിർപ്പോഫാഗസ് ഇൻസെർട്ടുലസ്... നീ കേൾക്കുന്നുണ്ടോ?"

ഇവനെന്താ ഇങ്ങനെ... ഒരു പ്രതികരണവുമില്ലാതെ. തലയുയർത്തി നോക്കുമ്പോൾ അവൻ നിശ്ചലനായി നിൽക്കുന്നു. പഴയ രാജകൊട്ടാരം – ഇപ്പോഴത് കോളജ് ഡീൻ ഇരിക്കുന്ന ഔദ്യോഗിക കെട്ടിടത്തിന്റെ ചുവട്ടിലെത്തിയിരുന്നു ഞങ്ങൾ. പടവുകൾ കയറിയാൽ കോളജിന്റെ വിശാലമായ പൂന്തോപ്പിലെത്താം. പെട്ടെന്നാണ് ആ ശബ്ദം കേട്ടത്. ഒരു നിലവിളിപോലെ... അല്ല, ഒരു സ്ത്രീ കരയുന്ന ശബ്ദമാണോ? ആരോ ഓടി വരുന്നുണ്ടോ? നിശ്ചലരായി നിൽക്കുമ്പോഴും, ഉത്കണ്ഠയും അസ്വസ്ഥതയും ഏറിവരുന്നത് തിരിച്ചറിയാനാവുന്നു. പടവുകൾ ഓടിക്കയറാൻ തുടങ്ങുമ്പോൾ, അതാ മുകളിൽ... ധൃതിയിൽ ഓടി കിതച്ച് വരുന്ന രണ്ട് സ്ത്രീ രൂപങ്ങൾ... ഒരു നിമിഷത്തെ പതർച്ചയ്ക്കുശേഷം അവരെ തിരിച്ചറിഞ്ഞു, പി.ജി.ക്കു പഠിക്കുന്ന സീനിയേഴ്സ്... മുന്നിൽ സിനി ജോർജ്ജ് – 'കുട്ടിയാന' എന്നു കളിയാക്കി വിളിക്കാൻ സ്വാതന്ത്ര്യം അനുവദിച്ചു തന്നയാൾ... തൊട്ടുപിന്നിലായി, വീണ എസ്. മേനോനും. കിതച്ചുകൊണ്ട് സിനി ജോർജ്ജ് പറഞ്ഞ ആ വാക്കുകൾ കേട്ട് നടുങ്ങിപ്പോയി...

"ഹരീ, എടാ... അവൾ... നീതാ... ആത്മഹത്യക്കു ശ്രമിച്ചു." സ്തബ്ധനായി, തരിച്ചു നിന്നുപോയ നിമിഷങ്ങൾ... ഒരിക്കലും കേൾക്കാൻ ആഗ്രഹിക്കാത്തത്... പരിസരബോധം വന്നപ്പോൾ, വിറയാർന്ന ശബ്ദത്തിൽ ചോദിച്ചു:

"ഈ പറഞ്ഞത് ശരിയാണോ? ശ്രമിച്ചു എന്നല്ലേ പറഞ്ഞത്, അല്ലേ...? അവൾ അങ്ങനെഒരിക്കലും ചെയ്യില്ല. തീർച്ച."

ഒരു തേങ്ങലായിരുന്നു മറുപടി. അടുത്തനിമിഷം എല്ലാ ഊർജ്ജവും സംഭരിച്ചുകൊണ്ട് ഓടി. ഓടുമ്പോഴും സുഹൃത്തിനോടു പറഞ്ഞു: "ഇല്ലെടാ... അവൾക്കതിനാവില്ല." ലേഡീസ് ഹോസ്റ്റലിന്റെ മുറ്റത്തെത്തുമ്പോൾ കണ്ടു ആൾക്കൂട്ടം. ചിലർ വിതുമ്പുന്നു... മറ്റു ചിലർ ഏങ്ങലടിച്ചു കരയുന്നു... അമ്പരപ്പോടെ ചുറ്റും നോക്കുമ്പോൾ, എലിസബത്ത് കോശി അടുത്തു വന്നു പറഞ്ഞു: "എടാ, അവൾ... നമ്മുടെ നീതാ... പോയി..."

ഉൾക്കൊള്ളാനായില്ല ആ വാക്കുകൾ. കാണാൻ ശ്രമിച്ചില്ല അവളുടെ ഓജസില്ലാത്ത, നീലിമ കലർന്ന ആ മുഖം... എന്തിനാണ് അവൾ ഇതു ചെയ്തത്? ഇത്ര സങ്കീർണ്ണവും നിഗൂഢവുമായ എന്തു പ്രശ്നമാകും അവളുടെ മനസ്സിനെമഥിച്ചത്? ഉള്ളിലെ നോവ് പങ്കുവയ്ക്കാനാവാത്ത വിധം മനസ്സിനെകൊട്ടിയടച്ചോ? അവളുടെയൊപ്പം കളിച്ചു ചിരിച്ച് ഉണ്ടുറങ്ങിയ സുഹൃത്തുക്കൾക്ക് മനസ്സിലാക്കാൻ കഴിഞ്ഞില്ലേ, ഒരു നെരുപ്പോടുപോലെ എരിഞ്ഞുകൊണ്ടിരുന്ന ആ ആത്മനൊമ്പരം? ഒരു മരവിപ്പോടെ തിരിച്ചറിയുന്നു... അവൾ ഇനി ഇല്ല. അവളെ അറിയുന്നവർക്ക്, നീറുന്ന ഒരു നൊമ്പരമായി മാറിക്കൊണ്ട്...

ഉച്ചീ വകുന്തെടുത്ത്, പിച്ചിപ്പൂവച്ച കിളി വേറൊരു ലോകത്തേക്ക് പാറി പറന്നുപോയി...

■






# Drawing

is the honesty of the art.
There is no possibility of cheating.
It is either good or bad.





ANN VARGHESE K.
NAKSHATHRA' 11

# काश! मैं समर्थ होता।

आकाश और मैं बचपन से ही बहुत अच्छे दोस्त थे। हम साथ-साथ खेलते थे, पढ़ते थे और छुट्टियों में खूब मस्ती करते थे। हम दोनों का घर भी पास में था। बस एक ही अंतर था हम दोनों में - उसके पिता शहर के बड़े दफ्तर में काम करते थे और मेरे पिता खेतों में काम करने वाले एक किसान। आकाश के नए-नए खिलौने, कपडे, मिठाईयों को देखकर मैं सोचता था - काश! मैं भी उसके तरह होता।

हसते-खेलते हम बड़े हुए और वह शहर के एक बड़े से कॉलेज मे पढ़ते गया। पैसों के कमी के कारण मेरे पिता मुझे कॉलज नहीं बेज सके और इसलिए मैं अपने पिता के खेतों को संभालने लगा। समय बीतता गया और हम दोनों ने अपना अपना घर बसा लिया।

एक दिन सुबह मेरी नींद, एक गाड़ी की आने की आवाज़ से खुली। वो गाड़ी मेरे घर के सामने रूकी और उसमे एक जाना-पहचाना सा चेहरा मुझे दिखाई दिया। मैं तुरन्त ही आकाश को पहचान गया और उससे गले मिलकर उसे अपने घर में स्वागत किया। अपनी पत्नी मीना और बेटे नीरव से उसका परिचय करवाया। उसका हाल-चाल पूछा तो उसने बताया कि वह अब शहर के एक बड़े दफतर में काम कर रहा हैं। उसके महंगे कपड़े, जूते, आँखों के चश्में को देखकर मैंने एक बार फिर सोचा - काश! मैं उसके तरह समर्थ होता।

दिन बीतते गए और एक दिन सुबह जब मैंने अकबार खोला तो उसपर छपे तसवीर को देखकर मैं हैरान हो गया। तसवीर मेरे दोस्त आकाश की थी। खबर इस तरह की थी - 'मासूमों को धोखा देकर पैसा लूटने पर तीन गिरफतार'। मेरे लिए यह खबर बिलकुल विश्वास योग्य नही था, पर वही सच था। उस वक्त मुझे मेरे पिता के कुछ शब्ध याद आये - "जो इनसान अपने काम ईमानदारी से करता हैं और दूसरों की मदद करता हैं वही समर्थ कहलाता हैं ।

जब मैंने यह मेरे नौ साल के बेटे नीरव से कहा तो वह बोला - "पापा, मैं भी आपकी तरह समर्थ बनना चाहता हूँ"।

■

# sketches of some ordinary people



Dr. JAYASREE KRISHNANKUTTY
DEPT. OF AGRICULTURAL EXT.

Life, of late, teaches me at a fast rate. I discover new things most days, learn better ways incessantly and get out from one stereotype after another at frequent intervals. Is this a sign of getting old? Better not be!

Sometimes I have faced the question, who is your role model in life? ( mostly in surveys, personality assessment exercises etc.) But I have found it difficult to answer this. My father can come close, but then there is a world of a difference between the kind of life he led and the one I now lead. I rephrase the question in this way- Name a person who you admire very much.

The first name that comes to my mind is that of an illiterate, 70 plus lady who lives her life as a kitchen help. Our kitchen help, to be precise.

This dark, petite lady has led an eventful life. Her parents having departed at an early age, she was raised by her elder brother, who was way older than her. She lived with her sister in law during her teenage years, doing household work and looking after her brothers children. By the time she was 30, she was unmarried, a casual labourer and living a life of hard work. Her brother was an alcoholic, but a family loving person. Finally he found a match for her, in a widowed man with three young children, all girls, who was also a fellow alcoholic in the local pub. The marriage took place in a simple manner and from day one onwards, another life of toil, incessant and unforgiving, started for her. This lady brought up her step daughters single handedly, working day and night. She married them off, helped them raise six grandchildren with zero help from her husband, their biological father. She continues to spend her entire earnings for them. And are they eternally grateful to her? You might be surprised to hear that No, they are not. Her foster family continues to pester her for every small need, accusing her of partialities, accusing her of keeping the right to the meager piece of land they have to herself, accusing her of keeping her savings bank account in her own name.

In spite of all these, at the drop of a hat , this wisp of an old woman would rush to their side, to help them, to be of use to them and to be used by them until the last drop of blood drains away from her.

I salute this lady, who actually partially runs my kitchen for me, and who would never ever read this. She does not know even to write her name.

Sometimes when I feel selfish, when I feel that I have done so much for someone and that the other person does not realize it, I think of this wonderful woman. And every bit of the feeling of self importance erodes away from my mind, and I feel deeply humbled.

I met this guy accidentally. One day, caught in one of the frustrating traffic jams of Trichur town, I was remaining stuck in the car. I had at least three errands to run that day and was getting anxious as time was trickling away with hardly any movement in the unending stagnant vehicle queue. I was losing all hope of ever being able to navigate

safely out of that jungle, so intelligently decided to park the car near the pavement and got out. Hoping to catch an auto somewhere, I started walking backwards. Shortly, an auto, that was trying to get into a by lane, stopped for me and I got in. it was driven by a young, tall and heavily built man, who strongly reminded me of a student leader in college. We started the ride, it was very similar to the ride in a roller coaster. At break neck speed, we snaked along vehicles in queue, a pedestrian or two wheeler occasionally getting into our way, who invariably got a cold stare from my driver or a few choice words followed by the typical Trichur town speciality derisive smile. He took the auto through lanes, barely navigable by even an auto. Dear reader, to give you a clear picture of how wide(narrow) those lanes were, I would say just this much. My driver had to stretch out his hand from the auto, to close window-panes lest the auto bumped into them. Eventually this adventurous ride also had to come to a halt. We got caught in the traffic jam at a place where even the thinnest person in the neighborhood could not squeeze through on foot.

I asked him about his educational qualifications. He said he studied up to plus two ( translated from Trichur language as – failed in plus two). Then he bought this auto with a loan, as his father was ailing by that time and his mother and two sisters were finding it hard to cope up. He seemed very positive and buoyant, so I asked him again about life. Do you find this a good profession – don't you want to pursue your studies? He then told me his story. He started off as a catering assistant at age 13. Then a hotel boy. Then an auto driver on daily wages. Later, with two of his friends, he bought this auto, taking a loan. He worked as a long distance driver for trucks, in between. The three of them were also running a catering business of their own. Recently they have bought a pick up van, on loan again. Life is ok. I have my means. My sisters are studying, one for nursing diploma, another in ninth standard.

I asked him how old he was. He told he was 23. All of 23.

Next time, if you see him when you need to ride in an auto, please don't tell him I wrote about him. I have actually no right to bring his life story to light.

But his youthful cheer, bubbling enthusiasm and determination still continues to pop up to my mind, when I see more fortunate young people, struggling with much more benign tasks, during my day to day professional life.

She was my teenage friend. She is my middle aged friend too. But she is a wonderful person who continues to teach me about life.

She lost her mother when she was in school. Her father remarried later leaving her, the youngest of four children in boarding school, in another country. She thrived there in the care and guidance of the missionaries who ran that school. She developed into a soft spoken lady, spiritual, deeply humane but with a core that was untouchable, by most people around her.

I had lost touch with her after our teenage years. We led our separate lives, in separate countries. At one point of time in my life, I was kind of losing grip of myself wholly. It was like I was floating by, with really no direction and no anchoring point in view. Out of the blue, one day, she contacted me. She just communicated to me of things in general, and we continued our interactions. I gradually found myself thinking in ways I thought I was never capable of. I thought less of myself and it was like I was becoming lighter, more agile and a much better person to be with.

She talked to me wisdom. Not the great incomprehensible, hard to grasp wisdom of dense text books. She mostly chided me, challenged me and asked me questions.

I would not have become the person that I am today, without her. This write up is my thanks, which she would never accept in person. She is my friend, my guide and perhaps my guru, even though we are exactly of the same age.

So who is an ordinary person? I have found that all people are special. Every one has his/her own reserves of wealth. Every person can enrich you in some way, contribute to your life in some way. Only you have to have the eyes and the heart to see it.

Each of these sketches are true to life. I acknowledge the unique personalities who form the basis of this article.


■

# എന്റെ പ്രണയം

SHILPA K. S.
AAGNEYA' 13



ഇന്നലെ പെയ്ത മഴയിൽ പൊട്ടി
മുളച്ചൊരു മുൾച്ചെടിയല്ലായിരുന്നു എന്റെ പ്രണയം
വാലന്റൈൻസ് ദിനങ്ങളിൽ
ഒപ്പമിരുന്നു ഷാർജാഷേയ്ക്ക് നുണഞ്ഞും
ഗ്രീറ്റിംഗ് കാർഡ് കൊടുത്തും
സല്ലപിക്കുന്നതല്ലായിരുന്നു എന്റെ പ്രണയം
അങ്ങോട്ടുമിങ്ങോട്ടും ഓമനപ്പേരുകൾ നൽകി
സൊറപറഞ്ഞുല്ലസിക്കുന്നതല്ലായിരുന്നു എന്റെ പ്രണയം
രാത്രികാലങ്ങളിൽ മൊബൈൽ കമ്പനികളെ പുഷ്ടിപ്പിച്ചും
അച്ഛനമ്മമാരെ ശുഷ്കിപ്പിച്ചും
കോളുകളും എസ്.എം.എസുകളും കൊണ്ട്
നിറഞ്ഞതല്ലായിരുന്നു എന്റെ പ്രണയം
പക്ഷേ...
ഞാൻ കൊടുത്ത
ഓട്ടോഗ്രാഫിന്റെ അവസാനപേജിൽ
അവൾ ഇങ്ങനെകുറിച്ചു






VISAKH N. U.



AAGNEYA 13

# All Art is but dirtying the paper delicately





SYAMKUMAR K. P.

# മ്മടെ തൃശ്ശൂർ പൂരം വല്ല്യ സംഭവാ......

കേരളത്തിലെ പ്രധാനഉത്സവങ്ങളിൽ ഒന്നാണ് തൃശ്ശൂർ പൂരം. മുപ്പത്തിയാറ് മണിക്കൂറുള്ള പൂരങ്ങളുടെ പൂരം. ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നുമുള്ള ജനകോടികൾ സംഗമിക്കുന്ന മഹാസമുച്ചയം. കണ്ണിനു കുളിരും കാതിനു താളവും മനസ്സുകൾക്ക് ശാന്തിയും നൽകുന്ന ദിനരാത്രങ്ങൾ.

തൃശ്ശൂർ പൂരത്തിൽ പങ്കെടുക്കുന്ന പത്തു ക്ഷേത്രങ്ങളും (തിരുവമ്പാടിയും പാറമേക്കാവും ഉൾപ്പടെ) ആറാട്ടുപുഴ പൂരത്തിലാണ് പങ്കെടുത്തിരുന്നത്. തൃശ്ശൂർ ജില്ലയിൽ നിന്നു പതിനാറു കിലോമീറ്ററകലെ സ്ഥിതി ചെയ്യുന്ന ആറാട്ടുപുഴ ക്ഷേത്രപരിസരമാണ് കേരളത്തിൽ ഏറ്റവും കൂടുതൽ ചടങ്ങുകൾക്കും ആചാരങ്ങൾക്കും വേദിയാകുന്നത്. ഏറ്റവും കുടുതൽ ഗജവീരന്മാർ പങ്കെടുക്കുന്നതും ആറാട്ടുപുഴ പൂരത്തിലാണ്.

1797ൽ മഴയും കാറ്റും കാരണം ഇപ്പോൾ തൃശൂർ പൂരത്തിൽ പങ്കെടുക്കുന്ന തിരുവമ്പാടി ശ്രീ കൃഷ്ണക്ഷേത്രം, പാറമേകാവ് ഭഗവതിക്ഷേത്രം, കണിമംഗലം ശാസ്താക്ഷേത്രം, കാരമുക്ക് ഭഗവതിക്ഷേത്രം,ചൂരക്കാട്ടുകര ഭഗവതിക്ഷേത്രം, ലാലൂർ ഭഗവതിക്ഷേത്രം, അയ്യന്തോൾ കാർത്ത്യായനിക്ഷേത്രം, നെയ്തലക്കാവ് ഭഗവതിക്ഷേത്രം, ചെമ്പുക്കാവ് ഭഗവതിക്ഷേത്രം, പനമുക്ക് പള്ളി ശാസ്താക്ഷേത്രം തുടങ്ങിയ പത്തു ക്ഷേത്രങ്ങൾക്ക് ആറാട്ടുപുഴ പൂരത്തിൽ പങ്കെടുക്കാൻ സാധിച്ചില്ല. തുടർന്ന് 1798ൽ ശക്തൻ തമ്പുരാനും രാമവർമ്മ തമ്പുരാനും ചേർന്ന് തൃശൂർ പൂരത്തിനു തുടക്കം കുറിച്ചു.

തൃശ്ശൂർ പൂരത്തിനു വരവറിയിച്ച് കൃത്യം 11 ദിവസം മുൻപ് 10 ഘടകക്ഷേത്രങ്ങളിലും കൊടിയേറ്റം നടക്കും. തൃശൂർപൂരത്തിനു 2 ദിവസം മുൻപ് തേക്കിൻകാട് മൈതാനിയിൽ ഏഴുമണിക്ക് പാറമേക്കാവും പിന്നീട് തിരുവമ്പാടിയും

സാമ്പിൾ വെടിക്കെട്ട് നടത്തും. ആദ്യം പാറമേക്കാവും പിന്നീട് തിരുവമ്പാടിയും വെടിക്കെട്ടിന് തിരിതെളിക്കും. സാമ്പിൾ വെടിക്കെട്ടിൽ മൂന്ന് വിഭാഗങ്ങളായാണ് തിരിച്ചിരിക്കുന്നത്. ആദ്യം ഇരുവിഭാഗവും പ്രധാനവെടികെട്ടിന് തിരികൊളുത്തും. അതിനുശേഷം ഇരുവിഭാഗവും രഹസ്യമായി അണിയറയിൽ ഒരുക്കിയ വ്യത്യസ്തമായ വിരിയാമൊട്ടുകൾക്ക് തിരികൊളുത്തും. അതിനുശേഷം കുഴിമിന്നലിനും തിരിനല്കും.

തൃശൂർ പൂരത്തിനു തുടക്കം കുറിച്ച് കണിമംഗലം ശാസ്താവ് വടക്കുംനാഥ സന്നിധിയിലെത്തും. രാവിലെ ആറുമണിയോടുകൂടി എത്തുന്ന ശാസ്താവ് ശിവരാത്രിയ്ക്കും തൃശൂർപൂരത്തിനും മാത്രം തുറക്കുന്ന വടക്കുംനാഥന്റെ കിഴക്കെഗോപുരം ജനസാഗരത്തിന് മുന്നിൽ തുറക്കും. തുടർന്ന് എഴുമണിയോടുകൂടി തിരുവമ്പാട് രാമഭദ്രന്റെ പുറത്തേറി, തിരുവമ്പാടി ഭഗവതി പുറത്തേക്ക് എഴുന്നള്ളും. തുടർന്ന് വഴിയിലൊരുക്കി വച്ചിരിക്കുന്ന വിവിധ പറകൾ സ്വീകരിച്ച് മഠത്തിലേക്ക് പോകും. ശേഷം വിവിധ ഘടകക്ഷേത്രങ്ങൾ വടക്കുംനാഥ സന്നിധിയിൽ അണിനിരക്കും. 11.30ന് തിരുവമ്പാടി ശിവസുന്ദറിന്റെ പുറത്തേറി തൃശൂർ പൂരത്തിന്റെ പ്രധാനആകർഷണങ്ങളിൽ ഒന്നായ മഠത്തിൽവരവ് ആരംഭിക്കും.

അന്നമനടത്രയങ്ങളിൽ ഒരാളായ അന്നമനട പരമേശ്വരൻമാരുടെ നേതൃത്വത്തിലുള്ള പഞ്ചവാദ്യത്തിന്റെ അകമ്പടിയോടുകൂടി തിരുവമ്പാടി ഭഗവതി വടക്കുംനാഥ സന്നിധിയിലേക്ക് എഴുന്നള്ളും. ഇതേ സമയം പാറമേക്കാവ് ഭഗവതി പാറമേക്കാവ് പത്മനാഭന്റെ പുറത്തേറി പെരുവനം കുട്ടൻമാരാരുടെ മേളത്തിന്റെ അകമ്പടിയോടെ പുറത്തേയ്ക്ക് എഴുന്നള്ളും. 2 മണിയോട് കൂടി വടക്കുംനാഥ ഇലഞ്ഞിമരച്ചുവട്ടിൽ വച്ച് നടത്തുന്ന മേളം 'ഇലഞ്ഞിത്തറ മേളം'എന്ന പേരിൽ അറിയപ്പെടുന്നു. പെരുവനം കുട്ടന്മാരാരും ശിഷ്യന്മാരും ചേർന്നാരുക്കുന്ന വാദ്യപ്രപഞ്ചമാണ് ഇത്. ഇതേ സമയം തിരുവമ്പാടി ഭഗവതി ശ്രീമൂലസ്ഥാനത്ത് എത്തുമ്പോൾ അന്നമനട പരമേശ്വരൻ മാരാരുടെ പഞ്ചവാദ്യം അവസാനിക്കുകയും കിഴക്കൂട്ട് അനിയൻ മാരാരുടെ നേതൃത്വത്തിൽ മേളം ആരംഭിക്കുകയും ചെയ്യും. ഇലഞ്ഞിത്തറമേളത്തിന് ശേഷം പാറമേക്കാവ് ഭഗവതി നാലുമണിയോടുകൂടി കിഴക്കേ ഗോപുരം വഴി പുറത്തേക്ക് എഴുന്നള്ളുകയും തുടർന്ന് കോർപ്പറേഷൻ ഓഫീസിന് എതിർവശത്തായി സ്ഥിതി ചെയ്യുന്ന രാമവർമ്മ തമ്പുരാന്റെ പ്രതിമയെ വലംവെച്ച് വടക്കുംനാഥന് അഭിമുഖമായി 15 ഗജവീരന്മാരുടെ അകമ്പടിയോടെ അണിനിരക്കുകയും ചെയ്യുന്നു. തുടർന്ന് തിരുവമ്പാടി കിഴക്കെഗോപുരം വഴി വടക്കുംനാഥന് മുന്നിൽ പാറമേക്കാവിനു അഭിമുഖമായി 15 കൊമ്പന്മാരുടെ അകമ്പടിയോടെ അണിനിരക്കുന്നു. അതിനുശേഷം ലക്ഷക്കണക്കിന് ആളുകളെ സാക്ഷിയാക്കി കുടമാറ്റം ആരംഭിക്കും. 6.30 വരെ നീളുന്ന കുടമാറ്റം മനസ്സിന് ഇമ്പം നൽകുന്ന കാഴ്ചകളിൽ ഒന്നാണ്. മത്സരിച്ച് അവരവരുടെ ആവനാഴികളിൽ ഒളിപ്പിച്ച കുടകൾ അവസാനനിമിഷങ്ങളിൽ പുറത്തെടുത്ത് ജനസാഗരത്തെ തങ്ങളുടെ തട്ടകത്തിലേക്ക് അനുഗമിക്കാൻ ഇരുവിഭാഗവും ശ്രമിക്കും. സാധാരണയായി 32 സെറ്റ് കുടകളാണ് മാറുന്നത്. കുടമാറ്റത്തിനു ശേഷം പാറമേക്കാവ് ഭഗവതി തിരിച്ച് പാറമേക്കാവിലേക്കും തിരുവമ്പാടി രാമവർമ്മ തമ്പുരാനെവലംവെച്ച് തിരുവമ്പാടിയിലേക്കും പോകും. ഈ സമയത്ത് കണിമംഗലം ശാസ്താവ് കുറുപ്പം റോഡിൽ നിന്ന് വടക്കുംനാഥനിലേക്ക് പഞ്ചാരിമേളത്തിന്റെ അകമ്പടിയോടെ എഴുന്നള്ളുന്നതോട്കൂടി പകൽ നടന്ന ഘടകപൂരങ്ങളുടെ തനിയാവർത്തനം ആരംഭിക്കുകയായി., ചന്ദ്രികയുടെ നിലാവിൽ...

രാത്രി 2 മണിയോട് കൂടി തിരുവമ്പാടി ഭഗവതി നായ്ക്കനാലിന്റെ പരിസരത്തുള്ള പന്തലിലും പാറമേക്കാവ് മണികണ്ഠനാലിലെ പന്തലിലും എത്തിച്ചേരുന്നു. തുടർന്ന് മൂന്നുമണിയോടുകൂടി വെടികെട്ടും ആരംഭിക്കും. അതിനുശേഷം എട്ടു മണിയോടുകൂടി പകൽ പൂരത്തിന്റെ തിരിതെളിയുന്നു. കിഴക്കൂട്ട് അനിയൻമാരാരും പെരുവനം കുട്ടൻമാരാരും ശക്തി തെളിയിക്കാൻ തിരുവമ്പാടി ഷൊർണ്ണൂർ റോഡിൽ നിന്നും പാറമേക്കാവ് കുറുപ്പംറോഡിൽ നിന്നും മേളത്തിന്റെ അകമ്പടിയോടുകൂടി വടക്കുംനാഥ ശ്രീമൂലസ്ഥാനത്തേക്ക് കയറും. ഒരു മണിയോടുകൂടി കൊട്ടികലാശിക്കുകയും ചെയ്യുന്നു. തുടർന്ന് പകൽവെടികെട്ടും തേക്കിൻകാട് മൈതാനിയിൽ അരങ്ങേറുന്നു. ശേഷം തിരുവമ്പാടി വടക്കുംനാഥനെവണങ്ങി ശ്രീമൂലസ്ഥാനത്തേക്ക് തിരിച്ചെത്തുകയും പാറമേക്കാവ് ഭഗവതിയും പരസ്പരം ഉപചാരം ചൊല്ലിപ്പിരിയുകയും ചെയ്യുന്നതോടെ പൂരത്തിന് സമാപ്തി കുറിക്കുന്നു.

ഇത്രയും മഹത്തായ, ആഘോഷഭരിതമായ തൃശൂർ പൂരത്തിനു തിരികൊളുത്താൻ അഹോരാത്രം വർത്തിച്ച ശക്തൻതമ്പുരാനെയും രാമവർമ്മതമ്പുരാനെയും ഈയവസരത്തിൽ നമുക്ക് സ്മരിക്കാം.

■



# IN loving MEMORY

ANUDEV U. S.
NAKSHATHRA' 11

*This is a memoir of an unspoken grief*
*An untold truth, unforgettable dream*
*Excruciating pain*
*My lost childhood*
*This is not about*
*Those broken bangle pieces or*
*Mud clad shoes and,*
*This is not about*
*Those thousands of moments*
*Where I laughed when happy and*
*Cried when sad*
*I'd lost that part of the flesh*
*That still beats right at the left*

*Oh my dear comrade!*
*I can't hear the voice of your cries*
*I am unable to see the pain in your eyes*
*I feel no regret in hurting you*
*A thousand times over*
*Don't ever curse me,*
*It's not me, never*
*It's all about a theft*
*A stolen part of me*
*A childhood lost, the innocence lost*
*And then*
*I saw the villain behind,*
*With a crooked smile*
*Time, the thief mischievous*
*Smirking...*




SONIYA V. P.
AAGNEYA' 13

# അവളുടെ നസ്സ്?

അമ്മയുടെ ഗർഭപാത്രത്തിൽനിന്നും ആ കുഞ്ഞ് നന്നേ വികൃതി കാട്ടിയിരുന്നു. പ്രായത്തിന് മൂത്തവർ ശരിവച്ചു, ഇത് ആൺകുഞ്ഞാണെന്ന്. പത്തുമാസത്തെ സ്വപ്നങ്ങൾക്കും കാത്തിരിപ്പിനും പരിചരണത്തിനുമൊടുവിൽ അന്നത് സംഭവിച്ചു. കുഞ്ഞ് ഭൂമിയിലേക്കു പിറന്നു വീണിരിക്കുന്നു. വാർത്ത കേട്ടപ്പോൾ അച്ഛന്റെയും അമ്മയുടെയും നെഞ്ചിൽനിന്ന് ഒരു തീനാളം കേറിയതുപോലെ തോന്നി. മറ്റൊന്നുമല്ല ആ വാർത്ത. എല്ലാവരുടെയും പ്രതീക്ഷകൾ തകർത്തുകൊണ്ട് കുഞ്ഞ് ഒരു പെണ്ണായി ജനിച്ചു. അച്ഛനമ്മമാരുടെ വികാരത്തിന് ആരെയും കുറ്റപ്പെടുത്താനാവില്ല. ഈ ലോകത്തിലല്ലേ തന്റെ കുട്ടിയും വളരേണ്ടതെന്നൊരു തോന്നൽ... തങ്ങളുടെ സ്വപ്നങ്ങൾക്കു വിപരീതമായി ജനിച്ച കുഞ്ഞിന് സ്നേഹവും വാത്സല്യവും നൽകാൻ അവർ മടിയൊന്നും കാണിച്ചില്ല. പക്ഷേ അവർക്ക് അറിയാമായിരുന്നു, എത്രത്തോളം അവർ മകന് നൽകാനായി കരുതി വച്ചിരുന്നുവോ അത് നൽകാൻ കഴിഞ്ഞില്ല എന്ന്. അവർക്ക് ആധിയായിരുന്നു, തങ്ങളുടെ ചോരയായ ആ കുഞ്ഞിന്റെ ഭാവിയിൽ അവൾക്ക് എന്തെല്ലാം നേരിടേണ്ടി വരുമെന്ന്.

കുഞ്ഞ് പെണ്ണാണെന്നറിഞ്ഞതിനുശേഷം തനു-മഹേഷ് ദമ്പതികളുടെ അയൽപക്കക്കാർക്കിടയിൽ ഒരു സംസാരമുയർന്നു: 'എടാ നീ അറിഞ്ഞോ, ആ മഹേഷിന്റെ കുട്ടി ഒരു പെൺകുട്ടിയാ.' 'ങേ... അതെയോ? അതെന്താ പെൺകുട്ടിയാണെന്ന കാര്യം അവർ സ്കാനിങ്ങിലൂടെ അറിഞ്ഞില്ലേ? പിന്നെന്തായിരുന്നു കുട്ടിയെ നശിപ്പിക്കാതിരുന്നേ?' അന്നാണെങ്കീ വയറ്റിൽ വളരുന്ന കുട്ടി പെൺകുട്ടിയാണെന്നറിഞ്ഞാൽ അപ്പോൾത്തന്നെ അബോർഷൻ നടത്തുന്ന കാലം. ഈ പരിഹാസങ്ങൾക്കും കുത്തുവാക്കുകൾക്കും ഇടയിലൂടെയും അവർ അവരുടെ അരുഷിയെ വളർത്താനും സ്നേഹം നൽകാനും തയ്യാറായി. എല്ലാ ദിവസവും ഊണിലും ഉറക്കത്തിലും തനു-മഹേഷ് ദമ്പതികളുടെ കണ്ണുകൾ അവളുടെ കാവൽ മാലാഖമാരെപ്പോലെയായി. കുട്ടി ആ തെരുവിൽ തന്നെ വളർന്നു, തന്റെ അമ്മയെയും അച്ഛനെയും കൂട്ടത്തിൽ അവളെയും പരിഹസിക്കുന്നത് ഒരു ദൈനംദിനകർത്തവ്യമായി മാറിത്തുടങ്ങി. അത് അവളുടെ കുഞ്ഞുമനസ്സിൽ ആഴത്തിലുള്ള മുറിവുണ്ടാക്കി. സ്കൂൾ വിദ്യാഭ്യാസ കാലഘട്ടമായപ്പോഴേക്കും അവൾക്ക് ലോകത്തിനെക്കുറിച്ച് അറിവുണ്ടാകാൻ തുടങ്ങി. സ്ത്രീത്വത്തിന്റെ ഇന്നത്തെ ലോകത്തിലെ വെല്ലുവിളികൾ, സ്കൂളിലെ നാലു ചുവരുകൾക്കിടയിലിരുന്ന് അവളും അവളുടെ കൂട്ടുകാരികളും പങ്കുവച്ചു. സ്കൂൾ ക്ലാസ്മുറികൾ വളരെ വ്യത്യസ്ഥമായിരുന്നു. ആൺകുട്ടികൾ ഒരിക്കൽപോലും പെൺകുട്ടികളോടു മിണ്ടാൻ പാടില്ല. വിരലിലെണ്ണാവുന്നത്ര പെൺകുട്ടികളുണ്ടായിരുന്ന ക്ലാസ് മുറിയിൽ എന്നും അദ്ധ്യാപകരുടെ പരിഹാസകഥാപാത്രങ്ങളാവുന്ന കുറെ പെൺമനസ്സുകൾ. എങ്കിലും മരുഭൂമിയിലും പച്ചപ്പുണ്ടാകും എന്നു പറയുന്നതുപോലെ അവർക്കു പ്രിയപ്പെട്ട തങ്ങളുടെ അദ്ധ്യാപിക, എരിയുന്ന മനസ്സിന്റെ നൊമ്പരം മനസ്സിലാക്കിയിരുന്നു. പ്രായം ചെല്ലുന്തോറും തങ്ങളോടു കാണിക്കുന്ന കൊള്ളരുതായ്മക്കെതിരെയുള്ള പ്രതിഷേധം കൂടിക്കൂടി വന്നു. സ്കൂളിൽനിന്നു തുടങ്ങി അവരുടെ സ്വാതന്ത്ര്യത്തിനും സുരക്ഷിതത്വത്തിനും വേണ്ടി അവർ മൂവർ സംഘം പോരാടാൻ തുടങ്ങി. **Equity for all students in the college & school** അതായിരുന്നു അവിടെ ആദ്യം അവർ ഉന്നയിച്ചത്. അവർ മൂവരും വളർന്നു. സ്ത്രീകൾക്കുവേണ്ടി പോരാടി അവരവരുടേതായ വ്യക്തിമുദ്ര പതിപ്പിച്ചു. മൂവരിൽ ഓരോരുത്തരായി കല്യാണം കഴിഞ്ഞു അവരവരുടെ സ്വകാര്യജീവിതത്തിലേക്കു കടന്നു. ഇനി ആരുഷിയുടെ ഊഴമാണ്, എല്ലാവരുടെയും പോലെ അവൾക്കും ഒരുപാട് ആലോചനകൾ വന്നു. പക്ഷേ, എല്ലാവർക്കും പെണ്ണിനേക്കാൾ ആവശ്യം സ്ത്രീധനത്തിനായിരുന്നു. സ്ത്രീധനം ചോദിച്ചുവരുന്നവരെയൊക്കെ തന്റെ ജീവിതപങ്കാളിയാക്കാൻ അവൾ വിസമ്മതിച്ചു. തനുവിന്റെയും മഹേഷിന്റെയും മനസ്സിലെ ആധി കൂടി വന്നു. അവസാനം അവൾക്കും എത്തി ഒരു മാരൻ. അവൻ വലിയൊരു പണക്കാരനായിരുന്നു. വലിയ വീട്, കാർ, ഓഫീസ് എന്നിങ്ങനെത്തുടങ്ങി പലതും. പെണ്ണിനെയല്ലാതെ വേറൊന്നും അവനു വേണ്ടെന്ന വ്യവസ്ഥ ആരുഷിയുടെ മനസ്സിനെ്ളക്കി. അച്ഛനമ്മമാരുടെ മുഖത്തെ സന്തോഷം, അവർ അത്രയും സന്തോഷിച്ച് ആദ്യമായിട്ടാണ് അവൾ കാണുന്നത്. ഇപ്പോ താനൊരുത്തമ മകളാണെന്ന അഹങ്കാരം അവളിലുണ്ടായി. അവളും നെയ്തു സ്വപ്നങ്ങൾക്കൊണ്ട് ഒരു കുഞ്ഞുകൂടാരം. കല്യാണം കഴിഞ്ഞു. സുഖകരമായ ജീവിതം. ഒത്തിരിയൊത്തിരി സൗഭാഗ്യങ്ങൾ. കൂടാതെ ഭർത്താവിന്റെ കടലോളമുള്ള സ്നേഹവും കൂടിയായപ്പോൾ എവറസ്റ്റ് കീഴടക്കിയതിന്റെ ഒരു പ്രതീതിയായിരുന്നു അവളിൽ. സ്ത്രീയായതിൽ അവൾ സ്വയം ബഹുമാനിക്കുന്നു എന്ന് സ്വയം അഹങ്കരിച്ചു. തന്റെ ഭൂതകാലത്തിൽ താൻ നടത്തിയ ധീരമായ പ്രവൃത്തികളിൽ സ്വയം അഭിമാനം കൊണ്ടു. ഇനി തന്റെ അയൽക്കാരുടെ വായടക്കാമെന്നുള്ള കാര്യം അവളൊന്നുകൂടെ ഓർത്തു. കല്യാണത്തിനുശേഷം മുംബൈയിലേക്കു പറിച്ചുനട്ട ആരുഷിയുടെ ജീവിതം കുറച്ചു ദിവസങ്ങൾക്കുശേഷം ആകെ മാറിത്തുടങ്ങി. ഭർത്താവിന്റെ സ്വഭാവത്തിലുണ്ടായ മാറ്റവും വീട്ടിൽ വരുന്ന വിരുന്നാളികളുടെ കണ്ണുകളിലെ കാമവും തന്നെ വല്ലാതെ ഭയപ്പെടുത്തി. പിന്നെ അതു സംഭവിച്ചു. അവൾ സ്വയം മനസ്സിലാക്കി, തന്നെ ഒരു ബിസിനസ് ഡീലിനുവേണ്ടി അയാൾ ഉപയോഗിച്ചുതുടങ്ങിയെന്ന്. വഴങ്ങാതിരുന്നപ്പോഴുള്ള ഉപദ്രവങ്ങളും സിഗരറ്റിന്റെ പൊള്ളലും മറ്റും അവളുടെ മനസ്സിനെവല്ലാതെ അസ്വസ്ഥമാക്കി. ആരുഷിയുടെ മനസ്സ് അവളുടെ കൈവിട്ടു പോകുന്നതുപോലെ അവൾക്കു തോന്നി. ധൈര്യവും വിശ്വാസവും പാടെ നഷ്ടപ്പെട്ടു. ഇരുട്ടുമുറിയിൽ കുത്തിയിരുന്ന് എന്തൊക്കെയോ പിറുപിറുക്കുന്നു, വെളിയിലേക്കു വരാൻ ഭയപ്പെടുന്നു. മനസ്സ് പൂർണ്ണമായും കൈവിട്ടുപോയി, മാനസികാരോഗ്യ കേന്ദ്രത്തിന്റെ കമ്പികൾക്കിടയിലൂടെ ആകാശത്തേക്കു നോക്കി ഇന്നും അവൾ സ്ത്രീയെക്കുറിച്ച് എന്തൊക്കെയോ പിറുപിറുക്കുന്നുണ്ട്...

■



# അന്വേഷി

പകലുകൾ എങ്ങനെഇത്രമാത്രം കറുത്തുപോയി
പകരക്കാരൻ പണയം വെച്ചത് എന്നെയായിരുന്നോ?
പറയാൻ മടിച്ചിട്ടും പറഞ്ഞുപോയി
പടികളിറങ്ങി അന്വേഷിക്കാൻ ഇതാ സമയമായിരിക്കുന്നു
ഒരുപക്ഷെ,
ഒന്ന് മറ്റൊന്നിനു തുടക്കമാവുകയാണിവിടെ

Photography
is an immediate reaction,
drawing
is a meditation.

KEERTHANA K.
AAGNEYA' 13





ABHAYA M. C.
TAURUS '14



# ചൂടാറപ്പോളങ്ങൾ

കുറുക്കന്റെ തന്ത്രവും
നീരാളിപ്പിടിത്തവുമായി
ഓടിയെത്തിയൊരു
ഉപഭോഗസംസ്കാരത്തിൻ
ഉത്തരത്തിൽ തൂങ്ങിടും
മക്കൾ നൽകി
പെറ്റമ്മയ്ക്കൊരുഗ്രൻ സമ്മാനം.
അതേറ്റുവാങ്ങിയമ്മ
ഹരിതവർണാഭരണങ്ങളഴിച്ചുമാറ്റി
ഹരിതഗൃഹവാതകം നെഞ്ചിലേറ്റി
അഴകേറും ചേലകൾ അഴിച്ചുമാറ്റി
അഴുക്കേറും ചേലകൾ എടുത്തണിഞ്ഞു
ചുട്ടുപൊള്ളും ജ്വരത്തിനിരയായി.
മക്കൾ നടത്തി ആ ജ്വരത്തിന്
പേരിടൽ കർമം
"ആഗോളതാപനം!!"

Dr. JAYASREE SANKAR

DEPT. OF SOIL SC. & AGRI CHEM.



# ജീവന്റെ



വിടർന്നു നിൽക്കുമ്പോൾ, എന്റെ മനസ്സും ഉദരവും നിറഞ്ഞു.

അയാൾ എന്നും വന്നിരുന്നു. ഈരില വിരിഞ്ഞ നാൾ മുതൽ ഞാൻ ഉണരുന്നതും ഉറങ്ങുന്നതും അയാൾ നോക്കി നിന്നു. അയാൾ എന്റെ ഉടമസ്ഥ നായി ഭാവിച്ചു. അയാൾ എങ്ങനെയാണ് എന്റെ ഉടമ യാകുന്നത്? ആരോടാണു ചോദിക്കാൻ കഴിയുക? എനിക്കു ചുറ്റും ആർത്തു രസിച്ചു വളർന്നുവന്ന കരി മ്പച്ചപുൽനാമ്പുകളെ അയാൾക്ക് കണ്ടുകൂടാ. അയാൾ വലിയ വാശിയോടെ അവയെ കടയോടെ പറിച്ചെറിഞ്ഞു. അവ ദൂരെപ്പോയി കടും വെയിലിൽ പതിച്ചു. വേരറ്റു പോയ അവ കാലം ചെല്ലവേ ഉണങ്ങി. അയാൾക്ക് ആരാണതിനധികാരം കൊടുത്തത്? ആർക്കറിയാം. പുതിയ പുതിയ ഇലകൾ, തണ്ടുകൾ... പിന്നെയും പിന്നെയും ഇലകൾ, തണ്ടുകൾ... ഞാൻ വളർന്നുകൊണ്ടേയിരുന്നു.

ഒരിക്കൽ ഒരു മഞ്ഞക്കുരുവി വന്നു. പതുക്കെപ്പ ത്തുക്കെ അരികിൽ വന്ന് അതെന്നെത്തന്നെ നോക്കി നിന്നു. തല ചെരിച്ച്, കണ്ണുവെട്ടിച്ച് സ്നേഹത്തോടെ, പിന്നെ, ഒറ്റച്ചാട്ടത്തിന് അത് എന്റെ തണ്ടുകളിലൊ ന്നിൽ കയറിയിരുന്നു. ഭയന്നുപോയി ഞാൻ, ആ ഭാരം താങ്ങാൻ എനിക്കാവുമോ എന്ന്.

ഒന്നുമുണ്ടായില്ല. സൂചിപോലെ നീണ്ട കൊക്കു കൊണ്ട് അതെന്നെ തലോടി തല ചായ്ച്ച് എന്തോ പറ ഞ്ഞു. പിന്നെ പറന്നുപോയി. ദൂരെ... ദൂരെ... ആകാശ ത്തിനപ്പുറത്തേയ്ക്ക്...

ആകാശത്തിനപ്പുറത്ത് എന്താണുള്ളത്? മറ്റൊരാ കാശം? മറ്റൊരു മഞ്ഞക്കിളി? മറ്റൊരു ചെറുചെടി?

മറുപടി പറയാൻ ആരാണുള്ളത്? ആർക്കറിയാം? ഉത്തരം തെറ്റുമ്പോൾ, മറ്റൊരുത്തരം പറയും. അതും തെറ്റുമ്പോൾ ഇനിയൊരുത്തരം. ഉത്തരങ്ങളിൽനിന്നും ഉത്തരങ്ങളിലേക്കു ചാടിചാടി ചോദ്യങ്ങൾ മരിച്ചു വീഴുന്നു.

ഹായ്, ഇതൊക്കെ ആരാണ് എനിക്കു പറഞ്ഞു തരുന്നത്? ആരും പറഞ്ഞു തരാത്ത പാഠങ്ങൾ നാം എങ്ങനെപഠിക്കുന്നു?

കുളിരുള്ള പ്രഭാതത്തിൽ ഒരു മുകുളമുണ്ടായി. ഒരു മൊട്ട്. അതാണ് മൊട്ടെന്ന് ആരും പറഞ്ഞതല്ല. പക്ഷേ, എനിക്കറിയാമായിരുന്നു. ഒരു മൊട്ടുണ്ടാകുമെന്നും അതു പൂവായി വിടരുമെന്നും.

വീണ്ടും ഈ പാട്ടുകാരൻ ചങ്ങാതി പറപറന്നെത്തു മെന്നും ആരും പറഞ്ഞു തന്നതല്ല. പ്രകൃതിയുടെ പാഠം.

പൂവിരിഞ്ഞു എന്തൊരു വർണ്ണമാണ്? എന്തു സുഗന്ധം! ഞാൻ മാത്രമല്ല, എനിക്കു ചുറ്റും ഒത്തിരി ഒത്തിരിപ്പേർ. ഒത്തിരി ഒത്തിരി പൂക്കൾ. വസന്തോത്സ വമാണത്രേ. ഉത്സവം.

എന്റെ ശിരസ്സു നിറയെ പൂക്കൾ. ശരീരം നിറയെ പൂക്കൾ. എന്റെ ശിരസ്സിലെ പൂക്കൾ ആർക്കാണ് കൊടുക്കേണ്ടത്? ചക്രവാളത്തിൽ മറഞ്ഞുപോയ ആ കുരുവി വന്നെത്തുമോ വീണ്ടും?

ദൂരെനിന്നും വന്ന കാറ്റു മൂളുന്ന പാട്ടിൽ കുരുവി യുടെ താളമുണ്ടോ? അയാൾ എന്നും വന്നുകൊണ്ടിരു ന്നു. ഒരു ദിവസം വന്നപ്പോൾ തോളിലേറ്റിയ മുളങ്കൂട്ട നിറയെ പൂക്കളുണ്ടായിരുന്നു.

അയാൾക്കു പിന്നാലെ മറ്റൊരാൾ വന്നു. അയാ ളുടെ മടിശ്ശീല നിറയെ നാണയങ്ങളായിരുന്നു. ആരും ഒന്നും പറഞ്ഞു തന്നിരുന്നില്ല. എങ്കിലും വല്ലാത്തൊരു ഭയം എനിക്കുണ്ടായി. പൂക്കൾ നഷ്ടപ്പെട്ടാൽ പൂങ്കു രുവി വരുമ്പോൾ എന്തുചെയ്യും? പൂങ്കുരുവി വരുമോ?

അവർ നടന്നുപോയി. പിന്നീടു വരുമായിരിക്കും. അല്ലെങ്കിൽ വരില്ലായിരിക്കും. വന്നാൽത്തന്നെ, എല്ലാ പൂക്കളും പറിക്കില്ലായിരിക്കും. വിത്തിനായി നല്ല പൂക്കൾ വിട്ടിട്ടു പോകുമായിരിക്കും.

ഞങ്ങൾ ഭയവിഹ്വലരായി. അവർക്കു നടക്കാനാകു ന്നതുപോലെ എന്തുകൊണ്ടാണ് ഞങ്ങൾക്കു കഴിയാ ത്തത്? ചുമലിൽ പൂക്കൊട്ടയുമായി നടന്നു പോകുന്ന അവരെപ്പോലെ ഞങ്ങൾക്കും നടക്കാൻ കഴിഞ്ഞിരു ന്നെങ്കിൽ... എങ്കിൽ ആകാശത്തിനുമപ്പുറത്തേക്കു നടന്നും ഓടിയും പോകാമായിരുന്നു.

അവിടെ ഏതെങ്കിലും ഒരു പുച്ചെടിക്കൊമ്പിൽ ആ പൂങ്കുരുവി? ആവോ, ആർക്കറിയാം?

നാളെ അയാൾ വീണ്ടും വരും. നീണ്ട വിരലുകൾ നീട്ടി കുറേ പൂക്കൾ പറിച്ചെടുക്കും. നിസ്സഹായത യോടെ തല കുമ്പിട്ടു നിൽക്കാനല്ലാതെ, മറ്റെന്താണു ചെയ്യാനാകുക?

പ്രപഞ്ചസൃഷ്ടാവും പരമകാരുണികനുമായ ദൈവമേ, ഇന്നു രാത്രി പുലരും മുമ്പ്, ഞങ്ങളുടെ ആകാശം പൊടുന്നനെകൃഷ്ണമേഘങ്ങൾക്കൊണ്ടു നിറയുകയും ആ അനർഗ്ഗളമായ കാരുണ്യവർഷ ത്തിൽ ഞങ്ങൾ മൃതശരീരങ്ങളായി ഒഴുകിച്ചേരുകയും ചെയ്തെങ്കിൽ! അവയുടെ ഹൃദയത്തിലേക്ക്, അപമാ നിക്കപ്പെടും മുമ്പ് ഞങ്ങൾക്കു മടങ്ങാനായെങ്കിൽ! ഞങ്ങൾ ഉറങ്ങാതെ കാത്തിരിക്കുകയാണ്.

■

# सकारात्मक सोच




सकारात्मक सोच एक विश्वास है कि सब कुछ अच्छा होगा और हमारी कोशिशों को सफलता का सुख अवश्य प्राप्त होगा। सकारात्मक सोच आशवाद, उम्मीद एवं परिश्रम पर आधारित है। सकारात्मक सोच के प्रभाव अद्भुत हैं जो जीवन में सदैव आगे बढ़ने का प्रोत्साहन देते हैं।

यह व्यक्ति को विपरीत परिस्थितियों का सामना करने का हौसला देती है, उसे इस बात का आभास करवाती हैं कि इन विपदाओं का भी हल है। ऐसा कहा जाता है कि एक परिश्रमी रास्ता ढूँढने का प्रयास करता है जबकि एक आलसी बहाना सोचने में समय व्यर्थ करता है।

जीवन फूलों की शय्या नहीं है। प्रत्येक व्यक्ति को कठिनाइयों का सामना करना पड़ता है। यदि मनुष्य परिस्थितियों के कारण भयभीत, निराश और दुखी हो जाए तो जीवन य्यापन कष्टकर हो जाता हैं। वर्तमान युग में बिना परिश्रम कुछ भी संभव नहीं क्योंकि यह युग कठिन प्रतियोगिताओं का दौर है। वर्तमान काल में सफलता का मूल मंत्र केवल सकारात्मक सोच है। इतिहास भी ऐसे व्यक्तित्वों के उदाहरणों से भरा पड़ा है जिन्होंने सकारात्मक सोच और अपने कठिन मेहनत के बल पर उत्कृष्ट एवं सराहनीय कार्य किए हैं, जैसे अमरिका की खोज करने वाले कोलम्बस, भारत को पहला क्रिकेट विश्वकप जीताने वाले कपिल देव, लुई पास्चर, इत्यादि।

सकारात्मक सोच अनुवंशिक नहीं है, प्रत्येक मनुष्य इसे अपने आचरण में धारण कर सकता है। यह एक प्रकार का मानसिक व्यायाम है, जो व्यक्ति में स्वच्छ विचारों को अपनाने की दृढ़ता लाता है। निरंतर अभ्यास के कारण सकारात्मक सोच मनुष्य के जीवन में एक अनुशासन का रूप ले लेती हो जिस कारण व्यक्ति हर समय तो नहीं परन्तु अधिकतम अवसरों पर आशावादी रहता है। किसी ने ठीक ही कहा है:-

एक निराशावादि को हर अवसर में कठिनाई दिखाई देती है,
एक आशावादी को हर कठिनाई में अवसर दिखाई देता है।

अंततः यही कहा जा सकता है कि सकारात्मक सोच भले ही सारी समस्याएँ ना सुलझा पाए, लेकिन यह बहुत लोगों को झुंझलाने के लिए काफी होती है।






# our caste




*Nothing is exchanged here*
*Not even a single word*
*I sit and talk alone*
*So I hear my thoughts*
*Text and pictures*
*Flood my inbox*
*I delete of forward them*
*I find them back again and again*
*A cycle completes*
*With nothing exchanged*
*It's too easy to be so*
*It's free too*
*Templates mock*
*Friends frown*
*As I type too much*
*"I hv 2 b shrt"*
*So I dropped vowels and words*
*Inserted signs and symbols*
*In the process*
*Lost meaning*
*One day I dropped everything*
*Now an out-caste*


ANCY U. A.



ARISTAEUS' 10




*If you start with character, you probably will end up with good drawings.*



# റഫീഖ് അഹമ്മദിന്റെ

## രചനയിലൂടെ...





കവിതകളിലൂടെയും ഗാനങ്ങളുടെ രചനാശൈലിയിലൂടെയും മലയാള ചലച്ചിത്ര രംഗത്ത് തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച, മഴ കൊണ്ടുമാത്രം വിത്തിനെമുളപ്പിച്ച പ്രശസ്ത ഗാനരചയിതാവ് റഫീഖ് അഹമ്മദുമായി ഒരഭിമുഖം.

**ഗാനരചനയിലേക്കും കവിതയിലേക്കും തിരിയാനുള്ള പ്രചോദനം എന്തായിരുന്നു? കുടുംബത്തിന്റെ സ്വാധീനം?**

കവിതയിലേക്ക് തിരിയാനായി പ്രത്യേക കാരണമൊന്നുമില്ലായിരുന്നു. ബോധപൂർവ്വം ആലോചിച്ചതുമില്ല. വായിക്കുമായിരുന്നു. ആ വായനയുടെ ഭാഗമായി എഴുതിത്തുടങ്ങി. സുഹൃത്തുക്കളാണ് പിന്നീട് പ്രോത്സാഹിപ്പിച്ചത്.

**കൃഷിയെയും കർഷകരേയും വളരെയേറെ സ്നേഹിക്കുന്നു എന്നത് താങ്കളുടെ കവിതകളിലൂടെ വ്യക്തമാണ്. താങ്കളുടെ കൃഷിയോടുള്ള സമീപനം?**

ഞാനൊരു കർഷകകുടുംബത്തിലല്ല വളർന്നത്. പക്ഷേ, എന്റെ ഗ്രാമം കാർഷികപാരമ്പര്യമുള്ളതായിരുന്നു. ഞാനൊരു കൃഷി തൽപരനാണ്. മട്ടുപ്പാവ് കൃഷി ഞാൻ ചെയ്യാറുള്ളതാണ്. ഇപ്പോഴും ചെയ്യുന്നു.

**താങ്കളുടെ ഗാനങ്ങൾ ഈണങ്ങൾ നൽകിയതിനു ശേഷം പിറവിയെടുക്കുന്നതോ അതോ വരികൾക്കു ശേഷം ഈണം നൽകുന്നതോ?**

ഞാൻ സന്ദർഭമനുസരിച്ചാണ് ചെയ്യാറുള്ളത്. അതിനു കാരണം മാറുന്ന കാലമാണ്. വരികളാണ് ആദ്യം എഴുതുന്നതെങ്കിൽ കവിക്ക് കൂടുതൽ സ്വാതന്ത്ര്യം ലഭിക്കുന്നു. പക്ഷേ, ഈണമാണെങ്കിൽ എളുപ്പമാണെങ്കിലും ഒരുതരം പൊരുത്തപ്പെടലാണ്.

**കവിയായോ അതോ ഗാനരചയിതാവായോ അറിയപ്പെടാനാണ് താങ്കൾ ആഗ്രഹിക്കുന്നത്?**

എങ്ങനെയായാലും കുഴപ്പമില്ല. സെൽഫ് എക്സ്പ്രഷൻ കവിതയിലൂടെ മാത്രമേ നടക്കൂ. മറ്റൊരധികാരിയും അതിലില്ല.

**പഴയപാട്ടുകളും പുതിയപാട്ടുകളും എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു?**

പുതിയപാട്ടുകളുടെ രൂപഘടനകവിതയുടേതല്ല. പഴയവയൊക്കെ കവിതയുടെ മോഡിഫിക്കേഷനാണ്. മനസ്സിനെഎവിടെയെങ്കിലും തൊടുന്നതിനാൽ പഴയ പാട്ടുകൾ ഇപ്പോഴും ഓർത്തിരിക്കുന്നു. എന്നാൽ ഇന്ന് സംസ്കാരം മാറി. യുവാക്കളുടെ ഇഷ്ടങ്ങളാണ് സിനിമകളിൽ. പ്രചാരണത്തിന് ഇന്ന് ഒരുപാട് മാധ്യമങ്ങളുണ്ട്. അതുകൊണ്ടുതന്നെ കേൾക്കുക, മറക്കുക എന്നതായി ശീലം. എപ്പോഴെങ്കിലുമൊക്കെ കേട്ടിരുന്ന ആ പഴയപാട്ടുകൾ ഇന്നും മനസ്സിൽ മായാതെ നിൽക്കുന്നു.

**ഗാനങ്ങളിൽ രചയിതാവിന്റെ സ്വാതന്ത്ര്യം കുറയുന്നതായി തോന്നിയിട്ടുണ്ടോ?**

ഗാനങ്ങൾ സിനിമയ്ക്കുവേണ്ടി ചെയ്യുന്നതാണ്. സ്വാതന്ത്ര്യക്കുറവ് തീർച്ചയായും ഉണ്ട്. പരിമിതികളുമുണ്ട്. പക്ഷേ, അതെല്ലാം അതിന്റെ ഭാഗമാണ്. സിനിമയിൽ എല്ലാത്തിനും പരിമിതികളുണ്ട്.

**സ്വന്തം ഗാനങ്ങളോടുള്ള സമീപനം?**

ആദാമിന്റെ മകനിലെ ഗാനം ഹൃദയസ്പർശിയാണെങ്കിലും അതു സിനിമയ്ക്കുവേണ്ടി എഴുതിയതാണ്. പ്രകൃതിയോടു ബന്ധപ്പെട്ട ഗാനങ്ങൾ എന്റെ സ്വപ്നങ്ങളാണെന്നും പറയാം. കുറെ അനുഭവങ്ങളില്ലെങ്കിലും ഉള്ളവ സ്വാംശീകരിച്ചാണു ഞാൻ കവിതകളെഴുതാറ്. അതു ചിലപ്പോൾ മറ്റുള്ളവരുടേതുമാകാം.

**അമ്മത്തൊട്ടിൽ എന്ന കവിത എങ്ങനെയെഴുതി? നേരിട്ടു കണ്ടതാണോ?**

അല്ല. ഗുരുവായൂരിലെ ഡി.വൈ.എസ്.പി. പറഞ്ഞൊരു സംഭവമാണത്. അമ്മമാർ ബോധപൂർവ്വം കുഞ്ഞിൽനിന്നും അപ്രത്യക്ഷമാകുന്ന നിത്യസംഭവം.

**ഒ.എൻ.വി.യുടേത് അപ്ലൈഡ് പോയട്രിയാണെങ്കിൽ താങ്കളുടെ രചനാശൈലിയോ?**

സാങ്കേതികമായ മികവ് ആവിഷ്ക്കാരത്തിൽ ഉപയോഗിക്കാം. ഉദാഹരണത്തിന് സെല്ലുലോയിഡിലെ 'കാറ്റേ കാറ്റേ...' എന്ന ഗാനം ആ പഴയകാലത്തെ സൂചിപ്പിക്കുന്നു. എന്നാൽ ജീവിതത്തിൽ ചില മാറ്റങ്ങൾ സംഭവിക്കുന്നു. ആ സമയത്ത് വ്യക്തിയുടെ മനസ്സിലുണ്ടാകുന്ന വ്യത്യാസങ്ങൾ ബോധപൂർവ്വം ഗാനങ്ങളാകുന്നു.

**വായനയുടെയും കവിതയുടെയും ഇപ്പോഴത്തെ അവസ്ഥയെക്കുറിച്ചെന്തെങ്കിലും?**

ഇപ്പോൾ കവിതകളാണ് കൂടുതലും. സോഷ്യൽ മീഡിയകളിലും അവ തന്നെ. എന്നാൽ വായനയുടെയും എഴുത്തിന്റെയും കുറവല്ല. മറിച്ച് ഒരു പ്രൊഫഷണൽ ടച്ച് വന്നതുപോലെ അതു കൈകാര്യം ചെയ്യപ്പെടുന്നു.

**കാർഷിക വിദ്യാർത്ഥികളെന്ന നിലയിൽ ഞങ്ങളോടു താങ്കൾ പറയാനാഗ്രഹിക്കുന്നത്?**

മണ്ണിനെഅറിയുക. മണ്ണിനെസ്നേഹിക്കുക. മണ്ണാണ് കൃഷിയുടെ ജനനി. ■

# NATURE

ROSHNA GEORGE
AAGNEYA' 13




*Upon a nice mid-spring day*
*Let's take a look at nature's way*
*Breath the scent of nice fresh air*
*Feel the breeze within your hair*

*The grass will poke between your toes*
*Smell the flowers with your nose*
*Clouds form shapes within the skies*
*And light will glisten from your eyes*

*Hear the buzzing of the bees*
*Climb the tallest trees*
*Look across the meadow way*
*And you shall see a young deer play*

*Pick the daisies as they grow*
*Watch a gentle cold stream flow*
*Know the sounds of water splash*
*Catch its glimmer in a flash*

*When altogether all seems sound*
*Lay yourself upon the ground*
*Take a moment to inhale*
*And listen to nature tell her tale*



Dr. GEORGE THOMAS
DEPT. OF AGRONOMY



# കേരളത്തിലെ കൃഷിയിൽ സംഭവിക്കുന്നതെന്ത് ?

എളുപ്പത്തിൽ ആഹാരം ലഭിക്കുന്നതിനുള്ള ഒരു ഉപാധി എന്ന നിലയ്ക്കാണ് മനുഷ്യൻ കൃഷി തുടങ്ങുന്നത്. ആദ്യ കാലകൃഷിയിൽ കേരളത്തിലും ആഹാരത്തിനുവേണ്ടിയുള്ള ഭക്ഷ്യവിളകൾക്ക് തന്നെയായിരുന്നു മുൻതൂക്കം. ബ്രിട്ടീഷുകാരുടെ വരവോടെയാണ് നാണ്യവിളകളും തോട്ടവിളകളുമൊക്കെ കേരളത്തിൽ സാർവ്വത്രികമാകുന്നത്. അതോടെ "കൃഷി ആഹാരത്തിനു വേണ്ടിയുള്ളതാണ്" എന്ന സങ്കല്പത്തിനുതന്നെ മാറ്റം വന്നു. ക്രമേണ കേരളത്തിലെ കൃഷിയും വാണിജ്യവൽക്കരിക്കപ്പെട്ടു. പ്രാഥമിക മേഖലയിൽപ്പെടുന്ന എല്ലാത്തരം കൃഷിയേയും, ദ്വിതീയ മേഖലയിൽപ്പെടുന്ന സംസ്കരണ, വ്യവസായ മേഖലകളെയും പിന്തള്ളിക്കൊണ്ട് തൃതീയ മേഖലയായ സേവനമേഖല തഴച്ച് വളരുന്ന കാഴ്ചയാണ് വർത്തമാനകാല യാഥാർത്ഥ്യം.



പൊതുവിൽ കൃഷി നമ്മളെ രക്ഷിക്കുകയില്ല, നമുക്കു വേണ്ടതൊക്കെ കൃഷി നൽകുകയില്ലായെന്നുള്ള തോന്നലു കൊണ്ടാണ് കൃഷികളൊക്കെ അന്യം നിന്നുപോകുന്നത്. നമ്മുടെ നാട്ടിലെ പുതുതലമുറ ചെറുപ്പക്കാർക്കിടയിൽ കൃഷികൊണ്ട് രക്ഷപ്പെടില്ലായെന്ന തോന്നൽ ശക്തമാണ്. പ്ലാന്റർ (planter), ഫാർമർ (farmer), പെസന്റ് (peasant) എന്നീ വാക്കുകളുടെ അർത്ഥം ശരിയായി മനസ്സിലാക്കേണ്ട തുണ്ട്. സ്വന്തമായി ഭൂമിയില്ലാത്ത, മറ്റുള്ളവരുടെ പറമ്പിൽ കൃഷി ചെയ്യുന്ന സാധാരണക്കാരെ പെസന്റ് (peasent) എന്നു വിളിച്ചിരുന്നു. അപമാനകരമായ ഒരു പദമായാണ് ആധുനികലോകം ഇതിനെകരുതുന്നത്. പ്ലാന്ററെന്നു പറ ഞ്ഞാൽ വിശാലമായ ഭൂമിയിൽ തോട്ടവിളകൾ കൃഷിചെ യ്യുന്ന തോട്ടത്തിനുടമയാണ്. ഫാർമറാകട്ടെ നെല്ല്, മരച്ചീനി എന്നിവയൊക്കെ കൃഷി ചെയ്യുന്ന സാധാരണകർഷകൻ! പ്ലാന്ററാകുവാൻ ചെറുപ്പക്കാരൊക്കെ മുന്നോട്ടു വരും. പക്ഷെ, അങ്ങനെപ്ലാന്ററാകാൻ ഇവിടെയാർക്കാണ് പറ്റുക? അരയേക്കറും ഒരേക്കറും കൃഷിഭൂമിയുള്ള ഒരു കർഷകന് അതുകൊണ്ടു മാത്രം ജീവിക്കാൻ പറ്റുമോ? ചെറുകിട കർഷകന് എന്തുമാത്രം വരുമാനമുണ്ടാക്കുവാൻ സാധിക്കും? ചെറുപ്പക്കാർക്ക് ഒരു പത്തേക്കറോ, പോട്ടെ അഞ്ചേക്കറെങ്കിലും സ്ഥലം കൊടുക്കുവാനുണ്ടെങ്കിൽ അവരതിൽ തുടരും. അങ്ങനെയൊക്കെ കൊടുക്കുവാൻ നമുക്കിവിടെ ഭൂമിയില്ല! ചെറുപ്പക്കാരാരും കൃഷിയിലേക്ക് വരുന്നില്ലെന്നു പറഞ്ഞ് പരിതപിച്ചിട്ട് കാര്യമില്ല. കേരള ത്തിലെ കൃഷിയുടെ ഭാവി വിശദമായ ചർച്ചക്കും വിലയിരു ത്തലിനും വിധേയമാക്കേണ്ടിയിരിക്കുന്നു.

### റിയൽ എസ്റ്റേറ്റ് ബിസിനസ്സ് തഴച്ചുവളരുന്നു

മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ ഭൂമി കുറവും ആളുകളുടെ എണ്ണം കൂടുതലുമാണ്. കൃഷി കൊണ്ടു മാത്രം ജീവിക്കാൻ പറ്റാത്ത ഒരു സാഹചര്യമാണ് കേരളത്തിൽ ചെറുതുണ്ടുകളായി ഭൂമി വിഭജിച്ചുപോകുന്ന തുകൊണ്ട് ഭൂമിയിൽനിന്നുള്ള വരുമാനം കുറയുന്നു. കാർഷികേതര വരുമാനങ്ങളിലേക്ക് ശ്രദ്ധ മാറുന്നത് അങ്ങ നെയാണ്. കാർഷികേതര വരുമാനം ധാരാളമായി വന്നുതു ടങ്ങുമ്പോൾ കൃഷിയിലുള്ള താല്പര്യം വീണ്ടും കുറയു ന്നു. സാധാരണക്കാരന് തുണയായി നിന്നിട്ടുള്ള തൊഴിലു കളാണ് നേഴ്സിംഗ്, അദ്ധ്യാപനം, സൈന്യം, ഹോട്ടൽ മാനേജ്മെന്റ് എന്നിവ. എഞ്ചിനീയറിംഗ്, വിവരസാങ്കേതി കവിദ്യ മുതലായവ അടുത്ത കാലത്ത് പൊന്തിവന്നവയാ ണല്ലോ? ഈ രംഗങ്ങളിലൂടെ കർഷകരുടെ മക്കൾ "രക്ഷ പ്പെടുന്ന" കാഴ്ചയാണ് നാം പിന്നീട് കാണുന്നത്. ലോക മെമ്പാടും ജോലി തേടിപ്പോയ നേഴ്സുമാർഅയയ്ക്കുന്ന പണം സാധാരണക്കാരായ കർഷകരുടെ കൃഷിയോടുള്ള മനോഭാവം തന്നെ മാറ്റാനിടയാക്കി.

കൃഷി ചെയ്യുന്നതിനുപയോഗിക്കുന്ന ഭൂമി ക്രയവി ക്രയം ചെയ്യാനുള്ള 'ചരക്കു' മാത്രമായി മാറുന്ന പ്രവണ തയും കേരളത്തിലിപ്പോൾ കാണാം. മൂല്യവർദ്ധനയ്ക്കുള്ള ഒരു "ചരക്ക്!". കൃഷിയെ ഗ്രസിച്ചിരുന്ന വലിയൊരു പ്രശ്ന മായി 'റിയൽ എസ്റ്റേറ്റ്' കച്ചവടം മാറി. കൃഷിഭൂമിക്ക് അതിൽനിന്നു കിട്ടുന്ന വരുമാനത്തേക്കാൾ കൂടുതൽ ഭൂമി വിറ്റാൽ കിട്ടും. നെൽപ്പാടങ്ങൾക്കൊക്കെ ഒരു പാരിസ്ഥിതി ക പ്രാധാന്യം (ecological role) ഉണ്ട്. പക്ഷെ ഈ പാരിസ്ഥി തിക പ്രാധാന്യത്തെ മറികടക്കുന്ന വിധത്തിൽ സെന്റിന് (40 ച. മീ.) രണ്ടോ മൂന്നോ ലക്ഷം രൂപ തരാമെന്നു പറ ഞ്ഞാൽ ഈ പ്രാധാന്യമൊന്നും കണക്കിലെടുക്കാതെ റിയൽ എസ്റ്റേറ്റുകാർക്ക് വിൽക്കും.

നമുക്കു കെട്ടിടങ്ങൾ വേണം. പക്ഷെ കെട്ടിടങ്ങൾ ഏതെല്ലാം തരത്തിൽ, എത്രയധികം വേണം എന്നുള്ള താണ് പ്രശ്നം. നമ്മുടെ കെട്ടിട നിർമ്മാണ സംസ്കാര മൊക്കെ മാറിപ്പോയി. പണ്ടൊക്കെ ലളിതമായി കെട്ടിടങ്ങൾ നിർമ്മിച്ചിരുന്നെങ്കിൽ ഇന്നത് പ്രകൃതിവിഭവങ്ങളെ ചൂഷണം ചെയ്തുകൊണ്ടാണ്. ഇത്തരം കെട്ടിടങ്ങൾക്ക് ധാരാളം സിമന്റ്, കല്ല്, മണൽ, ഇഷ്ടിക എന്നിവയൊക്കെ വേണം. കരിങ്കൽക്വാറികൾ, മണ്ണുമാഫിയ, മണൽമാഫിയ, കളിമൺമാഫിയ എന്നിവയൊക്കെ പുത്തൻ തലമുറ വിഷ യങ്ങളാണ്. ഒരുവശത്ത് വികസനമെന്നു പറയുമ്പോൾ, മറു വശത്ത് കൂടുതൽ തിന്മകളാണ്. വികസനത്തിനും പരിസ്ഥി തിക്കുമിടയിലുള്ള ഒരു പാലം ആവശ്യമാണ്. നമുക്ക് മണലും, കല്ലും, ഓടുമൊക്കെ വേണം. ഇവയൊന്നും പാടി ല്ലായെന്നതരത്തിൽ മൗലികവാദം പറഞ്ഞിട്ടു കാര്യമില്ല. മണൽ വാരണം. പക്ഷെ വാരുന്നതിനൊരു പരിധിയുണ്ട്. കളിമണ്ണും വാരേണ്ടിവരും. പക്ഷെ അതിനുമൊരു പരിധി യുണ്ട്. ഇതൊന്നും നമ്മുടെ ആർത്തിക്കുവേണ്ടി ആകരുത്. മഹാത്മാഗാന്ധി പറഞ്ഞതുമതുതന്നെയാണ്. ഈ ഭൂമി യിൽ എല്ലാമുണ്ട്, പക്ഷെ മനുഷ്യന്റെ ആർത്തി തീർക്കാൻമാത്രമൊന്നുമില്ല.

### ഭൂവിനിയോഗത്തിലെ മാറ്റങ്ങൾ

കേരളത്തിന്റെ ഭൂഉപയോഗത്തിൽ 50 വർഷംകൊണ്ട് സംഭവിച്ച മാറ്റങ്ങൾ ആശങ്കാജനകമാണ്. ഓരോ പൗരനും പാർപ്പിടം, ഗതാഗതം, വ്യവസായം, വാണിജ്യം, വിനോദം, വിദ്യാഭ്യാസം, ആത്മീയത എന്നീ ആവശ്യങ്ങൾക്കായി സ്ഥലം ആവശ്യമാണ്. ജനപെരുപ്പമുണ്ടാകുമ്പോൾ സംഭ വിക്കുന്ന ഒരു പ്രധാനപ്രശ്നം ധാരളം കൃഷിഭൂമി കാർഷി കേതര ആവശ്യങ്ങൾക്കായി മാറ്റപ്പെടുമെന്നതാണ്. ഓരോ വ്യക്തിക്കും 0.025 ഹെക്ടർ സ്ഥലം (6.25 സെന്റ്) വീതം ഈ ആവശ്യത്തിന് വേണ്ടി വരുമെന്നാണ് കണക്ക്. ജനപ്പെ രുപ്പവും നഗരവല്ക്കരണവും നവലിബറൽ വികസന മാതൃകയുമൊക്കെ കൃഷിഭൂമിയുടെ പരിവർത്തനത്തിന്റെ ആക്കം കൂട്ടുന്നതായാണ് അനുഭവം. ഭൂമിയുടെ കാർഷികേ തര ഉപയോഗത്തിൽ വൻ വർദ്ധനവാണ് പ്രതീക്ഷിക്കുന്ന ത്. നിലവിൽ വീട്, റോഡുകൾ, പൊതുസ്ഥലങ്ങൾ, പാർക്കുകൾ തുടങ്ങിയ കാർഷികേതര ആവശ്യങ്ങൾക്കുപ യോഗിക്കുന്ന ഭൂമിയുടെ വിസ്തീർണ്ണം 4.026 ലക്ഷം ഹെക്ട റാണ് (ഇത് ആകെ ഭൂമിയുടെ 10.4 ശതമാനം വരും). 1960-61 ൽ ഈ ആവശ്യത്തിന് 2.09 ലക്ഷം ഹെക്ടർ ഭൂമി മാത്രമേ ഉപയോഗിച്ചിട്ടുള്ളൂ. അതുപോലെ വൻമാറ്റത്തിനു വിധേയ മായ ഒന്നാണ് പുൽമേടുകൾ. 1960-61 ൽ 45,000 ഹെക്ടർ പുൽമേടുകളുണ്ടായിരുന്നു. 2012-13 ൽ കേവലം 118 ഹെക്ടർ ആയി ഇതു മാറി.

കേരളം ഇന്ന് അഭിമുഖീകരിക്കുന്ന കടുത്ത ജലക്ഷാമ ത്തിന്റെ ഒരു പ്രധാനകാരണം വയലേലകൾ വ്യാപകമായി

നികത്തപ്പെടുന്നതാണ്. ജലക്ഷാമവും നെൽവയൽ നികത്തലുമായി അടുത്ത ബന്ധമാണുള്ളത്. കേരളത്തിൽ 1970 കളിൽ ആകെ 5,09,133 ഹെക്ടർ വയലുകൾ ഉണ്ടായിരുന്നുവെന്നാണ് കണക്ക്. മേൽപ്പറഞ്ഞ 5,09,133 ഹെക്ടറിൽ എത്രമാത്രം പാടമാണ് യഥാർത്ഥത്തിൽ മാറ്റപ്പെട്ടു പോയിരിക്കുന്നതെന്ന് കൃത്യമായി കണക്കില്ല. കേരള ലാൻഡ് യൂസ് ബോർഡിന്റെ ഒരു വിലയിരുത്തൽ പ്രകാരം 2,04,361 ഹെക്ടർ നെൽപ്പാടങ്ങൾ നികന്നു പോയിട്ടുണ്ട്. അവശേഷിക്കുന്നവയുടെ വിസ്തീർണ്ണം 2,92,089 ഹെക്ടർ ആയി ചുരുങ്ങുകയും ചെയ്തു.

കേരളത്തിന്റെ ആകെ ഭൂവിസ്തൃതിയിൽ 27.8 ശതമാനവും കാടുകളാണെന്നാണ് വെപ്പ്. ഈ കണക്ക് തെറ്റാണെന്ന് പലരും ചൂണ്ടിക്കാട്ടിയിട്ടുണ്ട്. വനംവകുപ്പിന്റെ തന്നെ തേക്ക്, കശുമാവ്, സുഗന്ധവിളകൾ എന്നിവയുടെ തോട്ടങ്ങളും ഈ കണക്കിൽത്തന്നെയാണ് വരുന്നത്. കയ്യേറിയ വനങ്ങളുടെയും മറ്റുതരത്തിൽ നഷ്ടമായ വനപ്രദേശങ്ങളുടെയും കണക്കുകൂടി എടുത്തു വായിച്ചാൽ യഥാർത്ഥ വനം 10 ശതമാനത്തിൽ താഴെയേ വരൂ. അതുപോലെതന്നെ, 1960-61 ൽ പലവക പാഴ്മരങ്ങൾ 2.02 ലക്ഷം ഹെക്ടറിലുണ്ടായിരുന്നു. 2012-13 ൽ ഇത് വെറും 2799 ഹെക്ടറായി ചുരുങ്ങി.

കേരളത്തിലെ കൃഷി വിസ്തീർണ്ണം വർദ്ധിപ്പിക്കാൻ ഒരു തരത്തിലും സാദ്ധ്യതയില്ല. ഉള്ളതാകട്ടെ കുറഞ്ഞുവരാനും സാദ്ധ്യത കാണുന്നു. നിയമപരമായിത്തന്നെ ചില നടപടികൾക്കു മുതിരാത്തപക്ഷം പരിസ്ഥിതി ദുർബ്ബലപ്രദേശങ്ങൾപോലും ഇല്ലാതാവും! പരിസ്ഥിതി പ്രാധാന്യമുള്ള നെൽവയൽ ഉൾപ്പെടെയുള്ള തണ്ണീർത്തടങ്ങൾ വിജ്ഞാപനം ചെയ്ത് ഒരു തരത്തിലുമുള്ള മാറ്റങ്ങളും അവിടെ അനുവദിക്കരുത്. മറ്റൊന്ന്, കൃഷിഭൂമികളെ പ്രത്യേകം തിരിച്ചറിഞ്ഞ് വിജ്ഞാപനം ചെയ്യണമെന്നതാണ്. ഇത്തരം കൃഷിഭൂമികളെ നിർമ്മാണപ്രവർത്തനങ്ങളിൽനിന്നും മാറ്റിമറിക്കലുകളിൽനിന്നും രക്ഷിക്കണം. പല രാജ്യങ്ങളിലും ഇത്തരം നിയമങ്ങളുണ്ട്. ഇന്ത്യയിൽത്തന്നെ ചില സംസ്ഥാനങ്ങളിൽ ഇത്തരം നിയമങ്ങളുണ്ടാക്കിയിട്ടുണ്ട്. കാണുന്നിടത്തൊക്കെ വീടുവെയ്ക്കാൻ കൊടുക്കുന്ന പ്രവണതയും തീർച്ചയായും മാറേണ്ടതുണ്ട്.

**ഭക്ഷ്യസ്വയംപര്യാപ്തതയും ഭക്ഷ്യസുരക്ഷയും**

"താളും തകരേം മുമ്മാസം
ചേനേം ചേമ്പും മുമ്മാസം
ചക്കേം മാങ്ങേം മുമ്മാസം
അങ്ങനേം ഇങ്ങനേം മുമ്മാസം"

പ്രശസ്തമായ ഒരു പഴഞ്ചൊല്ലാണിത്. പണ്ടു കാലത്തെ സാധാരണക്കാരായ മലയാളികളുടെ ദാരിദ്ര്യാവസ്ഥയും ഭക്ഷ്യലഭ്യതയും ഈ പഴഞ്ചൊല്ല് വിളിച്ചു പറയുന്നു. ആവശ്യത്തിന് അരി വാങ്ങാൻ കഴിവില്ലാതിരുന്ന സാധാരണക്കാരൻ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തിയിരുന്നതിന്റെ കഥ കൂടിയാണിത്. പക്ഷേ താളും, തകയും, ചേനയും, ചേമ്പും, ചക്കയും, മാങ്ങയുമൊക്കെ ഒമ്പതു മാസത്തെ പട്ടിണി തരണം ചെയ്യാനെഉപകരിക്കൂ. ബാക്കി മൂന്നുമാസം "അങ്ങനേം ഇങ്ങനേം" ആണ്! അതായത്, മുഴുപ്പട്ടിണി തന്നെ! അതേസമയം ഇതൊന്നും ബാധകമാകാതിരുന്ന തമ്പുരാക്കന്മാരും ജന്മിമാരുമടങ്ങുന്ന ഒരു സമൂഹം കേരളത്തിലുണ്ടായിരുന്നു എന്നും ഓർക്കണം. പട്ടിണിപ്പാവങ്ങളുടെ ഭക്ഷ്യസുരക്ഷയുടെ ഗതി ആദ്യമായി തിരുത്തിയത് മരച്ചീനിയുടെ കേരളത്തിലേക്കുള്ള വരവാണ്. ഇവ പച്ചയായും ഉണങ്ങി വാട്ടുകപ്പായായും സൂക്ഷിച്ചുവെച്ച് ക്ഷാമകാലം തരണം ചെയ്യാമെന്നത് വലിയൊരു അനുഗ്രഹമായി.

ആഢംബരവസ്തുവായിരുന്ന അരി പാവങ്ങൾക്കുകൂടി കിട്ടിത്തുടങ്ങാൻ സമയം പിന്നെയുമെടുത്തു. ഹരിതവിപ്ലവവും അതോടൊപ്പം വ്യാപകമാക്കിയ പൊതുവിതരണശൃംഖലയുമൊക്കെയാണ് ഇതിനു സഹായകമാവുന്നത്. അങ്ങനെ, വർഷത്തിൽ എല്ലാക്കാലത്തും സാധാരണക്കാരന് അരി അല്ലെങ്കിൽ ഗോതമ്പു പോലുള്ള ഭക്ഷ്യസാധനങ്ങൾ കിട്ടും എന്ന അവസ്ഥ സംജാതമായി. ഈ അവസ്ഥ എത്രകാലം അവിഘ്നം നിലനിർത്താൻ പറ്റും എന്നതാണ് ഇപ്പോഴത്തെ പ്രശ്നം. ഉത്തരേന്ത്യൻ ഹരിത വിപ്ലവസമൃദ്ധി നെല്ലിന്റെയും മരച്ചീനിയുടെയും കേരളത്തിലെ കൃഷി വൻതോതിൽ കുറയാൻ കാരണമായി എന്ന യാഥാർത്ഥ്യവും നാം കാണണം.

1950-60 കൾ കേരളത്തിൽ വൻതോതിൽ കുടിയേറ്റം നടന്ന ഒരു കാലഘട്ടമാണ്. കുടിയേറ്റം പ്രധാനമായും മദ്ധ്യതിരുവിതാംകൂറിലെ വിവിധ ഭാഗങ്ങളിൽനിന്നായിരുന്നു. അതിന് പ്രധാനപ്പെട്ട ഒരു കാരണം അവർക്കു നെൽകൃഷിയില്ലായിരുന്നു എന്നതാണ്. അക്കാലത്ത് അരി കിട്ടാനില്ലായിരുന്നു. വാങ്ങാൻ വലിയ ബുദ്ധിമുട്ടുമായിരുന്നു. ഇങ്ങനെയൊരു സാഹചര്യത്തിൽ മരച്ചീനി കൃഷി ചെയ്ത്, അതുകൊണ്ടു ജീവിക്കാമെന്നു കരുതിയാണ് കുടിയേറ്റം നടക്കുന്നത്. അങ്ങനെമരച്ചീനി പ്രധാനഭക്ഷണമായി അവർ ജീവിച്ചു. പിൽക്കാലത്ത് ധാരാളമായി അരി (കേരളത്തിൽ നിന്നല്ലെങ്കിൽപോലും) പണം കൊടുത്താൽ കിട്ടുന്ന ഒരു സാഹചര്യം വന്നു. ആ സാഹചര്യം വന്നതോടുകൂടി മരച്ചീനി കൃഷി കുറഞ്ഞു. കേരളത്തിൽ ഏതാണ്ട് മൂന്നേക്കാൽ ലക്ഷം ഹെക്ടർ സ്ഥലത്ത് മരച്ചീനി കൃഷിയുണ്ടായിരുന്ന സ്ഥാനത്ത്, 2012-13 ൽ 69,586 ഹെക്ടറിൽ മാത്രമാണ് കൃഷിയുണ്ടായിരുന്നത്. അതേ സമയം, റബ്ബർ കൃഷി 5.39 ലക്ഷം ഹെക്ടറിലാണ് ഇപ്പോഴുള്ളത്. അൻപതുകളിൽ 75,000 ഹെക്ടർ സ്ഥലത്തേ റബ്ബറുണ്ടായിരുന്നുള്ളൂവെന്നോർക്കണം.

കേരളത്തിലെ ഭക്ഷ്യ കൃഷി രംഗം അതീവഗുരുതരാവസ്ഥയിലാണ്. ഓരോ വ്യക്തിക്കും പ്രതിദിനം 460 ഗ്രാം ഭക്ഷ്യധാന്യം വേണമെന്നാണ് കണക്ക്. ഈ തോതു വെച്ച് നമുക്കു വേണ്ട ഭക്ഷ്യധാന്യങ്ങൾ ആകെ 50 ലക്ഷം ടൺ വരും. നമ്മുടെ നെല്ലുൽപ്പാദനമാവട്ടെ 2012-13 ലെ കണക്കു പ്രകാരം 1.97 ലക്ഷം ഹെക്ടറിൽനിന്നും 5.08 ലക്ഷം ടൺ ആണ്. ബാക്കി മുഴുവൻ പുറത്തുനിന്നു വരണം (ഇതേവരെ രേഖപ്പെടുത്തിയ പരമാവധി ഉൽപാദനം 1975-76 ൽ ആണ്, 8.85 ലക്ഷം ഹെക്ടറിൽനിന്ന് 13.65 ലക്ഷം ടൺ). ഭാവിയിൽ "പുറത്തുനിന്ന്" വരാനുള്ള സാദ്ധ്യത കുറഞ്ഞു കുറഞ്ഞു വരുമെന്നാണ് മറ്റിടങ്ങളിലെ ജനപ്പെരുപ്പ നിര

ക്കിൽനിന്ന് മനസ്സിലാക്കേണ്ടത്. 1901 ൽ കേരളത്തിൽ ആകെ 64 ലക്ഷം ജനങ്ങളേ ഉണ്ടായിരുന്നുള്ളു എന്ന യാഥാർത്ഥ്യം വിഭവപരിമിതികൾ വിലയിരുത്തുമ്പോൾ ഉണ്ടാവണം.

വടക്കേയിന്ത്യയിൽനിന്നാണ് ഇപ്പോൾ നമുക്ക് അരി കിട്ടുന്നത്. വടക്കേയിന്ത്യയിലെ വലിയൊരു പ്രശ്നം അവിടെ ജലലഭ്യത കുറഞ്ഞുകൊണ്ടിരിക്കുകയാണ് എന്നതാണ്. അരിയെ അപേക്ഷിച്ച് ഗോതമ്പിന് വെള്ളം കുറച്ചുമതി. വടക്കേയിന്ത്യയിലെ റാബി സീസൺ കൃഷിയാണ് ഗോതമ്പ്. പഞ്ചാബിലൊക്കെ സാധാരണ റാബി (ഒക്ടോബർ - ഫെബ്രുവരി) സീസണിൽ ഗോതമ്പു കൃഷി ചെയ്യും. മാർച്ചിൽ ഹോളിയോടു കൂടി വിളവെടുക്കും. ഖാരിഫ് (ജൂൺ - സെപ്റ്റംബർ) സീസണിൽ നെൽകൃഷിയാണ്. നെൽകൃഷിക്ക് ധാരാളം വെള്ളം വേണ്ടതുകൊണ്ട് ഭൂഗർഭ ജലമാണ് അവിടെ കൂടുതൽ ഉപയോഗിക്കുന്നത്. അതൊഴിവാക്കാൻ പലപ്പോഴും നെൽകൃഷി മാറ്റി ചോളം, പയറുവർഗ്ഗങ്ങൾ മുതലായവ കൃഷി ചെയ്യാൻ നിർദ്ദേശിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യാറുണ്ട്. ഇങ്ങനെസംഭവിക്കുമ്പോൾ സ്വാഭാവികമായും അരിയുൽപാദനം കുറയും. വടക്കേയിന്ത്യയിൽ അരിയുൽപാദനം കുറയുമ്പോൾ അതു കേരളത്തെയും ബാധിക്കും. ഇന്നത്തെ സാഹചര്യത്തിൽ ഇന്ത്യയിൽ അരിയുൽപാദനം കുറയുവാനുള്ള എല്ലാ സാഹചര്യവും കാണുന്നുണ്ട്.

### ജൈവ-രാസവള വിവാദം

ജൈവവളവും രാസവളവും ഉപയോഗിച്ചുള്ള ഒരു സംയോജിതക്രമമാണ് കൃഷിയിൽ വേണ്ടത്. ജൈവവളങ്ങൾ ആവശ്യത്തിന് കിട്ടാനില്ലായെന്നത് കർഷകർ ഉന്നയിക്കുന്ന ഒരു പ്രശ്നമാണ്. പണ്ടത്തെപ്പോലെ കന്നുകാലികളെ വളർത്താൻ കർഷകർ തയ്യാറല്ല. 1987 ൽ കേരളത്തിൽ 34.24 ലക്ഷം കന്നുകാലികളുണ്ടായിരുന്നു. കന്നുകാലികളുടെ എണ്ണത്തിൽ ചെറിയൊരു കുറവ് മാത്രമേ 1996 ൽ രേഖപ്പെടുത്തിക്കാണുന്നുള്ളു (33.96 ലക്ഷം). പക്ഷേ, 2007 ലെ കണക്കുപ്രകാരം ഇവ 17.4 ലക്ഷം മാത്രമാണ്! 2015 ലെ കണക്കു നോക്കിയാൽ എത്രയുണ്ടാവും? എന്താണ് സംഭവിക്കുന്നത്? കന്നുകാലികളില്ലെങ്കിൽ ചാണകമെവിടെ നിന്നു കിട്ടും? അമ്പത്-അറുപത് വർഷം മുമ്പത്തെ നെൽകൃഷിയിൽ ചാണകം, എല്ലുപൊടി, ചാരം തുടങ്ങിയ ജൈവവളങ്ങൾ മാത്രമായിരുന്നു ഉപയോഗിച്ചിരുന്നത്. ഇവ ആവശ്യത്തിനുള്ള പോഷകങ്ങൾ നൽകും. നൈട്രജന് ചാണകം, ഫോസ്ഫറസിന് എല്ലുപൊടി, പൊട്ടാഷിന് ചാരം എന്നിങ്ങനെയുള്ള ക്രമത്തിൽ പോഷകങ്ങൾ നൽകാൻ കഴിഞ്ഞാൽ ഒരു രാസവളവും ഉപയോഗിക്കേണ്ട! രാസവളം മാത്രമുപയോഗിച്ച് കൃഷി ചെയ്യാനും പാടില്ല! നെൽകൃഷിക്ക് ഒരേക്കറിലേക്ക് 2000 കിലോഗ്രാം എങ്കിലും ജൈവവളം വേണമെന്നാണ് ശുപാർശ ചെയ്യുന്നത്. ഇതോടൊപ്പമാണ് രാസവളമിടുന്നത്. രാസവളം ഉപയോഗിക്കുന്നില്ലെങ്കിൽ 2000 കിലോഗ്രാം ചാണകവളം മാത്രം പോരാ. ചാണകപ്പൊടിയും എല്ലുപൊടിയും ചാരവും കൂടാതെ അധികപോഷണം വേണ്ടിവരുമ്പോൾ പണ്ടൊക്കെ നിലക്കടലപ്പിണ്ണാക്കു പോലുള്ള വസ്തുക്കളായിരുന്നു ചേർത്തിരുന്നത്. ഇന്ന് നിലക്കടലപ്പിണ്ണാക്കൊന്നും ഉപയോഗിക്കാൻ പറ്റുന്നില്ല. കിലോഗ്രാമിന് 20 രൂപയിലധികമാണ് അതിന്റെ വില!

പരമ്പരാഗത കൃഷി രീതികളാണ് സ്വീകരിക്കുന്നതെങ്കിൽ ഓരോ മനുഷ്യനും ആവശ്യമുള്ള ഭക്ഷണം കിട്ടുന്നതിന് ആളോഹരി 0.5 ഹെക്ടർ കൃഷി വേണമെന്നാണ് പൊതുവെ വിലയിരുത്തുന്നത്. സ്ഥലവിസ്തൃതി ഇതിലും കുറഞ്ഞാൽ സുസ്ഥിരതയെ ഹനിക്കുന്ന കടുംകൃഷി പ്രയോഗങ്ങൾ കൊണ്ടേ ആഹാരമുണ്ടാക്കാൻ കഴിയൂ. കടുംകൃഷി രീതികൾ കൂടി പരിഗണിച്ചാൽ ഓരോരുത്തർക്കുമുള്ള ഭക്ഷണമുണ്ടാക്കാൻ 0.05 മുതൽ 0.5 ഹെക്ടർ വരെ കൃഷി ഭൂമി വേണം എന്ന് കണക്കാക്കിയിരിക്കുന്നു. കേരളത്തിന്റെ ആകെ വിസ്തൃതി 38.86 ലക്ഷം ഹെക്ടർ ആണല്ലോ? 2012-13 ലെ കണക്കുപ്രകാരം ഇതിൽ 20.48 ഹെക്ടറിൽ കൃഷിയുണ്ട്. ആകെ ജനസംഖ്യ 2011 ൽ 334 ലക്ഷമായിരുന്നു. ഇതിൻ പ്രകാരം ആളോഹരി കൃഷി ഭൂമി 0.066 ഹെക്ടർ മാത്രമാണ്! നിലവിൽ ആകെ കൃഷിഭൂമിയുടെ 10% മാത്രമാണ് ഭക്ഷ്യവിളകൾ. അതായത്, ആളോഹരി ഭക്ഷ്യകൃഷിഭൂമി കേവലം 0.008 ഹെക്ടർ മാത്രമാണ് (വെറും രണ്ട് സെന്റ്!).

### കീടനാശിനികളുടെ പ്രശ്നം

ഇതൊരു ഒഴിവാക്കാനാവാത്ത തിന്മയായി കണ്ടാൽമതി. അലോപ്പതി ചികിത്സാരീതിയിലെ പല മരുന്നുകളും നിരോധിക്കേണ്ടവയും സൂക്ഷിച്ചുപയോഗിച്ചില്ലെങ്കിൽ മരണംതന്നെ സംഭവിക്കാൻ സാദ്ധ്യതയുള്ളതുമാണ്. എന്നിരുന്നാലും ഒരസുഖം വരുമ്പോൾ കഴിക്കാതിരിക്കാൻ നിർവ്വാഹമില്ല. ഇതുപോലെ ചില സാഹചര്യത്തിൽ കീടനാശിനികൾ എടുത്തു പ്രയോഗിക്കേണ്ടിവരും. കീടനാശിനിയെക്കുറിച്ചുള്ള അവബോധം മുമ്പുള്ളതിനേക്കാൾ മനുഷ്യരുടെയിടയിൽ ഇന്ന് വർദ്ധിച്ചിട്ടുണ്ട്. അന്ന് കീടനാശിനികളുടെ ദൂഷ്യവശത്തെക്കുറിച്ച് പലർക്കും അറിയില്ലായിരുന്നു. പരിസ്ഥിതിക്ക് ദോഷം വരുമെന്നുള്ളതുകൊണ്ട് ഉഗ്രവിഷമുള്ളവയെയൊക്കെ പിന്നീട് നിരോധിച്ചു.

ഫലപ്രദമായ ബദൽ രീതികൾ വന്നു കഴിയുമ്പോൾ കീടനാശിനികൾ സാവധാനം ഇല്ലാതാകും, എന്നാൽ ഒറ്റയടിക്ക് അവയെല്ലാം നിരോധിക്കാൻ സാധ്യമല്ല. പിന്നെ, കീടനാശിനികളുപയോഗിക്കുമ്പോൾ വ്യക്തമായ ചില നിർദ്ദേശങ്ങൾ പാലിക്കേണ്ടതുണ്ട്. വേണ്ടവിധത്തിൽ മുൻകരുതലുകൾ കൈക്കൊള്ളണം. ഒരു വിളയ്ക്ക് കീടനാശിനിയടിച്ചു കഴിഞ്ഞാൽ അതിനൊരു കാലാവധിയുണ്ട്. രണ്ടാഴ്ചയോ മൂന്നാഴ്ചയോ കഴിഞ്ഞതിനുശേഷം മാത്രമേ ആവിളികൾ പറിച്ചെടുക്കാവൂ തുടങ്ങിയ നിർദ്ദേശങ്ങളൊക്കെയുണ്ട്. കൃഷിയിൽ മാത്രമല്ല കീടനാശിനിയുടെ ഉപയോഗം വരുന്നത്. പയറുവർഗ്ഗങ്ങൾ പോലെയുള്ള ചില ഭക്ഷ്യധാന്യങ്ങൾ സൂക്ഷിച്ചുവയ്ക്കുവാൻ വിഷം തളിച്ചു വയ്ക്കാറുണ്ട്. കീടനാശിനിയെക്കുറിച്ച് ഒരു ബോധവൽക്കരണം സമൂഹത്തിന് ആവശ്യമാണ്.

### തൊഴിലാളി ദൗർബല്യവും കൃഷിയും

കർഷകതൊഴിലാളിയായ ഒരു തലമുറ അവരുടെ മക്കളെ കൃഷിയിടങ്ങളിലേക്കിറക്കുവാൻ ഇഷ്ടപ്പെടുന്നില്ല. അവരുടെ തലമുറയനുഭവിച്ച വിഷമങ്ങൾ തങ്ങളുടെ മക്കൾക്കുണ്ടാകരുതെന്നുള്ളതാണ് താല്പര്യം. അതുകൊ



ണ്ടുതന്നെ സ്വാഭാവികമായും മക്കളെ കർഷകത്തൊഴിലാളികളാക്കാനും ഇഷ്ടപ്പെടാറില്ല. ഇനി അങ്ങനെയൊരു സാഹചര്യം വരണമെങ്കിൽ, ഒരുപക്ഷെ വന്നേക്കാം; വിദേശങ്ങളിലെപ്പോലെ ഒരു പാർട്ട് ടൈം ജോലി സമ്പ്രദായമൊക്കെയുണ്ടാകണം. അമേരിക്കയിൽ അവരുടെ ജനസംഖ്യയിൽ രണ്ടു ശതമാനം ആളുകളേ കൃഷിയിലുള്ളൂ. കേരളത്തിലെ പകുതി ജനങ്ങൾ കൃഷിയിലാണ്. ഇന്ത്യയൊട്ടാകെയെടുത്തു കഴിഞ്ഞാൽ അത് മൂന്നിൽ രണ്ടു വരും. ഇത്രയൊന്നും ജനങ്ങളെ വരുമാനം കൊടുത്തുകൊണ്ട് താങ്ങിനിർത്തുവാൻ നമ്മുടെ കാർഷികമേഖലയ്ക്കാവില്ല. കർഷകത്തൊഴിലാളികൾക്ക് ഇപ്പോഴുള്ള കൂലിയേക്കാൾ ഉയർന്ന ഒരു കൂലി കൊടുക്കുവാൻ സാധിച്ചു കഴിഞ്ഞാൽ, ഒരുപക്ഷെ ചെറുപ്പക്കാരെ ഈ രംഗത്തേക്ക് ആകർഷിക്കാൻ കഴിഞ്ഞേക്കും. അല്ലെങ്കിൽ പാർട്ട് ടൈമായിട്ട് കിട്ടിയെന്നു വരാം. നഗരങ്ങളിലൊക്കെ വിദ്യാർത്ഥികൾ പാർട്ട് ടൈമായി പല ജോലിയും നോക്കുന്നുണ്ട്. ഇതിനുയോജിച്ചാൽ ചെറികിട യന്ത്രവൽക്കരണവും 'ഗ്രീൻ ആർമി' പോലുള്ള തൊഴിൽ സംസ്കാരവുമൊക്കെയാണ്. നടീൽ യന്ത്രവും, കളവെട്ടുന്ന യന്ത്രവുമൊക്കെ ഏറെ ജനപ്രിയമായി വരികയാണല്ലോ?

**കൃഷിയുടെ ഭാവി**

കഴിഞ്ഞ മൂന്നു-നാലു ദശകങ്ങൾക്കൊണ്ട് മലയാളികളുടെ കൃഷിരീതികളിൽ വളരെ പ്രകടമായ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. ഗൾഫ് പണം സാധാരണക്കാരന്റെ പോലും നിത്യജീവിതത്തെ മാറ്റി മറിക്കുന്നത് ഇക്കാലത്താണ്. ഹരിതവിപ്ലവത്തിന്റെ ഫലമായി വടക്കേ ഇന്ത്യയിൽ ഭക്ഷ്യോൽപ്പാദനം കുതിച്ചുയർന്നതും ഇക്കാലത്തു തന്നെ. **ആവശ്യത്തിന് ഭക്ഷ്യവസ്തുക്കൾ പണം കൊടുത്താൽ കിട്ടുന്ന സാഹചര്യം അങ്ങനെസംജാതമായി. ഇതോടു കൂടി മലയാളികൾ നെല്ലും മരച്ചീനിയുൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കൾ കൃഷിചെയ്യാൻ മടിച്ചുതുടങ്ങി. കുറഞ്ഞ വിലയ്ക്ക് ഭക്ഷ്യസാധനങ്ങൾ പുറത്തുനിന്നു വാങ്ങാൻ കിട്ടുമെങ്കിൽ ആരും അതു തന്നെയേ ചെയ്യൂ. ഈ സ്ഥിതി ഇങ്ങനെത്തന്നെ തുടരാനുള്ള സാദ്ധ്യത പക്ഷേ, കാണുന്നില്ല. കൈയിൽ പണമുണ്ട്; എന്നാൽ ആവശ്യത്തിന് ഭക്ഷ്യസാധനങ്ങൾ ലഭ്യമല്ല എന്ന സ്ഥിതി നമ്മെയെല്ലാം കുഴപ്പത്തിലാക്കാനിടയുണ്ട്!**

**കൃഷി അഭിമാനമുള്ളൊരു സംഗതിയായി വീണ്ടും മാറുമെന്ന കാര്യത്തിൽ സംശയമില്ല! ബാക്കിയെന്തെല്ലാ വികസനമുണ്ടായാലും ഭക്ഷണമില്ലാതെ നമുക്കു ജീവിക്കാൻ പറ്റില്ല. പണമുണ്ട്, പക്ഷേ ആവശ്യത്തിന് ഭക്ഷ്യ-ധാന്യമില്ലെങ്കിലെന്തു ചെയ്യും? ഭക്ഷ്യ-ധാന്യമുണ്ടാക്കുകയെന്ന കർത്തവ്യം കൃഷിക്കാരന്റേതാണ്. അങ്ങനെയൊരു സ്ഥിതി വരുമ്പോഴാണ് കർഷകന് മാന്യത വരുന്നത്. അതായത്, 50 -60 വർഷം മുമ്പ് കൃഷിക്കാരനുണ്ടായിരുന്ന മാന്യത തിരിച്ചുവരുമെന്ന് തന്നെയാണ് ഏവരും കരുതുന്നത്.**




APARNA V. M.
FALCONS '12

# നരനിൽനിന്നും വാനരനിലേക്ക്

ഇതു ഞാൻ, നരൻ, ഇന്നിൻ ജഗനിയന്ത്രിതാവ്
സൃഷ്ടി, സ്ഥിതി, സംഹാര രൂപിയാമോ-
മീശ്വരൻ തന്റെ 'മഹത്തായ' സൃഷ്ടി
വാനരരൂപത്തിലവതരിച്ചെങ്കിലും
മാനുഷനായ് പരിവർത്തനം ചെയ്തു.
തന്റെ ചിന്താശേഷിയാലിന്നു ഞാൻ
എൻ പെരുവിരലിനാൽ നിയന്ത്രിക്കും സർവ്വലോകവും
ഈരേഴുപതിനാലുലോകത്തിനധിപനാം
എന്റെ സൃഷ്ടാവായ ജഗത്ഗുരോ
അവിടത്തെ ഓർമ്മയിൽ ബാക്കിനിൽക്കുന്നുവോ
എന്റെ പൂർവ്വികനാമാദമിൻ മുഖം
ഏദൻതോട്ടം വിലക്കപ്പെട്ടപ്പോളവിടുന്നു
കൽപിച്ചതാണീ ഭൂവിലെ ക്ലേശങ്ങൾ
വാനരനായ് വിഹരിച്ചു ഞാനൊരിക്കലൊ-
ക്കാനനമത്രയും, ഗുഹകളിൽ വിഹരിച്ചു
സ്വപ്രയത്നത്താലൊന്നുകൊണ്ടുമാത്രം
മാനവനായി പരിണമിച്ചു.

എന്റെ വേരുകൾ പടർന്നു പിടിച്ചു
ഹവ്വയിലൂടീ ഭൂഗോളം മുഴുവനും
അവിടുത്തെ മായികലോകത്തിനുള്ളിൽ
സവിധം പടുത്തു ഞാൻ എൻ മതിൽക്കെട്ടുകൾ
ഒടുവിലീ കലിയുഗത്തിലെത്തിയ വേളയിൽ
വിടുതലില്ലാതെയുഴറുന്നു പ്രളയത്തിലതിൽ
ഒരുപാടഹങ്കരിച്ചിരുന്നു ഞാനെങ്കിലും
അവിടുത്തെയോർക്കാതെ വിഹരിച്ചുവെങ്കിലും
ഇടറുകയാണിന്നെൻ കാൽവെപ്പുകളോരോന്നും
പടുകുഴിയിലേക്കാണിന്നെന്റെ സഞ്ചാരം
അമ്മേ നൽകിയ ഹരിതമാം ഭൂവിന്റെ
നെഞ്ചുകീറി മാംസം പുറത്തെടുത്തു ഞാൻ
അറിയുന്നു, ഇന്നു ഞാനീ വൈകിയ വേളയിൽ
നരനിൽനിന്നു വാനരനിലേക്കുള്ളൊരെൻ
പ്രകൃതിവിരുദ്ധമാമീ പുനഃപ്രയാണം
തീർത്തും നിരർത്ഥകമെന്നറിഞ്ഞീടിലും
പറയാതെ വയ്യയീ ഹീനമാം ക്ഷമാപണം...



# ഇനിയും കഥ തുടരും...



ARAVIND K. S.
COMPUTER CLUB



ഒരു കഥാതന്തു വികസിച്ചു സിനിമയാകുന്നതിനു പിന്നിൽ സർഗ്ഗശേഷിയും രചനാവൈഭവവും ഭാവനാശേഷിയും മാത്രമല്ല, ചിലപ്പോൾ ആരുടെയോ അദൃശ്യസ്പർശവും ഉണ്ടാവാം. അവിചാരിതമായ ചില ചിന്തകൾ സിനിമയിലേക്ക് ലക്ഷ്യം വെയ്ക്കുമ്പോൾ ഉണ്ടാവാൻ ഇടയായ ചിലത് താഴെ കുറിക്കട്ടെ...

നാട്ടിൽ നടന്ന സംഭവത്തെ ആസ്പദമാക്കി ഒരു സിനിമ മനസ്സിൽ കണ്ട് എഴുതിത്തുടങ്ങിയപ്പോൾ വിചാരിച്ചിരുന്നതല്ല അതിലെ ക്ലൈമാക് ജീവിതത്തിൽ നേരിടേണ്ടിവരുമെന്ന്. എങ്ങനെവേണമെങ്കിലും അവസാനിപ്പിക്കാമായിരുന്ന കഥയെ അങ്ങനെഒരു ക്ലൈമാക്സിലേക്ക് ചിന്തിപ്പിച്ചത് കഥയിലെ സാഹചര്യങ്ങളാണ്. യാഥാർത്ഥ്യം ഒരിക്കലും സിനിമയാകുന്നില്ല. മറിച്ച് നടന്ന കഥയിൽ ഭാവനകലർത്തി അനുയോജ്യമായ രീതിയിൽ സൃഷ്ടിയാകുമ്പോഴാണ് ഒരു നല്ല സിനിമയുണ്ടാകുന്നത്.

ഈ കഥ രണ്ടു സുഹൃത്തുക്കളുടെയാണ് - വിജയൻ, ദേവൻ (പേര് യഥാർത്ഥമല്ല). അതിൽ വിജയൻ എന്ന കഥാപാത്രം കുറച്ചു പ്രത്യേകതകളുള്ള മനുഷ്യനാണ്. മദ്യപാനം അയാളെ കീഴടക്കിയിട്ടുണ്ടെങ്കിലും ഏതു പണി ചെയ്യാനും യാതൊരു മടിയുമില്ലായിരുന്നു. ഒറ്റയ്ക്കാണ് താമസം. അതുകൊണ്ടുതന്നെ മദ്യപിക്കാനുള്ള കാശുകിട്ടിയാൽ വേറെ ഒരു പണിക്കും പോകുന്നതും കണ്ടിട്ടില്ല. അയാളുടെ സുഹൃത്തായ ദേവനു വേണ്ടിയുള്ള യാത്രയിൽ നടക്കുന്ന ഒരു അപകടവും തുടർന്നുണ്ടാകുന്ന ദേവന്റെ മരണവും അതിന്റെ പിന്നിലുള്ള നടുക്കുന്ന സത്യങ്ങളും അറിഞ്ഞപ്പോൾ ഒരു സിനിമയ്ക്കുള്ള ത്രെഡ് അതിൽ ഉണ്ടെന്നു തോന്നി. മലയാളസിനിമയിൽ തരംഗം സൃഷ്ടിക്കാനാകും എന്നു വിചാരിച്ചിട്ടൊന്നുമല്ല, മറിച്ച് ചില തട്ടുപൊളിപ്പൻ സിനിമകൾ കാണുമ്പോൾ ഒരു നല്ല കഥ കിട്ടിയാൽ ഇതിനെക്കാളും നന്നായി സിനിമ ചെയ്യാൻ സാധിക്കും എന്നു തോന്നാറുണ്ട്. ഒരുപക്ഷേ, ഈ കഥ മനസ്സിലുള്ളതു കൊണ്ടാവാം അങ്ങനെയൊരു തോന്നൽ.

ആര്? എന്ത്? എപ്പോൾ? എവിടെ? എന്നറിയാമായിരുന്നു. എങ്ങനെ? എന്തുകൊണ്ട് എന്ന ചോദ്യത്തിന്റെ ഉത്തരത്തിനായി കാണാൻ ചെന്നപ്പോഴൊക്കെ ആദ്യം അയാൾ ഒഴിഞ്ഞുമാറിയിരുന്നു. പിന്നീട് അയാളുമായി നല്ലൊരു അടുപ്പം സ്ഥാപിച്ചു. കുറച്ചുനാൾ കഴിഞ്ഞപ്പോൾ മദ്യലഹരിയിൽ ഇരിക്കുമ്പോൾ തന്നെ അയാൾ അന്നു നടന്ന അപകടത്തെക്കുറിച്ചും അയാളുടെ ജീവിതത്തെക്കുറിച്ചും പറഞ്ഞു. എല്ലാം കേട്ടു കഴിഞ്ഞപ്പോൾ എനിക്ക് അത്ഭുതം തോന്നി. കാരണം അന്നു നടന്ന അപകടം അയാൾ എങ്ങനെഅതിജീവിച്ചു അല്ലെങ്കിൽ നേരിട്ടു എന്നുള്ളത് ഒരു സാധാരണക്കാരൻ ചിന്തിക്കുന്നതിലും അപ്പുറമായിരുന്നു. വിജയനെക്കുറിച്ച് കൂടുതൽ അറിയാൻ അയാളുടെ മറ്റു പല സുഹൃത്തുക്കളേയും കാണേണ്ടിവന്നു. ഇടയ്ക്കു വിജയനെയും കണ്ടു സംശയങ്ങൾ ചോദിക്കാറുണ്ട്. വിജയൻ പറയുന്ന ഓരോ സംഭാഷണങ്ങളും തർക്കുത്തരങ്ങളും വളരെ രസകരമാണ്. എഴുത്തിലേക്കു കടന്നപ്പോൾ വിജയന്റെ ഈ ഭാഷാപ്രയോഗങ്ങൾ സിനിമയ്ക്കു ഗുണകരമാകും എന്ന കാര്യത്തിൽ സംശയമില്ലായിരുന്നു. സിനിമയിൽ മോഹൻലാൽ, സമുദ്രക്കനി ഈ കഥാപാത്രങ്ങൾ ചെയ്താൽ നന്നായിരിക്കും

എന്നൊരു തോന്നലുണ്ടായിരുന്നു. അങ്ങനെചിന്തിക്കാൻ കാരണം ആരൊക്കെയാണ് അഭിനയിക്കുന്നത് എന്നു മനസ്സിൽ ഉണ്ടായാൽ അവരുടെ അഭിനയശൈലിയും പ്രത്യേകതകളും വെച്ച് ആ കഥാപാത്രങ്ങൾക്ക് രൂപം നൽകാൻ സാധിക്കും.

ആദ്യത്തെ കുറേ സീനുകൾ അയാൾ പറഞ്ഞു തന്ന സ്വന്തം അനുഭവങ്ങളും നമുക്കു ചുറ്റും നടക്കുന്നതുമായ കാര്യങ്ങളും വെച്ച് വളരെ പെട്ടെന്ന് എഴുതാൻ സാധിച്ചു. പല തിരക്കുകൾ കാരണം പിന്നീട് അതിനോടുള്ള താൽപ്പര്യം കുറഞ്ഞുവന്നു. അതിനു പ്രധാനകാരണം ഫേസ്ബുക്ക്, വാട്ട്സ്ആപ്പ് പോലുള്ള സോഷ്യൽ നെറ്റ്‌വർക്ക് സൈറ്റുകളുടെ കടന്നുവരവ് തന്നെയാണ്. ഇടയ്ക്ക് അതിനു അടിമപ്പെട്ടതായി തോന്നുമ്പോൾ അതിൽനിന്നും കുറച്ചുദിവസത്തേക്ക് മാറിനിൽക്കാറുണ്ട്. അത് ഇന്നും തുടർന്നുകൊണ്ടിരിക്കുന്നു. ഇന്നത്തെ അവസ്ഥയിൽ രാജ്യത്തെ 46% പേരും ദിനംപ്രതി ആറുമണിക്കൂറിലേറെ ഇന്റർനെറ്റ് ഉപയോഗിക്കുന്നവരാണ്. സർവ്വേ ഫലം വ്യക്തമാക്കുന്നു. ഇവരിൽത്തന്നെ 82 ശതമാനത്തോളം പേർ നെറ്റുമായി ബന്ധം ലഭിച്ചില്ലെങ്കിൽ ഉൽകണ്ഠാകുലരാണെന്ന് ഒരു പ്രമുഖ ഏജൻസി നടത്തിയ സർവ്വേ ഫലം ഈയടുത്ത് വെളിപ്പെടുത്തുകയുണ്ടായി.

വിഷയത്തിലേക്ക് വരാം, ഈ കഥ സിനിമയാക്കുക എന്നത് സത്യത്തിൽ ഒരു ലക്ഷ്യം ആണ്. ഇടയ്ക്ക് ആ ലക്ഷ്യബോധം വരുമ്പോൾ മനസ്സ് വീണ്ടും കഥയിലേക്കു പോകും. എല്ലാ സിനിമകളും കാണുന്നതിനു പിന്നിൽ ഇങ്ങനെയൊരു ആഗ്രഹവും മനസ്സിൽ ഉണ്ടായിരുന്നു. സിനിമകൾ വീണ്ടും കണ്ടുതുടങ്ങി. ചില സിനിമകൾ കാണുമ്പോൾ എഴുതിവെച്ച പല സംഭാഷണങ്ങളും തിരുത്തേണ്ടതായിവന്നു. അത് ആകസ്മികമായി സംഭവിക്കുന്നതാണ്. ജീവിച്ചിരിക്കുന്ന ഒരു വ്യക്തി ആയിരുന്നതിനാൽ എങ്ങനെഈ കഥ അവസാനിപ്പിക്കണമെന്നുള്ള തീരുമാനത്തിൽ എത്താൻ പറ്റിയിരുന്നില്ല. നടന്ന കഥ ആയതുകൊണ്ട് അതിൽ സത്യസന്ധത വേണമെന്നുണ്ട്. പക്ഷേ നടന്ന അപകടം മാത്രംവെച്ച് കഥ അവസാനിപ്പിക്കാനും പറ്റില്ല. ഒടുവിൽ അയാളുടെ ജീവിതത്തിൽ നടന്ന സംഭവം അതേപടി നിർത്തി അതിനുശേഷമുള്ള കഥയിൽ ചില മാറ്റങ്ങൾ വരുത്തി കഥയുടെ അവസാനഭാഗങ്ങൾ എഴുതാൻ തുടങ്ങി. ഒരിക്കൽ അയാൾ പറഞ്ഞിട്ടുണ്ട്, ഗവൺമെന്റ് ആഴ്ചയിൽ അഞ്ച് രൂപയ്ക്ക് അഞ്ച് കിലോ അരി തരുന്നിടത്തോളം കാലം ഞാൻ ആരുടെയും കാലുപിടിക്കാതെ ജീവിക്കുമെന്ന്. അതുകൊണ്ടു തന്നെ മരണത്തെക്കുറിച്ച് അയാൾ പറയുന്നതോ ചിന്തിക്കുന്നതോ കണ്ടിട്ടില്ല. ആത്മഹത്യ ചെയ്യുന്നവരെ പുച്ഛിക്കുന്നതും കണ്ടിട്ടുണ്ട്. യഥാർത്ഥ വിജയൻ എന്നു പറയുന്ന വ്യക്തി ഒരിക്കലും ആത്മഹത്യ ചെയ്യില്ല, അയാൾക്കതിന്റെ ആവശ്യവുമില്ല. അതുകൊണ്ടു മാത്രമല്ല തുടക്കത്തിൽ സൂചിപ്പിച്ചതുപോലെ കഥ പൂർണ്ണരൂപമായപ്പോൾ സിനിമയ്ക്കുവേണ്ട ചേരുവകൾക്ക് വേണ്ടിയും സാഹചര്യങ്ങൾ അങ്ങനെആയതുകൊണ്ടുമാണ് അയാൾ വീടിന്റെ ഉത്തരത്തിൽ തൂങ്ങി ജീവിതം അവസാനിപ്പിക്കുന്നു എന്നു എന്നെക്കൊണ്ട് ചിന്തിപ്പിച്ചത്. അല്ലാതെ വിജയൻ മരിക്കണമെന്നു ആഗ്രഹിക്കേണ്ട കാര്യമില്ല. കാരണം അയാൾ ജീവിച്ചിരുന്നതുകൊണ്ട് ആർക്കും ബുദ്ധിമുട്ടുണ്ടായി കണ്ടിട്ടുമില്ല, കേട്ടിട്ടുമില്ല.

പക്ഷേ, ഇതെല്ലാം കഴിഞ്ഞു ഏകദേശം രണ്ടാഴ്ചയ്ക്കുശേഷം ഓഫീസിൽനിന്ന് പോകുന്ന വഴി ഒരു സുഹൃത്ത് വിളിച്ചുപറഞ്ഞു: 'വിജയേട്ടൻ കുറച്ചു മുമ്പ് മരിച്ചു. നീ അറിഞ്ഞിരുന്നോ?' എന്ന്. അതു കേട്ടപ്പോൾ എനിക്ക് അത്ഭുതമൊന്നും തോന്നിയില്ല. കാരണം അയാൾ വയ്യാതെ കിടന്നുപോയാലാണ് പ്രശ്നം. ഒരു തുള്ളി വെള്ളം കൊടുക്കാൻ പോലും ആരും ഇല്ലാതെ നരകിക്കാതെ ആരെയും ബുദ്ധിമുട്ടിക്കാതെ പോയല്ലോ എന്ന് ആശ്വസിച്ചു. പക്ഷേ അവിടെയെത്തി വിജയേട്ടന്റെ വീട്ടിലേക്കു ചെന്നപ്പോൾ കണ്ട കാഴ്ച എന്നെ അത്ഭുതപ്പെടുത്തി. വിജയേട്ടൻ ഉത്തരത്തിൽ തൂങ്ങി ആടുന്നു. കുറച്ചുനേരത്തേക്ക് ഒരു നിശബ്ദത വന്നുമൂടി ആരോടും സംസാരിക്കാൻ തോന്നിയില്ല. അങ്ങനെസംഭവിച്ചതിൽ വിഷമത്തേക്കാൾ കൂടുതൽ അത്ഭുതമായിരുന്നു. ആരോടും ഇതിനെക്കുറിച്ച് പറയാനും പോയില്ല. അതിനുള്ള ധൈര്യം ഇല്ലായിരുന്നു എന്നു പറയുന്നതാവും സത്യം. അയാൾ എന്തുകൊണ്ട് അങ്ങനെചെയ്തു എന്നത് ഇപ്പോഴും ആർക്കും അറിയാത്ത കാര്യമാണ്.

കാണുന്ന ചില സ്വപ്നങ്ങൾ അതിന്റെ തൊട്ടടുത്തു വരെ ജീവിതത്തിൽ എത്തിയിട്ടുണ്ട്. ഇത് എവിടെയോ കണ്ടതാണല്ലോ അല്ലെങ്കിൽ വായിച്ചതാണല്ലോ എന്നു മനസ്സിൽ വരുന്നതിനുമുമ്പേ മാറിപ്പോകും. പക്ഷേ, അതുപോലെ ആയിരുന്നില്ല ഈ കഥയുടെ അവസാന ഭാഗത്തിനുവേണ്ടി എഴുതിയത്. ചിലപ്പോൾ അങ്ങനെയാവാം നമ്മൾ പറയുന്നതോ എഴുതുന്നതോ സ്വപ്നം കാണുന്നതോ ആയ കാര്യങ്ങൾ ജീവിതത്തിൽ സംഭവിച്ചേക്കാം. ഇതൊന്നും ആരും തീരുമാനിക്കുന്നതല്ല. പക്ഷേ എഴുതിയതോ, സ്വപ്നം കാണുന്നതോ ആയ കാര്യങ്ങൾ ജീവിത്തിൽ അനുഭവിക്കേണ്ടി വരുന്നത് പറഞ്ഞറിയിക്കാൻ പറ്റാത്ത വൈകാരികാനുഭവമാണ്. ഒരുപക്ഷേ, നിങ്ങൾക്ക് തോന്നിയേക്കാം എന്താണ് അയാളുടെ ജീവിതത്തിൽ നടന്നത് എന്ന്. അതു സൂചിപ്പിക്കാത്തത് ഞാനല്ലെങ്കിൽ വേറൊരാൾ ഈ തിരക്കഥ പൂർത്തിയാക്കി നാളെ നിങ്ങൾക്കു മുന്നിൽ ഈ കഥ സിനിമയായി എത്തിപ്പെട്ടേക്കാം എന്ന വിശ്വാസംകൊണ്ടാണ്. എങ്ങനെയൊക്കെ എഴുതിയാലും എന്തൊക്കെ നടന്നാലും യഥാർത്ഥ വിജയൻ അവിടെ അവസാനിച്ചു. കഥയിലെ വിജയേട്ടൻ എങ്ങും എത്താതെ ഇപ്പോഴും യാത്ര തുടരുന്നു. ഇത് സിനിമ സ്വപ്നം കാണുന്ന എല്ലാവർക്കും പലതലത്തിലും അനുഭവമാകുന്ന ഒരു സാഹചര്യമാണ്. യാഥാർത്ഥ്യത്തിന്റെയും കാല്പനികതയുടെയും മായികമായ കൂടിച്ചേരലിലൂടെ ഉണ്ടാകുന്നതാണല്ലോ സിനിമ!!! ■

DIVYA V. U.
NAKSHATHRA' 11



# നാം എങ്ങോട്ട്?

വാർദ്ധക്യമെന്ന വെള്ളിനൂലിൽ
പെറ്റുട്ടിയവരെ കെട്ടിനിർത്തി,
ഇംഗ്ലീഷ് അക്ഷരങ്ങൾ ചവച്ചിറക്കി
ഗുരുത്വമാണു മഹത്വമെന്നു വിസ്മരിച്ച്
ചാപല്യമേറിയ കുഞ്ഞിനെപ്പോൽ
അമ്മയാം പ്രകൃതിയെ വേദനിപ്പിച്ചും,
പണമെന്ന വിലയില്ലാവാക്കിനുമേൽ
ഒരേ ഉദരത്തിൽ പിറവികൊണ്ടവനെകൊന്ന്
'പുരോഗതി'യെന്നൊരു നാലക്ഷരത്തിൽ
തിന്മകളെ ഒളിപ്പിക്കുന്നീ ലോകം
നെരിപ്പോടിനെക്കാൾ നീറുകയാണിന്നു
പെൺകുഞ്ഞിനെപ്രസവിക്കുന്ന മാതൃഹൃദയം
ത്രാണിയില്ലിനിയും കണ്ണു നിറയ്ക്കുമീ
കാഴ്ചകൾ കാണ്മാൻ...
ഇരുളിനെപ്രണയിക്കുന്നവരാണിവർ
വെളിച്ചത്തെ വെറുക്കുന്നവർ
അവസാനഅത്താണിക്കുമവർ ചിഹ്നങ്ങൾ ചാർത്തുന്നു,
ഭ്രഷ്ടു കല്പിക്കുന്നു...
സ്വാർത്ഥതയും അസൂയയും കൊണ്ടവർ
പണിത ഭിത്തികൾ,
നിസംഗതയെന്ന തിമിരം കൊണ്ടു
മറയ്ക്കുന്നെൻ കാഴ്ചയെ...
ഇനിയുമറിയുകയില്ലെനിക്കീ ലോകം എങ്ങോട്ട്?
അടിച്ചമർത്തപ്പെട്ടവരുടെ രോദനങ്ങളിൽ
തകരുമാ ഭിത്തികൾ...
പ്രകാശം തുളച്ചുകയറുമാ വിള്ളലുകളിൽ
ഇതെൻ മനോരാജ്യമാകാം
ഒരു വിഡ്ഢിയുടെ ജല്പനങ്ങളാകാം...
ഈ പ്രതീക്ഷയിലാണിന്നെന്നോരോ ദിനവും

# അവശേഷിച്ച
# വിത്തുകൾ


EBI MOL
NAKSHATHRA '11

തണുത്ത പുലരി.... കിളികളുടെ കളാരവം മെല്ലെ ഉയർന്നു തുടങ്ങുന്നു. പതിവിനും സുപരിചിതമല്ലാത്ത ഏതോ ഗാനം ഊളിയിട്ടങ്ങനെവരുന്നു. അജ്ഞാതമല്ലാത്ത ഏതോ കോടാലിത്തലപ്പിനായി ആയുസ്സ് കുറിച്ചിട്ട ഒരു തണൽമരത്തിലിരുന്നങ്ങനെതന്റെ പഴയ വസന്തകാലത്തിന്റെ സ്മരണയലലിഞ്ഞു ചേർന്നു പാടുന്ന ഏതോ ദേശാടനപ്പക്ഷിയാവാം. പുറത്തെ ഏതോ വലിയ ലോകത്തിന്റെ പ്രതിധ്വനിയായി അതങ്ങനെമുഴങ്ങുന്നു. ആഗ്രഹിക്കാത്ത സ്വാതന്ത്രതയുടെ മുന്നോടിയായങ്ങനെ....

ഉച്ചയോടുകൂടി സ്വാതന്ത്ര്യം ഒരു തെളിഞ്ഞ ആകാശത്തെ സമ്മാനിച്ചു. കാലടികളെ നിയന്ത്രിക്കാതെ ആകാശത്തിന്റെ അനന്തതയിലേക്ക് നോക്കി അയാളുരുവിട്ടു. "അത്, താൻ ജയിൽ മോചിതനായിരിക്കുന്നു." രാവിലെ മുതൽ ഇടനാഴിയിൽ കാത്തുനിൽക്കുകയായിരുന്നു. നടപടിക്രമങ്ങളും എഴുത്തുകുത്തുകളും കഴിയാൻ വൈകി. ആ ഇടനാഴിയിലെ ഇളം കാറ്റും ചെറുചൂടും എല്ലാം നഷ്ടപ്പെടാൻ പോകുന്നുവെന്ന സത്യം, ദിവസവും കാണുന്ന പരിചിതമായ മുഖങ്ങൾ, കൂടെപ്പിറപ്പിനെപ്പോലെ സ്നേഹിക്കുന്ന കുറെ മനസ്സുകൾ ... ഒരിക്കൽ ഇവിടെ നിന്നു പോകണമെന്നത് നിശ്ചിതമായിരുന്നു. തനിക്കു ലഭിക്കാൻ പോകുന്ന പുറത്തെ വിലക്കുകളില്ലാത്ത സ്വാതന്ത്ര്യത്തെക്കാൾ ഇവിടുത്തെ സ്വാതന്ത്യമായിരുന്നു മധുരമെന്നു അയാൾ അവിടെ നിൽക്കുമ്പോൾ ഓർത്തു. പുറത്തേക്കിറങ്ങിയാൽ ഇനിയെന്ത് എന്ന വലിയ ചോദ്യചിഹ്നമായി ഒരു ലോകം മുന്നിലങ്ങനെകിടക്കുകയാവും.

അയാൾ നടന്നു. മുന്നോട്ട്... എവിടെക്കെന്നില്ലാതെ. നാൽക്കവലയിൽ പാദങ്ങൾ നിശ്ചലമായി. ഒരു നിമിഷം അതിന്റെ കൈപിടിയിലൊതുങ്ങി മുന്നോട്ടുള്ള വഴിയുടെ ഗതി. അലകളുടെ ആരവം അടുത്തെത്തി. അയാൾക്കത് കേൾക്കാം. മുന്നിൽ അലറിവിളിക്കുന്ന സാഗരം കണ്ണെത്താ ദൂരത്തോളം പരന്നങ്ങനെകിടക്കുന്നു.

കരയിലെ എല്ലാവേദനയും വിരഹവും ദുഃഖവും ഏറ്റെടുത്ത് കണ്ണുനീരിന് ഉപ്പുമാത്രം അവശേഷിപ്പിച്ച് കരയെക്കാൾ വലുതായി മാറിയ അദ്ഭുതം!!സർവ്വം സാക്ഷിയായ കടലിനോടു തന്നെ ചോദിച്ചു. "ഇനിയെങ്ങോട്ട്?" ഭാവവ്യത്യാസമില്ലാതെ പിന്നെയും ഒരു തിര കാലിനെയുരുമ്മി കടന്നുപോയി. ഗൃഹാതുരതയുടെ ആഴങ്ങളിൽ തിരിച്ചു ചെല്ലാമെന്നു കൊടുത്ത വാക്കില്ല. കടൽക്കാറ്റിന്റെ ഇളം മർമരങ്ങൾ വിരിയുന്നതിനു മുൻപേ കൊഴിഞ്ഞ ഒരു സ്വപ്നത്തിന്റെ ഓർമകളെ തലോടി. അതിന്റെ അവശിഷ്ടങ്ങൾ പരതാനെങ്കിലും തിരികെചെല്ലുവാനായി ആരോ പറയുന്നു. കഴിഞ്ഞ വർഷങ്ങൾ. തിരിച്ച് ജന്മനാട്ടിലേക്ക്. ഊർജ്ജം പകർന്ന മണ്ണിലേക്ക്. താരാട്ടുപാടിയ പുഴയുടെ തീരങ്ങളിലേക്ക്.

തന്റെ ഗ്രാമത്തിന്റെ നെറുകയിലൂടെ നാഗരികത ഇഴഞ്ഞുപോയിരിക്കുന്നു. അതിന്റെ മുഖച്ഛായ തന്നെ മാറ്റി... പുഴ തന്റെ പഴയകാലം പോലും ഓർത്തെടുക്കുവാൻ കഴിയാത്ത വിധത്തിൽ. എല്ലാം മറന്ന് മരവിച്ചിരിക്കുന്നു. ഒരിറ്റു കണ്ണീരുപോലും അവശേഷിക്കാതെ. അപ്പൂപ്പൻ മരവും, ചക്കരമാവും അരയാലുമെല്ലാം അടയാളങ്ങൾ അവശേഷിപ്പിക്കാതെ കോൺക്രീറ്റ് കെട്ടിടങ്ങൾക്കും, റോഡുകൾക്കുമെല്ലാമായി വഴിമാറികൊടുത്തിരിക്കുന്നു. യാന്ത്രികമായി ചലിച്ച കാലുകൾ അയാളെ എത്തിച്ചത് കാലഹരണപെട്ടു പോകാറായ ആ പഴയ പള്ളിയുടെയും അതിനടുത്തായുള്ള ജീർണിച്ച അനാഥാലയത്തിന്റെയും മണ്ണിലാണ്. പിച്ച വച്ച് നടന്ന പടികൾ മെല്ലെ അയാൾ കയറി. വിശപ്പിന്റേയും കഷ്ടതയുടെയും അവഗണനയുടെയും അനാഥ ബാല്യം.

ആരോ തന്നെ പിന്നിൽ നിന്നു വിളിക്കുന്നത് പോലെ തോന്നി. അതവളുടെ കൊഞ്ചലല്ലേ! കഠിനയാതനകളുടെ അനാഥത്വത്തിൽ ഒരു കുളിർ മഴയായ് മാറിയ കളികൂട്ടുകാരി. അവളെക്കുറിച്ചുള്ള ഓർമ്മകൾ അയാളുടെ മനസ്സിനെ ഭ്രാന്തമാക്കി. തകർന്നടിഞ്ഞ സ്വപ്നങ്ങൾ കൈവിട്ടു പോയ ജീവിതം തലോടിയ തെന്നൽ തന്നെ എല്ലാം തകർത്തെറിഞ്ഞോ? അയാളുടെ ഹൃദയമിടിപ്പിന്റെ വേഗത കൂടിക്കൂടി വന്നു. കാറ്റിന്റെ കരങ്ങളാലോ അതോ നുറുങ്ങുന്ന ഹൃദയത്താലോ എന്തോ, ഭൂതകാലത്തിലേക്കയാള് വഴുതി വീണു. ബാല്യം കുസൃതികളുടേതല്ല, കഷ്ടതകളുടെതായിരുന്നു. അനാഥാലയത്തിന്റെ നാലുചുവരുകൾക്കിടയിൽ നിന്നു പുറത്തേക്ക് ഉറച്ച കാൽവെപ്പുകൾ വെക്കാനാഗ്രഹിച്ച മനസ്സിന് പഠനം ഒരാവേശമായിരുന്നു.

അറിവിനായുള്ള അതിയായ തൃഷ്ണയിൽ, തികഞ്ഞ ഉത്സാഹത്തോടെ പള്ളിവക സ്കൂളിൽ ചേർന്നപ്പോഴാണ് മാലാഖയെപ്പോലെ അവൾ കടന്നു വന്നത്, നിർമ്മല. വിശപ്പിന്റെ ക്രൂരതയിൽ തളർന്നു വീഴുമ്പോൾ ഒരു പൊതിച്ചോറിനായി എന്നും നിറയെ അമൃത് വിളമ്പിയവൾ ആരുമില്ലാത്തവന് ഒരായിരം ബന്ധുക്കളായി മാറി.

അമ്മയില്ലാത്തവൾക്ക് സ്നേഹനിധിയായ ഒരച്ഛനാണുള്ളത്. ഗ്രാമത്തിന്റെ തലവനായി പൊതുപ്രവർത്തനങ്ങളിലേർപ്പെട്ടിരുന്ന നിസ്വാർത്ഥനായി ആ മനുഷ്യൻ കരുതിവെച്ച സ്നേഹമത്രയും മകൾക്ക് കൊടുക്കുവാൻ കഴിഞ്ഞില്ല. തിരക്കിനിടയിലും മറക്കാതെ വാത്സല്യത്തിൽ അവൾക്കു കുറവ് വരാതിരിക്കുവാൻ ഒരമ്മയെ കൊടുക്കു

വാനാമ് ശ്രമിച്ചത്. പകരക്കാരിയുടെ സ്നേഹം മകൾക്ക് തുണയാകുമെന്ന വ്യർത്ഥമായിപ്പോയ പ്രതീക്ഷയിൽ... വീടിനെക്കാളേറെ അവൾക്കു സന്തോഷം നൽകുന്നത് ഞങ്ങൾ ഒന്നിച്ചു കളിച്ചു രസിച്ചു നടന്ന ചക്കരമാവിന് ചുവട്ടിലും, താഴവരിയിലുമായിരുന്നു. സൗഹൃദത്തിനുമപ്പുറത്ത് ഏതെങ്കിലും പേരിൽ ഒതുങ്ങികൂടുന്ന ബന്ധത്തിനുമതീതമായി അവരുടെ ആത്മബന്ധം ശക്തമായി.

പഠനത്തിൽ മികച്ച നിലവാരം നിലനിർത്തിയതിനാലാവും ഉന്നത പഠനത്തിനും അതിനെത്തുടർന്ന് മികച്ച ഒരു ജോലിയും വാഗ്ദാനം നൽകി ഡേവിഡിന്റെ രക്ഷിതാവും, വഴികാട്ടിയുമായ പൗലോസച്ചന്റെ സുഹൃത്ത് കടന്നുവന്നത്. ദൂരദേശത്തിലേക്കുള്ള തയ്യാറെടുപ്പുകൾക്കിടയിലും അവളെ പിരിയുക എന്നത് ഉമിത്തീയിലകപ്പെട്ടതിനേക്കാൾ നീറുന്ന വിങ്ങലായിരുന്നു. അവളുടെ അഛനോടപേക്ഷിക്കാനുള്ള അർഹതയ്ക്കെങ്കിലും അനിവാര്യമായ യാത്രയ്ക്ക് വിടപറയാനായി അരയാലിൻ ചുവട്ടിലെത്തിയപ്പോൾ മനസ്സിൽ കണ്ണുനീര് തളംകെട്ടി നിർത്തി. വാക്കുകളുടെ ദൗർലഭ്യത്തിൽ, നിസംഗതയിൽ തപ്പിത്തടഞ്ഞ്, ഇടറിയ ശബ്ദം പുറത്തു വരുന്നതിനു മുൻപേ അവളുടെയഛന്റേയും കൂട്ടരുടേയും മുഖം കറുത്തു.

ആലിൻ ചുവട്ടിൽ ക്ഷുഭിതനായ അദ്ദേഹത്തിന്റെ നിയന്ത്രണം നഷ്ടപ്പെട്ടു. മകളോടുള്ള സ്നേഹവും, അപമാനവുമെല്ലാം അയാളുടെയുള്ളിൽ നീറിപ്പുകഞ്ഞു. അതിൽ നിന്നുത്ഭവിച്ച തീ ആളികത്തിയത് ഡേവിഡിന്റെ മേൽ പ്രഹരമേൽപ്പിച്ചു. ഒരു സ്നേഹിതന്റെ കൂടെ അയാൾ മകളെ വീട്ടിലേക്കയച്ചു. ശാസനയുടെ അന്ത്യഘട്ടതതിൽ സൗമ്യനായ ആ മനുഷ്യൻ ഇത്രയേറെ തിളച്ചു മറിയുന്നതെന്തിനാണെന്ന അവന്റെ സംശയത്തിനു തടയിട്ട്, സ്നേഹിതന് അവനെകയ്യേറ്റം ചെയ്യുന്നത് തുടർന്നു. 'ഇപ്പോഴെന്തായി? താൻ പറഞ്ഞതെല്ലാം സത്യമായില്ലേ? എന്ന ധ്വനിയായിരുന്നു അയാളുടെ ആക്രോശങ്ങളിൽ മുഴുവൻ.

ഇപ്പോൾ ഡേവിഡിനേകദേശം കാര്യങ്ങൾ വ്യക്തമായി. കൂടെയുള്ളയാൾ പകരക്കാരിയുടെ ബന്ധുവാണ്. അവരുടെ ശുപാർശയോടുകൂടി അയാൾ അവളെ വിവാഹം കഴിക്കാനുള്ള കരുനീക്കങ്ങളിലാണ്. അതിനു സമ്മതിക്കാതിരുന്ന അഛനോട് അവളെയും തന്നെയും ചേർത്ത് പല അപവാദങ്ങളും പറഞ്ഞിരിക്കുന്നു. അതിനൊന്നും വകവെയ്ക്കാതെ അയാളോടെതിർത്ത് സംസാരിച്ചു വരുന്ന വഴിയാണ് അദ്ദേഹം ഞങ്ങളെ തിരിച്ചറിഞ്ഞത് . അയാളുടെ മുന്നിൽ അദ്ദേഹത്തിനു അപമാനം സഹിക്കുവാൻ കഴിഞ്ഞില്ല.

പിന്നെയും തന്നെയപമാനിച്ച്,തന്റെ മകളെക്കുറിച്ച് അനാവശ്യം പറയുന്നത് താങ്ങുവാൻ കഴിയാത്ത അച്ഛന് അയാളോട് കയർക്കുവാൻ തുടങ്ങി. കർക്കശം കയ്യേറ്റത്തിലവസാനിച്ചിട്ടും താനെന്തു ചെയ്യണമെന്നറിയാതെ, അതിലിടപെടാനുള്ള അർഹതയില്ലെന്നു മനസ്സിലാക്കി നിസ്സഹായനായി അവൻ നോക്കി നിന്നു. അവളുടെയഛന് അയാളുടെ പ്രഹരമേറ്റു വീണു. ഇനിയും നോക്കിനിൽക്കാൻ കഴിയാതെ അവൻ അദ്ദേഹത്തെ താങ്ങിനിർത്തി. അലറിയടുക്കുന്ന അയാളെ തടഞ്ഞു. അയാൾ ആഞ്ഞടിച്ചു. അവൻ ഒഴിഞ്ഞു മാറവേ അയാളാണതേറ്റു വാങ്ങിയത്. അയാൾ മറിഞ്ഞു വീണു. അദ്ദേഹത്തെ രക്ഷിക്കുവാനുള്ള വ്യഗ്രതയിൽ അവൻ അയാളെ കോരിയെടുത്തു. ദൈവത്തിനു പക്ഷെ അവരുടെ ജീവിതത്തിൽ വികൃതി കാട്ടാനായിരിക്കണം ഇഷ്ടം.

അവന്റെ കണ്ണുനീര് സ്വപ്നങ്ങൾ വിതച്ചു കൊയ്യാൻ കഴിയാതെ പോയ ആ മണ്ണിനെനനച്ചു. കാരാഗൃഹവാസത്തേക്കാളേറെ അവളെയെങ്കിലും സത്യം ബോധ്യപ്പെടുത്താൻ സാധിച്ചില്ലല്ലോ എന്ന വിങ്ങലായിരുന്നു കഠിനം. ഇല്ല അവൾക്കൊരിക്കലും തന്നോട് ക്ഷമിക്കുവാൻ കഴിയില്ല. ആ ദുഷ്ടനവളുടെ ജീവിതം തന്റെ കൈപിടിയിലൊതുക്കി കാരാഗൃഹത്തിലാഴ്ത്തിയിരിക്കുമോ? അവളെവിടെയെങ്കിലും സുഖമായി ജീവിച്ചിരുന്നാൽ മതിയായിരുന്നു. തന്നെ വെറുക്കുന്ന അവളുടെ കണ്ണുകൾ ഒരിക്കലും എന്നെ കാണാതിരിക്കട്ടെ. ജീവിതവും ജീവനായ് കരുതിയതും നഷ്ടപ്പെട്ടിരിക്കുന്നു. അയാൾ തേങ്ങലുകൾ നിലയ്ക്കാത്ത മനസ്സുമായി തിരികെപ്പോകാനൊരുങ്ങി. ദളമർമ്മരങ്ങൾക്കിടയിൽ എങ്ങോ മറന്ന് വെച്ച എന്തോ തിരഞ്ഞു. ചുറ്റുപാടും അല്പം മാത്രം ബാക്കിയായ ജീവശ്വാസം ഒരു കുമ്പിൾ നിറച്ച് മുന്നോട്ട് ഒരു ചുവടു മാത്രം വച്ചു.

അയാൾക്ക് തന്റെ കണ്ണുകളെ വിശ്വസിക്കാൻ കഴിഞ്ഞില്ല. സ്വപ്നമോ മിഥ്യയോ? കൈവിട്ടുപോയ മനസ്സിന്റെ മൂഢതയാവാം. അവൾ മുന്നിൽ നിൽക്കുന്നതുപോലെ ...' അല്ല. അതവള് തന്നെയാണ്. തന്നോട ക്ഷമിക്കാത്ത, തന്നെ വെറുക്കുന്ന കണ്ണുകളില്ല. കോടാനുകോടി യുഗങ്ങളുടെ നിശബ്ദത. തനിക്കു കയ്യബദ്ധം പറ്റിയിട്ടില്ലെന്നു ന്യായീകരിക്കുന്നതിനു മുൻപേ, താനെല്ലാം മനസ്സിലാക്കുന്നുവെന്നവൾ പറഞ്ഞു. പിന്നെ, പകരക്കാരിക്കും ബന്ധുക്കൽക്കും സ്വത്തുമാത്രം ആവശ്യമായിരുന്നതും. താഴ്വരയുടെ ഒരു കോണിൽ സ്വപ്നങ്ങളുടെ ഒരിറ്റു മണ്ണുമാത്രം മുതൽക്കൂട്ടോടെ അവിടെ താമസിക്കുന്നു.

അയാളുടെ കയ്യിൽ അവൾക്കു നൽകാൻ ഒന്നുമില്ലായിരുന്നു. ഒരു കുമ്പിൾ ജീവശ്വാസമല്ലാതെ. പക്ഷേ അവൾക്കത് ഒരായുസ്സിലേക്കുള്ളതായിരു ന്നു. ഇടിമിന്നലേറ്റു വിറച്ചുപോയ സ്വപ്നങ്ങളുടെ ആ താഴ്വരയിൽ പ്രകൃതിയുടെ പുതുമഴയിൽ പിന്നെയും വിത്തുകൾ മുളച്ചു. സ്നേഹത്തിന്റേയും സഹനത്തിന്റേയും ചെറുത്തു നിൽപ്പിന്റേയും അവശേഷിക്കുന്ന വിത്തുകൾ

■

# YES, WE ARE POOR, THAT DOESN'T MEAN WE CAN'T

LIZ J KAPPAN
AAGNEYA '13



[illegible] ... [illegible] cheaper than an eight lane [illegible] in Mumbai, well less than the space adventure movie 'Gravity' Hollywood [illegible] on Mangalyan is the first interplanetary mission to succeed in its first attempt and India the first Asian nation to do so. In the lime light ISRO was earmarked there name as the fourth agency to reach mars after NASA, Soviet Space Program and European Space agency.

The primary objective of Mangalyan is to showcase India's rock launch systems, space craft building and operational capability. The secondary objective is to explore mars surface features, morphology and mineralogy and marsian atmosphere using indigenous scientific instruments.

A smart action by smart people, this space revolution from a developing nation with human resource as the only wealth was greeted by [illegible]ckhanded compliments from western media. Indi[illegible] [illegible]ticism from the royal developed world f[illegible]

[illegible] activities rated as [illegible] [illegible]vesting on [illegible] economic up[illegible] [illegible] [illegible] space mission carried out at less [illegible] [illegible] grown manpower and technology [illegible] [illegible] Rs 4/- on an average on every In[illegible] ma[illegible] than the autorikshaw charges anywhere across the [illegible] when the fact reminds that many of the elite manpower that Indian has laboured to educate out of its poverty has been brain drained. Moreover the statistics on Indian poverty has ever been a stock phrase used with uncanny regularity by western journalist. To note is that the Americans didn't wait to solve these endemic civil right problems before stepping to moon.

Yes, we are poor. Yes, we are low in other development indices, that doesn't mean we are in no place to innovate, no place to inspire the world certified as prerogative well heeled.

Yes, we are poor, that doesn't mean we can't.

# അവശേഷിപ്പ്



രാവിന്റെ യവനിക ഉയരുമ്പോൾ

രാമഴ തകർത്തുപെയ്യുകയായിരുന്നു

രാത്രിയുടെ മടിത്തട്ടിൽ ചാഞ്ഞുറങ്ങും മുൻപ്


രൂപത്തിലും ഭാവത്തിലും ഞാൻ വെള്ളപുതച്ചു

ഒരുപക്ഷെ,

ഓരോന്നും ചരിത്രത്തിലെ അവശേഷിപ്പുകളായി മാറുകയാണിവിടെ


ANITTA JUDY KURIAN
AAGNEYA' 13




Life is the art of drawing without an eraser.
Anitta Judy Kurian
Aagneya 13



SAI PARVATHY C.
FALCONS' 12



# സ്മൃതി

എന്റെ യാത്രയിലുടനീളം ഭീതിജനകമായ ഒരു സ്വപ്നം പിൻതുടരുന്നു. നിദ്രയിൽ നിന്നെന്നെ നിരന്തരം അകറ്റുന്നു, ഒരിക്കലും പിടിതരാതെ എന്നിൽനിന്ന് ഒഴിഞ്ഞുമാറുന്നു. പീലികൾ പൂട്ടുമ്പോൾ നിറയുന്ന സിന്ദൂരവർണ്ണവും ചിലങ്കയുടെ സ്പന്ദനവും... ഞാൻ വല്ലാതെ അസ്വസ്ഥമാവുന്നു. ഉറഞ്ഞു തുള്ളുന്ന കോമരവും വാളിന്റെ ചിലമ്പലും ചെമ്പട്ടും അട്ടഹാസങ്ങളും... കരിങ്കൽത്തറയിലെ നാഗയക്ഷിക്കു മുന്നിൽ നിറഞ്ഞുകത്തുന്ന ദീപവും ആ ശോഭയ്ക്കു മാറ്റേകുന്ന മഞ്ഞൾനിറവും. കാവിന്റെ അധിപരായി വാഴുന്ന സർപ്പങ്ങളും അവരുടെ ആജ്ഞാനുവർത്തികളാകുന്ന മറ്റു ജീവികളും. ബാല്യത്തിലെന്നോ കേട്ട പുള്ളുവൻ പാട്ടിന്റെ ഈരടികളും കാവിന്റെ കുളിർമയും... ഇവയെല്ലാം ഏതോ ശാപം പോലെ നിത്യവും എന്നെ വേട്ടയാടിക്കൊണ്ടിരിക്കുന്നു.

മുത്തശ്ശിയുടെ പുരാണകഥകളും പ്രേതകഥകളും കേട്ടു ഭക്തിയും ഭയവും നിറഞ്ഞ ഒരു ബാല്യം എനിക്കുണ്ടായിരുന്നു. എണ്ണിയാലൊടുങ്ങാത്ത ദൈവങ്ങളുടെ വിഗ്രഹങ്ങളെ ഉൾക്കൊള്ളാൻ എന്റെ കുഞ്ഞുമനസ്സിന് സാധിച്ചിരുന്നോ എന്തോ... വേനലവധിക്ക് തറവാട്ടിലെത്തുമ്പോൾ തന്റെ കൈകളിൽ ഊഞ്ഞാലും ഇലഞ്ഞിപ്പൂവിന്റെ മാസ്മരഗന്ധവുമായി ആ കാവ് എന്നെ കാത്തിരിക്കുന്നുണ്ടായിരുന്നു. കാറ്റിന്റെ താളത്തിൽ വീഴുന്ന ഇലഞ്ഞിപ്പൂവുകൾ പെറുക്കി മാല കോർത്തു... ഞാവൽ പഴം തിന്നു വായും ചുണ്ടും വയലറ്റ് നിറമുള്ളതാക്കി. എന്നിരുന്നാലും എപ്പോഴെല്ലാം ഞാൻ ആ കരിങ്കൽത്തറയുടെ മുന്നിൽ വന്നുപെട്ടുവോ അപ്പോഴെല്ലാം ഭയഭക്തിയോടെ തൊഴുതു കഴിഞ്ഞാലല്ലാതെ അവിടെനിന്നു മാറാനെനിക്കു സാധിച്ചിരുന്നില്ല.

ബാല്യത്തിൽനിന്നു കോണി കയറിയ ഈ ഞാൻ തന്നെയാണ് ആ ആവാസത്തിനുമേൽ ആദ്യത്തെ മഴു വെച്ചത്. എന്റെയുള്ളിലെ ഓർമ്മകൾക്കും സ്മരണകൾക്കും എന്നെ തടയാനായില്ല. ആ കാവിനെഞാൻ നശിപ്പിച്ചു. വിഗ്രഹങ്ങൾക്കു മുന്നിൽ കരിന്തിരി കത്തിയപ്പോഴും ഓരോ തണലും വെട്ടി നശിപ്പിച്ചപ്പോഴും വ്യവസ്ഥകളുടെ ചങ്ങലകൾ പൊട്ടിച്ചപ്പോഴും എന്റെ കൈകൾ വിറച്ചില്ല. എന്നാൽ ആ ശാപം... അതന്റെ ഓർമ്മകളെയും ബാല്യത്തിനെയും ഉണർത്തുന്നു. എല്ലാം ഞാൻ നശിപ്പിച്ചെന്ന കുറ്റബോധത്തിന്റെ ചുഴിയിൽ ഞാൻ കറങ്ങുന്നു.

ഏറെ എനിക്കിത് താങ്ങുവാൻ വയ്യ. ആ ഓർമ്മകളെയും സ്വപ്നങ്ങളെയും എനിക്കു കുഴിച്ചുമൂടണം. അവയ്ക്കു മേലെ വാനംമുട്ടെ ഉയരുന്ന സിമന്റ് ഭിത്തികളും ജനലഴികളും നിർമ്മിക്കണം. എന്നിട്ട് അതിന്റെ ഉച്ചിയിൽ കേറിയിരുന്ന് എനിക്കു വിളിച്ചു പറയണം. ഞാൻ എല്ലാറ്റിനെയും തോൽപ്പിച്ചുവെന്ന്...

സ്വപ്നങ്ങൾപോലും എന്നെ തോൽപ്പിക്കാതിരിക്കാൻ കുറേ ഉറക്കഗുളികകൾ വാരി തിന്ന് ഞാൻ ഉറക്കത്തിന്റെ ക്ഷണവും കാത്തു കിടന്നു.




# Quot





1."*Live as if you were to die tomorrow Learn as if you were to live forever*"
........... **Mahatma Gandhi**

2."*The true test of character is not how much you do, but how much we behave when we don't know what to do.*"
........... **John Holt**

3."*Your children are not your children. They are the sons and daughters of life longing for itself. They came through you, but not from you. You may give them your love, but not your thoughts, for they have their own thoughts*"
............ **Khalil Gibran**

4."*If you born poor, it's not your mistake. But if you die poor, it's your mistake*"
............ **Bill Gates**

5."*Well done is better than well said*"
........... **Benjamine Franklin**

6."*Believing everybody is dangerous. But believing nobody is more dangerous*"
............ **Abraham Lincoln**

7."*The greatest danger for most of us is not that our aim is too high and we miss it, but that it is too low and we reach it*"
............ **Michaelangelo**

8."*Don't expect your friend to be a perfect person. But, help your friend to becomr a perfect person. That is true friendship*"
............ **Mother Theresa**

9."*Darkness cannot drive out darkness, only light cad do that; Hate cannot drive out hate, only love can do that*"
........... **Martin Luther King**

10."*A pessimist sees the difficulty in every opportunity; an optimist sees the opportunity in every difficulty*"
.......... **Winston Churchil**

11."*Nowadays people know the price of everything and the value of nothing*"
.......... **Oscar Wilde**

12."*You never know how strong you are until being strong is the only choice you have*"
.......... **Bob Macley**

13."*A day without laughter is a day wasted*"
.......... **Charley Chaplin**

14."*The more you like yourself, the less you are like anyone else, which makes you unique*"
.......... **Walt Disney**

15."*Opportunities are missed by most people because it is dressed in overalls and look like hard work*"
.......... **Thomas Edison**




SATHYAN K. P.
LIBRARIAN CTRL. LIBRARY



# ഒന്നിനുമല്ലാത്ത

ഒരു വേള നാളെയോർമ്മയിലിവ
തങ്ങി നിന്നേക്കാം.
ചിലപ്പോൾ കാറ്റിലലിഞ്ഞ
മേഘമാല പോലെ
അപ്രത്യക്ഷമായേക്കാം.
എങ്കിലും നിമിഷങ്ങൾക്ക്
ജീവ ഗന്ധവും നിറവും നൽകാൻ
അക്കേക്ഷ്യകളാൽ വലയം ചെയ്യപ്പെട്ട
ഈ ചെറു ചതുരത്തിൽ
നിഷ്ക്കളങ്കവും ആത്മാർത്ഥവുമായ
പല വാഴ്‌വുകളുടെ
ഒത്തുചേരൽ നോക്കി
ചിരിക്കുന്ന നക്ഷത്രങ്ങളും
ഏകനാം ചന്ദ്രനും നമുക്കു ശേഷവും
കൺമിഴിച്ചു നോക്കുമ്പോൾ
ഒരിക്കലും തീരാത്ത
കുട്ടികളുടെ ആഹ്ലാദങ്ങളും,
പിന്നെയെവിടെയോയലയുന്ന
മുതിർന്നവരുടെ മനസ്സുകളും
പിന്നെ ജീവിതത്തോട്
നിരന്തരം കലഹിക്കുന്ന
ഒരിക്കലും തീരാത്ത
മോഹപ്പൂക്കളും,
വാക്കുകളിൽ കവിതയുടെ
നക്ഷത്ര വെളിച്ചം നിറച്ച്

ജീവരക്തത്തിലൂടെയൊഴുകുന്ന
ഒരിക്കലും പൂർത്തീകരിക്കാത്ത
കിനാവിന്റെ പ്രലോഭനമായ്
നിറയുന്നു ജീവനിലെങ്കിലും
ജീവിതം നൽകിയ സ്നേഹവും
വറ്റാത്ത കാരുണ്യവും നിറഞ്ഞ
മുഴുക്കവിതകളാണ്
ഓരോ ജീവനുമെന്നറിയുമ്പോൾ.
എനിക്ക് നിങ്ങളോരോരുത്തരും
വായിച്ചു തീരാത്ത കവിതകളും,
എനിക്കു ഞാനുത്തരമില്ലാത്ത
വെറും കടങ്കഥയുമാകവെ
നദിയൊഴുകുംപോലെ
ഇലകാറ്റിലിളകി വീഴാറായ
ഒരിലയുടെ കിനാവ്
കൊത്തിയെടുത്തു പറക്കുന്ന
മരതക പ്രാവിൻകൂട്ടം പോലെ
അതിത്ര മാത്രം
നിങ്ങളോടൊപ്പം
ജീവിച്ചിരിക്കുന്നുവെന്നതാണ്
എന്റെ വാഴ്‌വിന്റെ മേന്മ.
അനുഭവങ്ങളെന്നെ കൊത്തി തിന്നുമ്പോൾ,
ഒരുപാട് ജീവനുകളോട്
ഒന്നിനുമല്ലാതെയിതുവരെ
സ്വകാര്യം പറഞ്ഞു



SAMEER MUHAMMED
ARISTAEUS '10

# കളിയിൽ ഒരല്പം കാര്യം

അന്നൊക്കെ ഒരുപാട് അതിശയിച്ചിട്ടുണ്ട്. എവിടെനിന്നൊക്കെയോ വന്നവർ... എവിടെയൊക്കെയോ എത്താൻ കൊതിച്ചവർ... മത്സരപ്പരീക്ഷയെന്ന അതിർവരമ്പിനിപ്പുറം എങ്ങനെയൊക്കെയോ ആർക്കൊക്കെയോ വേണ്ടി ഈ ഹോർട്ടിയിൽ എത്തുമ്പോൾ എല്ലാം മറക്കുന്നു. ഒന്നായി മാറുന്നു. പരാതികളില്ലാതെ. പരിഭവങ്ങളില്ലാതെ, എല്ലാം ഒരുമിച്ചു കൊണ്ടുപോകുന്നു. വിജയങ്ങളും പരാജയങ്ങളും ഒരുപോലെ ആസ്വദിക്കുന്നു. ഇവിടെ ഈ അന്തരീക്ഷത്തിൽ എന്തോ ഒരു അദൃശ്യ ശക്തിയുണ്ട്. ഇവിടുത്തെ ഓരോ അണുവിലും 'ഹോർട്ടിക്കോസ്' എന്ന വികാരമുണ്ടത്രേ! ആദ്യമൊക്കെ അവന് അതൊരു പുതുമയായിരുന്നു. പിന്നീട് എല്ലാവരും ഹൃദയത്തോടു ചേർത്തുനിർത്താൻ തുടങ്ങിയപ്പോൾ അവനും തിരിച്ചറിഞ്ഞു, വാക്കുകൾക്കപ്പുറം വർണ്ണനയിൽ ഒതുക്കാൻ കഴിയാത്ത ആ അദൃശ്യശക്തിയെ... ഹോർട്ടിക്കോസ് എന്ന വികാരാഗ്നിയെ... പക്ഷെ, രാഷ്ട്രീയ വേർത്തിരിവിൽ അന്ന്

ഹോർട്ടിയെ രണ്ടാം സ്ഥാനത്തേക്കു തള്ളിനീക്കിയതു വിഷമത്തോടെ അവനും നോക്കിനിന്നു.

കാലത്തിന്റെ നീരൊഴുക്കിൽ ക്രമേണ ഹോർട്ടിക്കോസ് എന്ന ലഹരി അവനെയും വല്ലാതങ്ങ് കീഴടക്കി. പിന്നീടുള്ള ഓരോ ദിവസങ്ങളും നിമിഷങ്ങളും അവൻ നന്നായി ആസ്വദിച്ചു. "ആജ്ഞാപിക്കാൻ ആർക്കും സാധിക്കും. അനുസരിപ്പിക്കാൻ ആജ്ഞാപനവും പ്രവൃത്തിയും വേണം. അതുവഴിയാണ് വിശ്വാസം നേടേണ്ടത്." അനിഷേധ്യ നേതാവിന്റെ സ്വരം എന്നും അവന് കരുത്തേകി. എല്ലാറ്റിനേയും ശൂന്യമായി കാണുന്ന കൂട്ടത്തിന് മുഖം കൊടുക്കാതെ അവൻ വളയം പിടിക്കാൻ തുടങ്ങി... ഹോർട്ടിക്കോസ് കുതിപ്പ് തുടർന്നുകൊണ്ടേയിരുന്നു. അങ്ങനെ'കൊളാഷ്' കൊണ്ടു ചരിത്രം തീർത്ത് സംസ്കൃതി' 12 ൽ ഹോർട്ടിക്കോസ് ഗോൾഡൻ ലേഡിയെ മുത്തമിട്ടു. ആദ്യചുംബനം. അവൻ എല്ലാം മറന്ന് ആനന്ദലഹരിയിൽ തിമിർത്താടി.

അനുഭവങ്ങളുടെ പാഠപുസ്തകത്തിൽ അപൂർണ്ണമായ വാചകങ്ങളുടെ ഏടുകൾ കൂട്ടിച്ചേർത്തുകൊണ്ട് ഇരുട്ടും വെളിച്ചവും വന്നുപോയി... അവൻ ആരുടെയൊക്കെയോ അമരക്കാരനായി. അവൻ ഹോർട്ടിയുടെ കപ്പിത്താന്മാരിൽ ഒരാളായി. തന്നിൽ സർവ്വവിശ്വാസവുമർപ്പിച്ച് അരങ്ങിൽ തിലകക്കുറിയണിഞ്ഞ അനുജത്തി. അമ്മയുടെ വേർപാടിലും കഥാപാത്രമായി അരങ്ങ് തകർത്ത അനുജൻ - ഇവരെല്ലാം അവനിൽ ആത്മവിശ്വാസത്തിന്റെ, ഒരുപക്ഷേ ആത്മധൈര്യത്തിന്റെ നവ്യാനുഭവമായി മാറി. ഒടുവിൽ ആ ആത്മവിശ്വാസത്തിനും, ആത്മധൈര്യത്തിനും, പ്രതീക്ഷയ്ക്കും വേദനകൾക്കും മുന്നിൽ ഗോൾഡൻ ലേഡി വീണ്ടും തലകുനിച്ചു. ഒരിക്കൽക്കൂടി അവൻ ചുംബിച്ചു. യുവ' 13 ഹോർട്ടിയുടെ മുറ്റത്തെത്തി...

'കുഞ്ഞിരാമൻ' നാടകവേദിയിൽ ജീവിതം വരച്ചുകാട്ടുവാൻ തയ്യാറെടുത്തുകൊണ്ടിരുന്നു. ആ അരങ്ങിന് ഒരുപാട് കഥകൾ പറയാനുണ്ട്. കെട്ടഴിഞ്ഞതും, അഴിയാത്തതുമായ പല പല കഥകൾ. ഒരുപാട് പോരാട്ടങ്ങളുടെ. കലഹങ്ങളുടെ, വളർച്ചയുടെ, സ്നേഹബന്ധങ്ങളുടെ, അങ്ങനെയങ്ങനെ... അവസാനം ഗോൾഡൻ ലേഡിയെ ദൈവം വീണ്ടും ഹോർട്ടിയിലേക്ക് മടക്കിയയച്ചു - സൃഷ്ടി' 14 ലൂടെ...

നാലുവർഷത്തിന് ഒരു നെടുവീർപ്പിന്റെ ദൈർഘ്യം മാത്രമേയുള്ളൂ എന്നു തോന്നിച്ചുകൊണ്ട് ഒടുവിൽ ഹോർട്ടിയുടെ പുറം വാതിൽക്കൽ അവനും എത്തി. 'കുഞ്ഞിരാമൻ' നാടകശാലയിൽ തിരക്കിട്ട പണിയിലേർപ്പെടുമ്പോൾ അവനവിടെ ഒരു കാഴ്ചക്കാരൻ മാത്രമാണ്. പഴയ തിരക്കുകളൊന്നുമില്ല. എങ്കിലും അവൻ കണ്ടു. ഹോർട്ടി മാറിക്കൊണ്ടിരിക്കുന്നു. നേതാക്കൾക്ക് അണികളുടെ കാലുപിടിക്കേണ്ട അവസ്ഥയുണ്ടാവുന്നു. ഒന്നിച്ചുള്ള ഈ ഒഴുക്കിലും ഇടയിലെവിടെയൊക്കെയോ ചിലർ ദിശമാറി ഒഴുകുന്നതും ഒരുമിച്ചൊഴുകാൻ മടിച്ചു മാറിനിൽക്കുന്നതും അവൻ തിരിച്ചറിയുന്നു. മനസ്സിൽ എന്തോ ഒരു നീറ്റൽ പോലെ. തുറന്നു കിടന്ന വാതിലിലൂടെ ചക്രവാളത്തിലേക്ക് കണ്ണുംനട്ട് അവൻ അന്വേഷിച്ചു. ഒടുവിൽ ഉത്തരം കിട്ടാതെ ആതിഥേയത്വം കാട്ടിയ ഹോർട്ടിയുടെ പടികളിലൂടെ അവൻ തിരിച്ചിറങ്ങുന്നു... നേർത്തു നേർത്തു വരുന്ന ശബ്ദതരംഗങ്ങളെ അവൻ ഒരിക്കൽക്കൂടി ജിജ്ഞാസയോടെ ശ്രവിച്ചു.

"Third and final call for DM 97... Nine... Seven..."

(ഗോൾഡൻ ലേഡി ഇപ്പോൾ ഹോർട്ടിയുടെ ആരാധനാലയത്തിലാണ്... ഹാട്രിക് വിജയവുമായി ഹോർട്ടിക്കോസ് അവിടെ തലയുയർത്തി നിൽക്കുന്നു. സംസ്കൃതി' 12, യുവ' 13, സൃഷ്ടി' 14...)

(കഥ തുടരും)

■

Dr. SUSANNAMMA KURIAN
DEPT. OF ENTOMOLOGY



# ഞാൻ അനുഭവിച്ചറിഞ്ഞ
# 1999-ലെ

പൊതുവേ എഴുതാൻ അശേഷം താൽപ്പര്യമില്ലാത്ത എന്നെ ഇങ്ങനെയൊരു ലേഖനം എഴുതുവാൻ പ്രേരിപ്പിച്ചത് ഇപ്രാവശ്യത്തെ Student editor ആയ അഖിഷ വന്ന് 'മിസ്സൊരു ലേഖനം മാഗസിനിലേക്കു എഴുതിതരണം' എന്ന് ആവശ്യപ്പെട്ടതാണ്. ഇതിനു സ്റ്റാഫ് എഡിറ്ററും എന്റെ സഹപാഠിയും സുഹൃത്തുമായ Dr. കെ. നന്ദിനിയും പ്രോത്സാഹനം നൽകി. " നിങ്ങളെപ്പോലെ സമർത്ഥരായ എഴുത്തുകാരുള്ളപ്പോൾ ഞാനൊക്കെ എന്തെഴുതുവാനാണ്" ഞാൻ മറുപടി പറഞ്ഞു. എന്നാൽ പിന്നെയും എന്നെ നിർബന്ധിച്ചപ്പോൾ ഒന്ന് ശ്രമിക്കാമെന്നു ഞാനും വിചാരിച്ചു.

എന്തെഴുതണമെന്ന ചിന്തയിലിരിക്കുമ്പോഴാണ് 2014 സെപ്തംബറിൽ കാശ്മീരിലെ അതിശോചനീയമായ പ്രളയവും നാശനഷ്ടവും നമ്മൾ മാധ്യമങ്ങളിലൂടെ വായിക്കാനിടയാകുന്നത്. അതെനിക്ക് പ്രചോദനമായി. 1999 ഒക്ടോബർ മാസത്തിന്റെ അവസാനദിവസങ്ങളിൽ ഇതിനു സമാനതരമായി. ഞാൻ നേരിൽ അനുഭവിച്ചറിഞ്ഞ അന്നത്തെ ഒറീസ്സയിലെ കൊടുങ്കാറ്റിനെക്കുറിച്ച്, എന്റെ ഓർമ്മകളിൽ ഇപ്പോഴും ഭീതിയോടെ തങ്ങിനിൽക്കുന്ന അനുഭവകഥകൾ

എന്റെ ഭാഷയിൽ തന്നെ എഴുതണമെന്ന് എനിക്കു തോന്നി.

ഞാൻ 1999ൽ കശുമാവ് ഗവേഷണ കേന്ദ്രത്തിലെ All India Cordinated Cashew Research Programme, Associate Professor ആയി ജോലി ചെയ്തിരുന്ന കാലം. എല്ലാ 2 വർഷം കൂടുമ്പോഴും നമ്മൾ ചെയ്ത ഗവേഷണ പദ്ധതികളുടെ ഒരു അവലോകനം നടത്തുന്നതിനായി രാജ്യത്തിന്റെ ഇതുപോലെയുള്ള മറ്റു കേന്ദ്രങ്ങളിൽ വച്ച് മൂന്നുനാലു ദിവസത്തെ വർക്ക്ഷോപ്പ് നടത്തും. നിർഭാഗ്യവശാൽ 1999ലെ വർക്ക്ഷോപ്പ് ഒറീസ്സയിലെ ഭുവനേശ്വർ കാർഷിക സർവ്വകലാശാലയിൽ വെച്ചായിരുന്നു. അതിനായി കശുമാവ് ഗവേഷണ കേന്ദ്രത്തിലെ തലവനായ Dr.എം. അബ്ദുൾ സലാമും (ഇപ്പോഴത്തെ കാലിക്കറ്റ് സർവ്വകലാശാല വൈസ് ചാൻസലർ) ഞാനും കൂടി ഒക്ടോബർ 27ന് ട്രെയിനിൽ എ.സി. കോച്ചിൽ യാത്ര തുടങ്ങി. 29ന് അതിരാവിലെ ഭുവനേശ്വറിൽ എത്തി. ഇതുപോലെത്തന്നെ കേരളത്തിലെ CPCRI, കാസർഗോഡിലെ ക്ഷണിക്കപ്പെട്ട ഗവേഷകർ, Directorate of Cashewnut & Cocoa Development, കൊച്ചിയിലെ Director ആയ ശ്രീ. ബാലസുബ്രഹ്മണ്യം, മറ്റു സഹപ്രവർത്തകർ, അതുപോലെ ഇന്ത്യയിലെ മറ്റു കേന്ദ്രങ്ങളിലെ ഗവേഷകർ എല്ലാവരും കൂടി ഏകദേശം നൂറുപേരോളം അവിടെയെത്തിക്കഴിഞ്ഞു. ഒക്ടോബർ 29 മുതൽ നവംബർ 1 വരെയുള്ള ദിവസങ്ങളാണ് വർക്ക്ഷോപ് നടത്താൻ തീരുമാനിച്ചിരുന്നത്.

29ന് ട്രെയിനിറങ്ങി Campus ൽ എത്തുമ്പോൾ തന്നെ ചെറുതായി മഴ പെയ്യുകയായിരുന്നെങ്കിലും മനസ്സിൽ വരും ദിവസങ്ങളിലെ പ്രസന്റേഷന്റെ ഭീതിയിൽ ചൂടനുഭവപ്പെട്ടിരുന്നു. കാരണം ഞങ്ങളുടെ Director & Cordinator ആയ Dr.ഇ.വി.വി. ഭാസ്ക്കര റാവു (ജീവിച്ചിരിപ്പില്ല) ഒരു 'terror' ആയിരുന്നു. എന്തവതരിപ്പിച്ചാലും വിമർശനം തുടങ്ങും. ഗവേഷകരെ കരയിപ്പിക്കുന്നത് ഒരു ആനന്ദമായി കാണുന്ന വ്യക്തിയാണ് അദ്ദേഹം. ഞാനും കരഞ്ഞത് ഞാനോർക്കുന്നു.

29 രാവിലെ വർക്ക്ഷോപ്പ് 9മണിക്ക് ഉദ്ഘാടനത്തോടുകൂടി സർവ്വകലാശാലയിലെ Conferance hall ൽ തുടങ്ങുമ്പോഴും മഴപെയ്യുകയായിരുന്നു. അകത്ത് ചൂടുപിടിച്ച Presentation നടക്കുമ്പോൾ പുറത്ത് മഴയുടെയും കാറ്റിന്റേയും ശക്തി വർദ്ധിച്ചു വന്നു. ഇടവേള കഴിഞ്ഞ് അടുത്ത Session തുടങ്ങുമ്പോഴേക്കും കാറ്റിന്റെ ശക്തി അതിഭയങ്കരമായി വർദ്ധിക്കുകയും hall ലെ വിദ്യുഛക്തി നിലയ്ക്കുകയും, ജനൽപാളികളും, വാതിലുകളും ആഞ്ഞടിച്ച Presentation തുടരാൻ പറ്റാത്ത സാഹചര്യം വന്നപ്പോൾ ഞങ്ങൾക്കിതൊരു പുതുമയായിട്ടാണ് ആദ്യം തോന്നിയതെങ്കിലും, Director ഉടനെഅനൗൺസ് ചെയ്തു. "ഇതൊരു Cyclone ആണ്. We will stop for a while and see the Cyclone" അങ്ങനെഎല്ലാവരുംകൂടി Confrence hall ന്റെ വെളിയിലേക്ക് വന്നു നോക്കിയപ്പോൾ ഞങ്ങളെ സ്തബ്ധരാക്കിയ കാഴ്ചകളാണ് ഞങ്ങൾ കാണുന്നത്. ജനാലചില്ലുകൾ പൊട്ടിപ്പൊട്ടി താഴെ വീഴുന്നു. പുറത്ത് മരങ്ങളുടെ തലഭാഗം 360 ഡിഗ്രിയിൽ ചുറ്റിക്കറങ്ങി ഒടിഞ്ഞു പറന്നു വീഴുന്നതും, electric post കൾ നിലം പൊത്തുന്നതും ഒക്കെ... പതുക്കെപ്പതുക്കെ റോഡിലെ വെള്ളം ഉയരാൻ തുടങ്ങി. അപ്പോഴും director പറയുന്നത് "ഏകദേശം ഒരു മണിക്കൂറിനുള്ളിൽ ഇത് ശാന്തമാവുകയും കടൽതീരത്തേക്ക് ഒഴിഞ്ഞു പോകുകയും ചെയ്യുമെന്നാണ്. എന്നാൽ നോക്കി നിൽക്കെതന്നെ മുന്നോട്ട് ഒരടിപോലും വെക്കാൻപറ്റാത്ത സ്ഥിതിയിൽ വെള്ളം ഉയർന്നു. റോഡിലെങ്ങും തടസ്സങ്ങൾ മാത്രം. Current നിലച്ചു, വാർത്താവിനിമയ ബന്ധം എല്ലാം അറ്റുപോയി. മഴയും കാറ്റും അതിന്റെ പൂർവ്വാധികം ശക്തിയിൽ തുടർന്നു. എന്തുചെയ്യണമെന്നറിയാതെ എല്ലാവരും പകച്ചു നിൽക്കുകയാണ്. സന്തോഷമൊക്കെ പോയി. പതിയെ ഒരു ഭീതി അനുഭവപ്പെട്ടുതുടങ്ങി.

കുറെനേരം നോക്കിനിന്നിട്ടും തീവ്രത കൂടുന്നതല്ലാതെ കുറയുന്ന ലക്ഷണമൊന്നും കാണാഞ്ഞപ്പോൾ വർക്ക്ഷോപ്പ് തൽക്കാലത്തേക്ക് നിർത്താമെന്നും പറഞ്ഞ് ഞങ്ങൾ 5 സ്ത്രീകളെ ഒരു വാഹനത്തിൽ കയറ്റിനിട്ടു. പക്ഷെ കുറച്ചുദൂരം പോയെങ്കിലും റോഡുകൾ മുഴുവൻ ഒടിഞ്ഞുവീണും, electric post വീണ് തടസ്സങ്ങളായതിനാൽ ഗസ്റ്റ് ഹൗസ് വരെ നീന്തിയും നടന്നുമെത്തി. അവിടെ ചെന്നപ്പോൾ കാഴ്ച അതിഭീകരമായിരുന്നു. മിക്കമുറികളിലും കാറ്റടിച്ചതുമൂലം വെള്ളം തളംകെട്ടികിടക്കുന്നു. ഇതെല്ലാം മാധ്യമങ്ങളിൽകൂടി അറിഞ്ഞ് വിഷമിച്ചിരിക്കുന്ന നാട്ടിലുള്ള നമ്മുടെ ബന്ധുക്കളുടെ നിസ്സഹായാവസ്ഥ... ഞങ്ങൾക്കാർക്കും അവരെ ഒരു വിവരവും അറിയിക്കുവാനായാതൊരു മാർഗവും മുന്നിലില്ല. അങ്ങനെഅന്നത്തെ ദിവസം ഉച്ചഭക്ഷണവും അത്താഴവുമൊക്കെ കഴിച്ച് മുറിയിലെ വെള്ളമൊക്കെ തേകികഴിഞ്ഞ് സാറന്മാരുടെ quarters ൽ നിന്നെത്തിച്ച മെഴുകുതിരി വെളിച്ചത്തിലൊക്കെ ആ രാത്രി കഴിച്ചുകൂട്ടി. പിറ്റേന്നു രാവിലെ വരെയുള്ള ഭക്ഷണസാമഗ്രികകൾ മാത്രമേയുള്ളുവെന്ന അറിയിപ്പും മെസ്സിൽ നിന്നു കിട്ടി. അങ്ങനെകൂടിവെള്ളവും ആഹാരവും ഒരു ചോദ്യചിഹ്നമായി മാറി.

പിറ്റേദിവസം (ഒക്ടോബർ 30) രാവിലെ പ്രാഥമിക ആവശ്യങ്ങൾ കഴിഞ്ഞ് മെസ്സ് ഹാളിൽ ഭക്ഷണത്തിനു ശേഷം, അവിടെ വച്ചുതന്നെ ഗ്രൂപ്പുകളായി ഓരോരുത്തരുടേയും വർക്ക് ചർച്ച ചെയ്ത് 1-2 മണിക്കൂറിനുള്ളിൽ Plenary session ഉം പേരിനായി നടത്തി biennial workshop അവസാനിച്ചതായി പ്രഖ്യാപിച്ചു. ഇത്രയും പേരെ തിരിച്ചയക്കാനുള്ള രക്ഷാമാർഗങ്ങളും, വിവിധ ആലോചനകളും തുടങ്ങി. അപ്പോഴേയ്ക്കും മഴ അല്പമൊന്നു ശാന്തമായി. വാഹനത്തിലാണെങ്കിൽ petrol കിട്ടാനില്ല. വഴിയിലെ തടസ്സങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ നീക്കാനുള്ള ശ്രമങ്ങൾ സർക്കാരിന്റെ ഭാഗത്തുനിന്നും തുടങ്ങിയിരുന്നു. ഞങ്ങളുടെ ഓരോരുത്തരുടെയും മനസ്സിലും ഏകദേശം ശൂന്യതയുടെ നിശ്വാസം മാത്രം. പല ചിന്തകളിലും ഞങ്ങൾ പങ്ക് ചേർന്നു. സർക്കാർ മേധാവികളുമായി ആലോചിച്ച് പ്രളയബാധിത പ്രദേശങ്ങളിൽ നിന്ന് അടുത്ത റെയിൽവേ സ്റ്റേഷൻ അല്ലെങ്കിൽ ബസ് സ്റ്റാൻഡിൽ എത്തിക്കാമെന്നു തീരുമാനമായി. ആദ്യത്തെ ബാച്ചിൽ സ്ത്രീയെന്ന നിലയ്ക്ക് എനിക്കും മുൻഗണ

നലഭിച്ചു. എന്നാൽ ഞാൻ വന്നവരുടെ കൂടെ തന്നെ തിരിച്ചുപോകാമെന്നു ഉറച്ചു തീരുമാനിച്ചിട്ട് അവിടെ തന്നെ കഴിച്ചുകൂട്ടി. ഭവിഷ്യത്തുകൾ എന്തുമാകട്ടെയെന്നു ഞാനും ചിന്തിച്ചു. DCCD Director ശ്രീ. ബാലസുബ്രഹ്മണ്യൻരെ സഹായത്തോടെ അവിടുത്തെ Orissa Cashew Director ടെ ഒത്താശയോടെ ഒറീസ്സയിൽ നിന്നു മദ്രാസിലേക്കുള്ള ആദ്യത്തെ വിമാനത്തിൽ മൂന്നുസീറ്റുകൾ തരപ്പെട്ടു. അങ്ങനെകൊടുങ്കാറ്റ് ശമിച്ചശേഷം എയർപോർട്ടിൽ നിന്നു ആദ്യം പറന്നുയർന്ന വിമാനത്തിൽ കയറിയത് എത്രയോ മഹാഭാഗ്യം!!

എന്നാൽ താമസസ്ഥലത്തുനിന്ന് എയർപോർട്ടിലേക്കുള്ള യാത്രയിൽ അതിഭീകരമായ കാഴ്ചകളാണ് കാണാൻ കഴിഞ്ഞത്. മേൽക്കൂരയില്ലാത്ത വീടുകൾ, തലപോയ മരങ്ങൾ, ചത്തുകിടക്കുന്ന നാൽക്കാലികൾ, കോഴികൾ വെള്ളം മുങ്ങിക്കിടക്കുന്ന വീടുകൾ, വീടുകളുടെ മേലെ വീണു കിടക്കുന്ന വലിയ മരങ്ങൾ.... ഇങ്ങനെഅനവധി കാഴ്ചകൾ അപ്പോഴാണ് പ്രകൃതിയുടെ അതിക്രൂരമായ മുഖത്തിന്റെ കാഠിന്യം മനസ്സിലായത്. എന്നാൽ ഞങ്ങളുടെയെല്ലാം മനസ്സിൽ എങ്ങനെയും രക്ഷപ്പെടുക എന്ന ഒരൊറ്റ ചിന്ത മാത്രമേയുള്ളൂ. ഒടുവിൽ ഭുവനേശ്വർ എയർപ്പോട്ടിൽ എത്തി മദ്രാസിലേക്കുള്ള ആദ്യ വിമാനം കയറി. മനസ്സിൽ ആശ്വാസത്തിന്റെ തെല്ലൊരു നിഴൽ വീശി. രാത്രി എട്ടുമണിയോടുകൂടി മദ്രാസിൽ എത്തി. ആശ്വാസത്തിന്റേയും സന്തോഷത്തിന്റേയും ദിവസം. പിറ്റേന്നു രാവിലെ പതിനൊന്നു മണിക്കുള്ള Cochin flight ൽ കയറി നാട്ടിൽ തിരിച്ചെത്തി. വിമാനം കൊച്ചിയിൽ ഇറങ്ങുമ്പോൾ വലിയ ഒരു ദുരന്തത്തിൽ നിന്നും രക്ഷപ്പെട്ടതിന്റെ ആശ്വാസവും ഉറ്റവരെയും ബന്ധുക്കളെയും കാണാമെന്നുള്ള സന്തോഷവും അതിലുപരി ദുരന്തത്തിലെ കാഴ്ചകൾ എന്നന്നേക്കുമായി മറക്കണമേ എന്നുള്ള പ്രാർത്ഥനയുമായി ഞങ്ങൾ റോഡുമാർഗ്ഗം വീട്ടിലേക്ക് യാത്രയായി.

നമ്മളൊക്കെ മാധ്യമങ്ങളിൽ കൂടി വായിച്ചാലും ചാനലുകളിൽക്കൂടി അറിഞ്ഞാലും അനുഭവങ്ങളുടെ തീവ്രത അനുഭവിച്ചറിഞ്ഞെങ്കിൽ മാത്രമേ മനസ്സിലാക്കാൻ പറ്റുകയുള്ളു. ഞാൻ രക്ഷപ്പെട്ട് നാട്ടിലെത്തിയെങ്കിലും അവിടെ ദുരിതം അനുഭവിച്ച ആൾക്കാരുടെ പിന്നീടുള്ള ജീവിതത്തെക്കുറിച്ച്, ജീവിതാനുഭവങ്ങളെക്കുറിച്ചു കുറെനാൾ ഓർമ്മയിൽ സൂക്ഷിച്ചെങ്കിലും കാലക്രമേണ അതെല്ലാം മറന്ന് നമ്മൾ നമ്മുടേതായ ലോകത്തിലേയ്ക്ക് തിരിയും. അങ്ങനെമറവി എല്ലാത്തിനും ഒരു പരിഹാരമായി മാറുമല്ലോ!!! ■



# പ്രണയം; ഒരു പ്രോജക്റ്റ്

NISHIDHA C. T.
NAKSHATHRA' 11



**ആമുഖം**

കമ്പനികൾ പ്രണയിക്കാനനുവദിച്ച സമയം,
രാത്രി പതിനൊന്ന് തൊട്ട്
രാവിലെ എട്ടുവരെ
ഓഫറുകളുടെ ഗണിതവാക്യത്തിലൊതുങ്ങാത്ത
പ്രണയങ്ങൾ കഷ്ടപ്പെട്ടതു തന്നെ!
പുതപ്പിനുള്ളിൽ ഒളിച്ചിരുന്ന്,
കറങ്ങിമടുത്ത ഫാനിന്റെ മൂക്കുതിരിച്ച്
പരമാവധിയുടെ കൊടുങ്കാറ്റാക്കി
പ്രിയപ്പെട്ടവളുടെ നമ്പറിലേക്ക്
രാപ്രണയത്തിന്റെ ഒരു ടിക്കറ്റ്.

പഠനലക്ഷ്യം

നമ്മെക്കുറിച്ച് സ്വപ്നം കാണുന്നവരെ
സ്നേഹം നൽകിയുറക്കി
മണിക്കൂറുകളെണ്ണിയുള്ള
ഫോൺ-ഇൻ-പ്രോഗ്രാം

പഠനരീതി

വാലിഡിറ്റി നഷ്ടപ്പെട്ട വാക്കുകൾകൊണ്ട്
കുടുംബചിത്രം വരച്ച്
പല്ലവികൾ കൊണ്ടുതന്നെ
അനുപല്ലവികൾ തീർക്കും
നഷ്ടപ്പെട്ട വാക്കുകളുടെ
വൻകര തേടി,
സ്വപ്നാടനം നടത്തും
എല്ലാത്തിനും
രാപ്രണയത്തിന്റെ ഒൻപതു മണിക്കൂർ

അപഗ്രഥനം

താലികെട്ടിനു മുമ്പുള്ള ഉടലറിവുകൾ
വെറും ശരീരങ്ങളുടെ ആത്മഭാഷണങ്ങൾ
സ്നേഹത്തിന്റെ പുതപ്പിൽ നഗ്നചിത്രങ്ങൾ,
ജിജ്ഞാസകൊണ്ടുള്ള വാത്സ്യായനങ്ങൾ

നിഗമനം

രാത്രിയുടെ ഹൃദയത്തിലെഴുതിയ
തത്വചിന്ത കണ്ട്
നിഴലുകൾ പരസ്പരം
നാണം മറച്ചു.

റിപ്പോർട്ട്

എട്ടുമണിയുടെ സുപ്രഭാതം
ഇന്നലെത്തുടങ്ങിയ പ്രണയകാണ്ഡത്തിൽ
അക്ഷരത്തെറ്റ് വരുത്തി
ഒടുവിൽ
ഏറെ നേരമായി കൊട്ടിയടച്ച
വാതിൽ തുറന്നപ്പോൾ
വിളിച്ചാൽ കേൾക്കാത്തിടത്തേക്ക്
അമ്മ പോയിരുന്നു
പാവം...
എന്നെ എത്ര വിളിച്ചുകാണും
മോനേ... എന്ന്



